## പതിനാറാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

2026 ഒക്ടോബർ 28, ബുധൻ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--330]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി | : 2516 മുതൽ 2590 വരെ |
| വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി | : 2591 മുതൽ 2662 വരെ |
| ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 2663 മുതൽ 2772 വരെ |
| മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 2773 മുതൽ 2845 വരെ |

**<u>കെ.എസ്.ബി.സി.ഡി.സി. മുഖേനെ ഒ.ബി.സി.യ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ</u>**

2516 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി.) മുഖേന നിലവിൽ ഒ.ബി.സി. വിഭാഗങ്ങൾക്ക് നൽകി വരുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ;

(ബി) ഒ.ബി.സി. വിഭാഗങ്ങൾക്ക് നൽകി വരുന്ന സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പാ തുകകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിദേശ സർവകലാശാലകളിൽ ഉന്നതപഠനം നടത്തുന്ന പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**<u>വിശ്വകർമ്മ സമുദായത്തിലെ പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമം</u>**

2517 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിലാളി വിഭാഗമായി പരിഗണിച്ച് പുറപ്പെടുവിച്ച G.O.(P) No. 76/2003/SC/ST ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും ലക്ഷ്യം, അനുവദിച്ച തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണ്;

(സി) പതിനഞ്ചാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വിശ്വകർമ്മ സമുദായത്തിലെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, നൈപുണ്യ വികസനം, ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കൽ, സാമ്പത്തിക സഹായം, സ്വയംതൊഴിൽ സംരംഭങ്ങളുടെ വികസനം, ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികളോ ആനുകൂല്യങ്ങളോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഒ.ബി.സി. വിഭാഗത്തിലെ വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം</u>

2518 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ രജിസ്ട്രേഷൻ ഉള്ള ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക സാമ്പത്തിക സഹായ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനിതാ സംരംഭകർക്ക് ലഭ്യമാക്കുന്ന സാമ്പത്തിക സഹായത്തിന്റെ പരമാവധി തുക എത്രയാണെന്നും സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ, അപേക്ഷിക്കേണ്ട രീതി, അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ വിശദമാക്കുമോ; അർഹരായ ഒ.ബി.സി. വനിതാ സംരംഭകർക്ക് പദ്ധതിയുടെ ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കൂടുതൽ വനിതകളെ സംരംഭക മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

2519 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജക മണ്ഡലത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ പുരോഗതിയും വിശദമാക്കാമോ?

<u>പട്ടികജാതി വികസന ഓഫീസുകളുടെ അഭാവം</u>

2520 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കാത്തത് മൂലം എസ്.സി. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നിർവഹണം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആരോപണം സംബന്ധിച്ച അഭിപ്രായം അറിയിക്കാമോ;

(ബി) എറണാകുളം ജില്ലയിൽ ഇത്തരത്തിൽ തസ്തിക സൃഷ്ടിക്കാൻ അവശേഷിക്കുന്ന മുനിസിപ്പാലിറ്റികൾ എത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡി പഠന റിപ്പോർട്ടിൽ എറണാകുളം ജില്ലയിൽ എത്ര പുതിയ പട്ടികജാതി വികസന ഓഫീസ് ആരംഭിക്കുന്നതിനു ശിപാർശ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ; ഇവിടങ്ങളിൽ ഓഫിസ് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഡി) മൂവാറ്റുപുഴ നഗരസഭ കേന്ദ്രമാക്കി പുതിയ പട്ടികജാതി വികസന ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>എസ്.സി പദ്ധതികൾ</u>

2521 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചമി ഗ്രാമം പദ്ധതിയെ കുറിച്ചും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ നഗറുകളുടെ പട്ടികയും വ്യക്തമാക്കാമോ;

(ബി) പഠന മുറി ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പഠന മുറി ധനസഹായം ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം പദ്ധതികൾ പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള തുക വിതരണത്തിന് വലിയ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി ധനസഹായം യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം</u>

2522 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണപദ്ധതികളിലൂടെ ആധുനിക സൗകര്യങ്ങളുള്ള വീടുകൾ നിർമ്മിച്ചു നൽകാൻ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ ജനസംഖ്യയുടെ എത്ര ശതമാനം പേർക്ക് ഇത്തരം വീടുകൾ ലഭ്യമായിട്ടുണ്ട്;

(ബി) സ്വാതന്ത്ര്യം കിട്ടി എൺപതാം വാർഷികം അടുത്തവർഷം ആഘോഷിക്കുമ്പോഴും പ്രസ്തുത വിഭാഗങ്ങളുടെ താമസം, ഭക്ഷണം, വിദ്യാഭ്യാസം, വരുമാനം, തൊഴിൽ തുടങ്ങിയ മേഖലകളിൽ മറ്റ് വിഭാഗങ്ങളോടൊപ്പം എത്തിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗങ്ങളുടെ തീവ്ര പിന്നോക്കാവസ്ഥ മാറ്റി ആധുനിക ജീവിതത്തിലേയ്ക്ക് കടന്നുവരാനുള്ള എന്തെല്ലാം സാമൂഹ്യപദ്ധതികളാണ് വിഭാവനം ചെയ്യുന്നത്;

(ഡി) ഗവേഷണ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം എത്രയെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ പലസ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകൾ മറ്റ് സമുദായക്കാർക്ക് മാറ്റികൊടുക്കരുതെന്ന് രണ്ട് പതിറ്റാണ്ടുകൾ മുമ്പ് കേരള സർവ്വകലാശാല ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷകരില്ലാത്ത സാഹചര്യങ്ങളിൽ ഇതര സമുദായങ്ങളിൽപ്പെട്ടവർക്ക് ഇവരുടെ സീറ്റുകൾ മാറ്റി നൽകുന്ന രീതി പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഇല്ലാതാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## 2021- 22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വിവരങ്ങൾ

2523 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുള്ള

വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം, വിദ്യാഭ്യാസം, സ്കോളർഷിപ്പ്, തൊഴിൽ, സ്വയംതൊഴിൽ, ഭൂവിതരണം എന്നിവയ്ക്കുള്ള ചെലവുകൾ സംബന്ധിച്ച കണക്ക് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുകയിൽ ചെലവഴിക്കാതെശേഷിക്കുന്ന തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

<u>പട്ടികജാതി പട്ടിക വർഗ്ഗ നൈപുണ്യ വികസനത്തിനായി ചെലവഴിച്ച തുക</u>

2524 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പട്ടികജാതി വിഭാഗത്തിന് നൈപുണ്യ വികസനത്തിനായി എത്ര രൂപ നീക്കി വെച്ചു; എത്ര രൂപ ചെലവഴിച്ചു; പദ്ധതികൾ ഏതെല്ലാം ആയിരുന്നു; ഓരോ പദ്ധതിക്കും എത്ര രൂപ ചെലവഴിച്ചു; ഇതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ നൈപുണ്യ വികസനത്തിനായി എത്ര രൂപ നീക്കി വെച്ചു; എത്ര രൂപ ചെലവഴിച്ചു; പദ്ധതികൾ ഏതെല്ലാമായിരുന്നു; ഓരോ പദ്ധതിക്കും എത്ര രൂപ ചെലവഴിച്ചു; വിശദമായ കണക്ക് ലഭ്യമാക്കുമോ;

(സി) പട്ടികജാതി വകുപ്പിലെ ഒരു ഡയറക്ടർ നൈപുണ്യവികസന പദ്ധതിയുമായി ബന്ധപ്പെട്ട് പണം തട്ടിയെടുത്തുവെന്ന് ആരോപിച്ചുകൊണ്ടുള്ള പരാതിയിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉന്നതികളുടെ വികസനവും തളിപ്പറമ്പിലെ നിലവിലെ സ്ഥിതിയും</u>

2525 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ/ഉന്നതികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഉന്നതി പദ്ധതിയുടെ ഭാഗമായ പല പ്രദേശങ്ങളിലും ഉന്നതികളിലേക്കും അതിനുള്ളിലേക്കും ആവശ്യത്തിന് റോഡ് സൗകര്യങ്ങളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഉന്നതികളിൽ ഗതാഗത സൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ച് വരുന്നത്;

(സി) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര ഉന്നതികളാണ് അംഗീകാരത്തോടെ പ്രവർത്തിക്കുന്നത്; ഇവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) തളിപ്പറമ്പ് മണ്ഡലത്തിലെ ഉന്നതികളിലെ നിവാസികൾ അഭിമുഖീകരിക്കുന്ന യാത്രാപ്രശ്നം ഉൾപ്പെടെയുള്ള അടിസ്ഥാന വിഷയങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>**പട്ടികജാതി പട്ടിക വിഭാഗങ്ങൾക്കായുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പും ഫണ്ട് വിനിയോഗവും**</u>

2526 **ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. വി. മുരളീധരൻ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന, പ്രധാനമന്ത്രി ജനജാതിയ ഉന്നത് ഗ്രാം അഭിയാൻ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനത്തെ നിലവിലെ നിർവഹണ പുരോഗതി വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രസർക്കാർ നൽകിയ തുക എത്രയാണെന്നും അതിൽ എത്ര തുക വിനിയോഗിച്ചെന്നും കൃത്യസമയത്ത് ഫണ്ട് ചെലവഴിക്കാത്തത് മൂലം

തുക വക മാറ്റുകയോ കേന്ദ്രത്തിലേക്ക് തിരിച്ചേടുക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വിശദമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസ്കോളർഷിപ്പുകൾ ഇ-ഗ്രാൻഡ്സ് വിതരണത്തിലെ കാലതാമസം കാരണം തടസ്സപ്പെടുന്നുണ്ടോ; ഇത് പരിഹരിച്ച് അർഹരായ മുഴുവൻ വിദ്യാർഥികൾക്കും തുക സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഡി) പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, ഭവന നിർമ്മാണം, കുടിവെള്ളം, സോളാർ വൈദ്യുതി വിതരണം എന്നിവയ്ക്കായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വികസന പദ്ധതികളുടെ സംസ്ഥാനത്തെ നിർവഹണത്തിലെ പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>പുതിയ മുനിസിപ്പാലിറ്റികളിലെ പട്ടിക ജാതി വികസന ഓഫീസുകൾ</u>**

2527 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ ഇത്തരത്തിൽ തസ്തിക സൃഷ്ടിക്കാൻ അവശേഷിക്കുന്ന മുനിസിപ്പാലിറ്റികൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വികസനവകുപ്പ് നടത്തിയ പഠന റിപ്പോർട്ടിൽ കൊല്ലം ജില്ലയിൽ എത്ര പുതിയ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇവിടങ്ങളിൽ പുതിയ പട്ടികജാതി വികസന ഓഫീസുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>നൂറുദിന കർമപരിപാടിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികൾ</u>**

2528 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി പട്ടികജാതി–പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രിയദർശിനി സ്വയംതൊഴിൽ വായ്പാ പദ്ധതിയിലൂടെ പലിശരഹിത വായ്പ ലഭിച്ചവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി–പട്ടികവർഗ വികസന വകുപ്പുകളുടെ തനത് ഭവനപദ്ധതികൾക്ക് രൂപപ്പെടുത്തിയ പുതിയ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ പ്രയോജനം അർഹരായ എല്ലാവരിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികളുടെ രക്ഷകർത്താക്കൾക്കുള്ള വിവാഹ ധനസഹായം</u>**

2529 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിന് രക്ഷകർത്താക്കൾക്ക് പട്ടികജാതി വകുപ്പ് വഴി ലഭിക്കുന്ന ധനസഹായം ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നടപ്പു സാമ്പത്തികവർഷം മുതൽ മുടക്കം കൂടാതെ ടി ധനസഹായം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

**<u>പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായുള്ള നടപടികൾ</u>**

2530 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന എത്ര ഉന്നതികൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കാമോ; അവ ഓരോന്നിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന അറിയിക്കാമോ;

(ബി) കഴിഞ്ഞ 5 വർഷത്തിൽ പ്രസ്തുത ഉന്നതികളുടെ വികസനത്തിനായി എത്ര തുക അനുവദിച്ചെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും ജില്ല തിരിച്ച്

അറിയിക്കാമോ;

(സി) പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഏതൊക്കെ ഉന്നതികൾക്ക എത്ര തുക വീതം അനുവദിച്ചെന്ന് ഉത്തരവ് നമ്പർ, തീയതി എന്നിവ സഹിതം അറിയിക്കാമോ?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്ക് ചികിത്സാ സൗകര്യങ്ങൾ</u>

2531 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ബാധിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് നിലവിൽ ലഭ്യമാക്കുന്ന സൗജന്യ ചികിത്സാ സഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാരക രോഗങ്ങൾ ബാധിക്കുന്ന നിർദ്ധനരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് പുറമെ, അടിയന്തര പ്രാധാന്യമുള്ള വിദഗ്ധ ചികിത്സ സ്വകാര്യ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സാമ്പത്തികമായി ഏറെ പ്രയാസം അനുഭവിക്കുന്ന പ്രസ്തുത വിഭാഗക്കാർക്ക് സ്വകാര്യ ആശുപത്രികളിലെ വിലകൂടിയ ചികിത്സകളും മരുന്നുകളും പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കാൻ പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വൈദ്യസഹായ പദ്ധതികൾ വഴിയും കാസ്പ്/കാരുണ്യ ബെനവലന്റ് ഫണ്ട് വഴിയും ലഭിക്കുന്ന സാമ്പത്തിക സഹായത്തിന്റെ പരിധി വർദ്ധിപ്പിക്കാനും സ്വകാര്യ എംപാനൽഡ് ആശുപത്രികൾ വഴി തടസ്സമില്ലാതെ ക്യാഷ്ലെസ്സ് ചികിത്സ ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള വിവിധ ധനസഹായ പദ്ധതികളുടെ കുടിശ്ശികയും വിതരണവും</u>

2532 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഏക വരുമാനദായകന്റെ മരണം ധനസഹായ പദ്ധതി പ്രകാരം നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ അർഹരായ എത്ര അപേക്ഷകർക്ക് ഇനി ധനസഹായം അനുവദിക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ടി-ഗ്രാന്റ് (T-Grant) മുഖേനയുള്ള ചികിത്സാ ധനസഹായ തുക ലഭ്യമാക്കാത്ത എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ട്; പ്രസ്തുത ഇനത്തിൽ ഇനി എത്രപേർക്കാണ് ധനസഹായം നൽകാനുള്ളത്;

(സി) വകുപ്പ് മുഖേന നൽകിവരുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ ഇനങ്ങളിലായി എത്രപേർക്ക് തുക അനുവദിക്കാൻ കുടിശ്ശികയുണ്ട്; ഇതിനായി എത്ര തുക ഇനി അനുവദിക്കേണ്ടതുണ്ട്; പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ പദ്ധതികളിലെ അപേക്ഷകരുടെ കുടിശ്ശിക തീർപ്പാക്കുന്നതിനും തുക വേഗത്തിൽ ലഭ്യമാക്കുന്നതിനും വകുപ്പ് എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇതിനായി ആവശ്യമുള്ള തുക എന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>അറനാടൻ ഗോത്ര വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ</u>

2533 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിമ മനുഷ്യരിൽപ്പെട്ട അറനാടൻ ആദിവാസി ഗോത്ര വിഭാഗത്തിൽ ഇരുന്നൂറോളം പേരാണ് അവശേഷിക്കുന്നതെന്നും പ്രസ്തുത ഗോത്ര വിഭാഗം അന്യം നിന്നു പോവുകയാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിന് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചു നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് വനംവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ തൊഴിൽ നൽകുവാനുള്ള പ്രൊപ്പോസലുകൾ പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പ് മുഖേന നൽകുമോ;

**പട്ടികജാതി വനിതകളുടെ സ്വയം തൊഴിൽ സഹായ പദ്ധതി**

2534 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വനിതകളുടെ സാമ്പത്തിക സുരക്ഷയും, സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക സ്വയം തൊഴിൽ സഹായ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൽ പരമാവധി എത്ര തുകയാണ് സഹായധനമായി നൽകുന്നത്?

**പട്ടികജാതി ട്രൈബൽ സർവ്വകലാശാല**

2535 **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ വിദ്യാഭ്യാസവും തൊഴിലും മെച്ചപ്പെടുത്തുന്നതിനായി ട്രൈബൽ സർവ്വകലാശാല സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) സർവ്വകലാശാലയുടെ പ്രവർത്തനപരിധിയിൽ ഗോത്രവർഗ്ഗ-ആദിവാസികളുടെ പാരമ്പര്യ അറിവുകളുടെ സംരക്ഷണം, സംസ്കാരം, ഗവേഷണം എന്നിവ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സർവ്വകലാശാല എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

**പഞ്ചമി പദ്ധതിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**

2536 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന പഞ്ചമി പദ്ധതിയിലേക്ക് ഉന്നതികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) ഒരു വർഷം എത്ര ഉന്നതികളെ വരെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുമെന്നും പരമാവധി എത്ര തുക വരെ ഓരോ ഉന്നതിയിലേക്കും ചെലവഴിക്കുമെന്നും എന്തെല്ലാം വികസന ക്ഷേമ പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) കുട്ടനാട് നിയമസഭാ മണ്ഡലത്തിലുള്ള ഏതൊക്കെ ഉന്നതികളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നതെന്നും തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

**എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഫീസ് ഇളവ്**

2537 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 17.10.2013- ലെ ജി.ഒ (എം എസ്)നം.31/13/ഐ.ടി.ഡി. നമ്പർ ഉത്തരവ് പ്രകാരം എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഏതെല്ലാം സേവനങ്ങൾക്കാണ് ഫീസ് ഇളവ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇതു പ്രകാരം ഓരോ സേവനങ്ങൾക്കും ലഭിക്കുന്ന ഇളവ് നിഷേധിക്കുന്നത് സംബന്ധിച്ച് വകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഓരോ സേവനത്തിനും ഫീസ് ഇളവ് എത്ര രൂപയാണെന്നും നിയമാനുസൃതം ഒടുക്കേണ്ട ഫീസ് എത്ര രൂപയാണെന്നും എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള അപേക്ഷകരെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികൾ**

2538 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളാണുള്ളതെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പട്ടികജാതി ഉന്നതിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; അതിൽ ഫീസിബിലിറ്റി ഉള്ളവയും ഇല്ലാത്തവയും തരംതിരിച്ച് വിശദാംശം നൽകാമോ;

(സി) പാറശ്ശാല മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം അനുമതി ലഭിച്ചതും പ്രവൃത്തി പുരോഗമിക്കുന്നതുമായ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളുടെ വിശദാംശം, നിർവ്വഹണ ഏജൻസി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം അനുമതി ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തി പുരോഗമിക്കാത്ത പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളുടെ വിശദാംശം, നിർവഹണ ഏജൻസി, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരമോ പഞ്ചമി ഗ്രാമം പദ്ധതി പ്രകാരമോ മണ്ഡലത്തിൽ പുതുതായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

**<u>അംബേദ്കർ ഊര് വികസന പദ്ധതി</u>**

2539 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ നഗറുകളുടെ നവീകരണത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കുന്ന അംബേദ്കർ ഊര് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കൊല്ലൻകുന്ന് നഗർ, വാദ്ധ്യാർ ചള്ള നഗർ എന്നിവയുടെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണത്തിനായി പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിലെ പഞ്ചമി ഗ്രാമം പദ്ധതി</u>**

2540 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചമി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി നഗറുകളെ നവീകരിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ?

**<u>ധനസഹായം വിതരണം ചെയ്യുന്നതിലെ കുടിശ്ശിക</u>**

2541 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പഠനമുറി, സേഫ്, ചികിത്സാ സഹായം, ഏക വരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം, വിവാഹ ധനസഹായം, വിദേശ പഠന ധനസഹായം തുടങ്ങിയ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ കഴിയാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ പദ്ധതികളിലും എത്ര വർഷത്തെ/എത്ര മാസത്തെ, എത്ര വീതം രൂപ കുടിശ്ശിക ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക തുക എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>ഇ- ഗ്രാന്റ്സ്</u>**

2542 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് സമയബന്ധിതമായി ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-ഗ്രാന്റ്സ് വിതരണത്തിൽ നിലവിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം, തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇ-ഗ്രാന്റ്സ് തുക വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

**<u>കല്ല്യാശ്ശേരി പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി</u>**

2543 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകവരുമാനദായകർ മരണപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നുള്ള എത്ര കുടുംബങ്ങളുടെ അപേക്ഷയിലാണ് ധനസഹായം അനുവദിയ്ക്കാൻ ശേഷിക്കുന്നത്; പ്രസ്തുത അപേക്ഷകർക്ക് ധനസഹായം എന്ന് അനുവദിച്ച് കിട്ടുമെന്ന് വിശദമാക്കാമോ?

**<u>അംബേദ്കർ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ആസ്തികൾ സംരക്ഷിക്കുന്നതിന് 'മൈക്രോ പ്ലാൻ'</u>**

2544 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതികളുടെ സമഗ്രവികസനത്തിനായി അംബേദ്കർ പദ്ധതി പ്രകാരം നിർമ്മിക്കുന്ന സാംസ്കാരിക നിലയങ്ങൾ, പഠന മുറികൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ എന്നിവയുടെ നിർമ്മാണത്തിന് ശേഷം അവ കൃത്യമായി സംരക്ഷിക്കുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ഉള്ള തുടർച്ചയായ സംവിധാനം ഇല്ലാത്തത് കാരണം കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ആസ്തികൾ നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് സ്ഥായിയായ ഒരു പരിഹാരം കണ്ടെത്തുന്നതിനായി ഒരു മൈക്രോ പ്ലാൻ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച പഠന മുറികൾ</u>**

2545 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന എത്ര പഠന മുറികൾ പട്ടികജാതി കുട്ടികൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>പട്ടിക വർഗ്ഗ വകുപ്പ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വർക്കുകൾ</u>**

2546 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വകുപ്പ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പണികൾ പൂർത്തീകരിച്ച ശേഷം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം വിശദമായി പരിശോധിച്ച് അയയ്ക്കുന്ന ബില്ലുകൾ വീണ്ടും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കുന്നതു മൂലം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും, കരാറുകാർക്ക് യഥാസമയത്ത് തുക അനുവദിക്കുന്നതിനും കാലതാമസം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മരാമത്ത് പ്രവൃത്തികളിൽ ഭരണാനുമതി</u>

2547 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിന് ശേഷം വീണ്ടും വർക്ക് ഓർഡർ നൽകിക്കൊണ്ടുള്ള പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ലഭിക്കുന്നതിലെ കാലതാമസം പദ്ധതി നടത്തിപ്പിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>2016-2021, 2021-2026 കാലയളവിൽ സ്ഥലവും വീടും നൽകിയവരുടെ എണ്ണം</u>

2548 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ പട്ടികജാതി വികസന വകുപ്പു മുഖേന എത്ര പേർക്കാണ് ഭൂമിയും വീടും നൽകിയിട്ടുള്ളത്; ഓരോ 5 വർഷത്തെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പട്ടികജാതിയിൽപ്പെട്ട എത്ര പേർ നിലവിൽ ഭൂരഹിതരും ഭവനരഹിതരും ആയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**2016-2021, 2021-2026 പട്ടികജാതി ചികിത്സാ ധനസഹായം**

2549 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 2021, 2021- 2026 കാലയളവുകളിൽ ചേലക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; ഓരോ 5 വർഷത്തെയും ആകെ തുകയും എണ്ണവും അടക്കമുള്ള കണക്ക് പ്രത്യേകം വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ചേലക്കര മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ ആകെ തുകയും അനുവദിച്ചവരുടെ എണ്ണവും വ്യക്തമാക്കാമോ?

**ഇ-ഗ്രാന്റ്സ്**

2550 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ഇ-ഗ്രാന്റ്സ് ഏതൊക്കെയാണെന്ന് തരംതിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ പോയി പഠിക്കുന്നതിനുള്ള സ്കോളർഷിപ്പ് സംവിധാനങ്ങളുടെ വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പുതിയതായി എന്തെങ്കിലും ഗ്രാന്റ്സ്, സ്കോളർഷിപ്പ് എന്നിവ നല്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ**

2551 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും

പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ട്രേസ് പദ്ധതി</u>

2552 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ബിരുദധാരികളായ ഉദ്യോഗാർത്ഥികൾക്കായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ട്രേസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ട്രേസ് പദ്ധതിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞ മൂന്ന് മാസമായി ഓണറേറിയം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓണറേറിയം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>മട്ടന്നൂർ മണ്ഡലത്തിലെ പട്ടികവർഗ ഉന്നതികളുടെ സ്ഥിതിവിവര കണക്കുകൾ</u>

2553 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പട്ടികവർഗ ഉന്നതികളുടെ വിശദമായ സ്ഥിതിവിവര കണക്കുകൾ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉന്നതികളിലെ അടിസ്ഥാന വികസനത്തിനായി ഇതുവരെ സ്വീകരിച്ചതും സ്വീകരിച്ചു വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉന്നതികളിലെ വിദ്യാർത്ഥികളിൽ എസ്.എസ്.എൽ.സി, ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് ശേഷമുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ?

<u>ഊരുകളുടെ പേരുമാറ്റം</u>

2554 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഊരുകളുടെ പേര് ഉന്നതി എന്ന് മാറ്റിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നതി എന്ന പേര് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## SCP, TSP വിഹിതം

2555 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാർഷിക പദ്ധതി വിഹിതത്തിൽ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതിയുടെയും (SCP) പട്ടികവർഗ്ഗക്കാർക്കായുള്ള ഉപപദ്ധതിയുടെയും (TSP) നിലവിലെ വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാൻ അലോക്കേഷനിൽ പട്ടികജാതി പട്ടികവർഗവിഹിതം ജനസംഖ്യാനുപാതികമായി മാറ്റിവയ്ക്കാനല്ലാതെ വകുപ്പുകളുടെ യഥാർത്ഥ ചെലവിൽ ജനസംഖ്യാനുപാതിക തത്വം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്ലാനിൽ ഉൾപ്പെടാത്ത വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും വിവിധ മൂലധന പദ്ധതികളിൽ പട്ടികജാതി പട്ടികവർഗ ജനസംഖ്യാനുപാതികമായി വിഹിതം മാറ്റിവെക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) എങ്കിൽ, മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്ന ജനറൽ പ്രോജക്റ്റുകളിൽ ഈ നിർബന്ധിത ഫണ്ട് വകമാറ്റാതെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നേരിട്ടുള്ള ഗുണത്തിനായി തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

2556 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ഭവനരഹിതരും വാസയോഗ്യമായ വീടില്ലാത്തവരുമായ പട്ടികജാതി കുടുംബങ്ങൾ</u>**

2557 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഭവനരഹിതരും വാസയോഗ്യമായ വീടില്ലാത്തവരുമായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഭവന നിർമാണം, വീട് വാസയോഗ്യമാക്കൽ എന്നിവയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടും സാമ്പത്തിക സഹായം ലഭിക്കാത്ത പട്ടികജാതി കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>ആദ്യകാല പഠനകേന്ദ്രങ്ങൾ</u>**

2558 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രാരംഭ വിദ്യാഭ്യാസവും ബൗദ്ധികവും സാമൂഹികവുമായ വികാസവും ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മുപ്പത് പുതിയ ആദ്യകാല പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായിഎന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവ ഏത് പ്രദേശങ്ങളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; ആദിവാസി മേഖലയിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള പ്രാരംഭ വിദ്യാഭ്യാസം, പോഷകാഹാരം, കളികളിലൂടെയുള്ള പഠനം എന്നിവ ഉറപ്പാക്കുന്നതിന്

പ്രസ്തുത കേന്ദ്രങ്ങൾ സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ അധ്യാപകരെയും പരിചരണ ജീവനക്കാരെയും നിയമിക്കുന്നതിനും പഠനസാമഗ്രികൾ, കളിയുപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മുപ്പത് പഠനകേന്ദ്രങ്ങളും സമയബന്ധിതമായി പ്രവർത്തനസജ്ജമാക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിലെ കൂടുതൽ കുട്ടികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>പട്ടികജാതി വികസന വകുപ്പിന്റെ തനത് ഭവനപദ്ധതി</u>

2559 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തനത് ഭവനപദ്ധതി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) പദ്ധതിയുടെ ഭാഗമായി ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, ജീർണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പദ്ധതിയിലൂടെ അനുവദിക്കുന്ന ധനസഹായത്തിന്റെ നിരക്ക്, ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് രീതി, ധനസഹായം വിതരണം ചെയ്യുന്ന ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ

ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

**തിരുവല്ല നിയോജകമണ്ഡലത്തിലെ കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

2560 **ശ്രീ. വർഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) സിവിൽ സർവീസ്, വിദേശ ഭാഷാപഠനം തുടങ്ങിയ മേഖലകൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത സെന്റർ എത്രയും വേഗം ആരംഭിക്കാൻ മുൻഗണന നല്കാമോ?

**പി.എം.-അജയ് പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പും കേന്ദ്രസഹായവും**

2561 **ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ യോജന (പി.എം.-അജയ്) പദ്ധതിയുടെ ഭാഗമായി ആദർശ് ഗ്രാമങ്ങൾ വികസിപ്പിക്കുന്നതിനും പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പുസാമ്പത്തിക വർഷം കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി കേരളം സമർപ്പിച്ച വികസന പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിലും ആവശ്യമായ കേന്ദ്രവിഹിതം അനുവദിക്കുന്നതിലും കാലതാമസം നേരിട്ടിട്ടുണ്ടോ; പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ കുടിവെള്ളം, റോഡ്, ശുചിത്വം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി എന്താണെന്നും

വികസനപ്രവർത്തനങ്ങൾ പൂർത്തിയാകാത്ത ഗ്രാമങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്രസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അർഹരായ പട്ടികജാതി കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം പൂർണമായി ലഭിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**അട്ടപ്പാടിയിലെ അപ്പാരൽ പാർക്ക്**

2562 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ അപ്പാരൽ പാർക്ക് പദ്ധതി ആരംഭിച്ചതെന്നാണെന്നും പദ്ധതിക്കായി ആകെ എത്ര രൂപയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) അപ്പാരൽ പാർക്ക് പ്രവർത്തനമാരംഭിച്ച ശേഷം എത്ര നാളാണ് പ്രവർത്തിച്ചതെന്നും ഇതിന്റെ പ്രവർത്തനം നിലയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ആയത് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) അട്ടപ്പാടിയിലെ അപ്പാരൽ പാർക്ക് പദ്ധതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

**ഭവന നിർമ്മാണ പദ്ധതി**

2563 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പദ്ധതികളുടെ നിലവിലെ

സ്ഥിതി വിശദമാക്കാമോ;

(ബി) ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ നിർമ്മാണ പ്രവൃത്തികൾ നിലച്ച കിടക്കുന്ന വീട്ടുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(സി) നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം മൂലം പ്രതിസന്ധിയിലായ ഗുണഭോക്താക്കൾക്ക് അധിക സാമ്പത്തിക സഹായം നൽകാൻ ആലോചിക്കുന്നുണ്ടോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി, ഭവനം</u>**

2564 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട് എന്നത് അറിയിക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭവനം ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്;

(സി) ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**<u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>**

2565 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ കണ്ണങ്കേരി നഗർ (42 കുടുംബങ്ങൾ), കുളക്കാട് നഗർ (20 കുടുംബങ്ങൾ), വളവൻ നഗർ (28 കുടുംബങ്ങൾ), മൂലേപ്പാട്ട് നഗർ (11 കുടുംബങ്ങൾ), മനക്കത്താഴം നഗർ (12 കുടുംബങ്ങൾ) എന്നീ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന നഗറുകളെ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സമഗ്ര വികസനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>ഒറ്റവീടുകൾ</u>**

2566 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീട് ഉന്നതികളിലെ ഇരട്ട വീടുകൾ (ഒരു ചുമരിന് ഇരുവശത്തായി രണ്ട് വീടുകൾ) ഒറ്റ വീടുകൾ ആയി പുനർനിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ;

(ബി) പ്രസ്തുത വീടുകളുടെ പുനർനിർമ്മാണത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സൗജന്യ ലാപ്ടോപ്</u>**

2567 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീറ്റ്, കീം, ജെ.ഇ.ഇ. പരീക്ഷകൾ വിജയിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ് നൽകുന്നതിനായി ആരംഭിച്ച പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ച തുക, ലാപ്ടോപ് വിതരണം പൂർത്തിയാക്കേണ്ട സമയപരിധി എന്നിവ വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി ജില്ല തിരിച്ച് ലഭ്യമാക്കുമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയുടെ കുടിശ്ശിക</u>**

2568 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയിൽ നിലവിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശികയുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ വിതരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഇനങ്ങളിൽ വിതരണം ചെയ്യാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ച എത്ര പേർക്ക് എത്ര തുക അനുവദിച്ച് വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## എസ് സി ,എസ് ടി ഹോസ്റ്റലുകൾ

2569 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഹോസ്റ്റലുകളിൽ ഹോസ്റ്റൽ ഫീ (എ.ബി.എൽ.സി) കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഹോസ്റ്റലുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പൈലറ്റ് , ക്യാബിൻക്രൂ പരിശീലനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾ

2570 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2026 വരെയുള്ള കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികളാണ് പൈലറ്റ്/ക്യാബിൻ ക്രൂ പരിശീലനം വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളത്; ഇതിനായി ആകെ എത്ര കോടി രൂപ ചെലവഴിച്ചു;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ നിലവിൽ പൈലറ്റ്/ ക്യാബിൻ ക്രൂ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ**

2571 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പഠനം പൂർത്തിയാക്കാതെയുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണവും ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കലും**

2572 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് ലൈബ്രറി ഉൾപ്പെടെ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം ഹോസ്റ്റലുകളിൽ നൽകുന്ന ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനും വിദ്യാർത്ഥികൾക്ക് ആവശ്യമായ ഗൈഡ്ലൈൻ ക്ലാസ്സുകൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**തൊഴിൽ അവസരങ്ങൾ ലഭിക്കുന്നത്**

2573 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതീ യുവാക്കൾക്ക് സ്റ്റാർട്ടപ്പുകൾ, സ്വയംതൊഴിൽ സംരംഭങ്ങൾ, ഡിജിറ്റൽ തൊഴിൽ

മേഖലകൾ എന്നിവയിൽ അവസരങ്ങൾ വർധിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

**എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് സ്വകാര്യമേഖലയിൽ ജോലി സംവരണം**

2574 **ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് നൽകി വരുന്ന ജോലി സംവരണ ആനുകൂല്യം സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും സ്വകാര്യ മേഖലയിലെ ലിമിറ്റഡ് കമ്പനികളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ സംവരണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**പട്ടികജാതി വികസന വകുപ്പിലെ ക്ലർക്ക് തസ്തിയിലെ നിയമനം ക്രമപ്പെടുത്തുന്നത്**

2575 **ശ്രീ. വി. പി. സജീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന പ്രദീപ് റാണ ആർ എസ് എന്നയാൾക്ക് പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ടിയാന്റെ സർവീസ് ക്രമവൽക്കരിച്ചതും പ്രൊബേഷൻ ഡിക്ലയർ ചെയ്തതും എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ;

(സി) ടിയാന്റെ സർവ്വീസ് ക്രമീകരിച്ചത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; ചട്ടലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ;

(ഡി) അനധികൃതമായി പ്രൊബേഷൻ ഡിക്ലയർ ചെയ്തത് മൂലം സർവീസിൽ തുടരുന്ന ടിയാന് ഇതേവരെ ലഭിച്ച ആനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിലെ നിയമനങ്ങൾ**

2576 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ കരാർ നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾ ആരൊക്കെയാണെന്നും അവർക്ക് നൽകിയിട്ടുള്ള ശമ്പളവും മറ്റ് അലവൻസുകളും എത്രയായിരുന്നു എന്നുമുള്ളതിന്റെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾ ആരൊക്കെയാണെന്നും അവർക്ക് നൽകിയിട്ടുള്ള വേതനവും മറ്റ് അലവൻസുകളും എത്രയായിരുന്നു എന്നുമുള്ളതിന്റെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ കരാർ അടിസ്ഥാനത്തിലോ ദിവസ വേതന അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ട ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിൻറെ വിവരം ജില്ല തിരിച്ചും തസ്തിക തിരിച്ചും വ്യക്തമാക്കാമോ;

(ഡി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട് എന്നും അപ്രകാരം നിയമിതരായ വ്യക്തികൾ ആരെല്ലാം ആയിരുന്നു എന്നും ഏതെല്ലാം തസ്തികകളിൽ നിന്നായിരുന്നു അവർ നിയമിക്കപ്പെട്ടത് എന്നും വിശദമാക്കാമോ?

**<u>അടൂർ നിയോജക മണ്ഡലത്തിലെ എസ്.സി/എസ്.റ്റി കോർപ്പസ് ഫണ്ട് പദ്ധതികൾ</u>**

2577 **ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-27 സാമ്പത്തിക വർഷം അടൂർ നിയോജക മണ്ഡലത്തിൽ എസ്.സി/എസ്.റ്റി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന

പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ, വകയിരുത്തിയ തുക, നിർവ്വഹണ ഏജൻസി, പുരോഗതി, പൂർത്തീകരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) സ്പിൽ ഓവർ പദ്ധതികൾ തുടരുന്നുണ്ടോ; വിശദ വിവരം നൽകാമോ?

**കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ നടന്നു വരുന്ന പദ്ധതികളും വാളാഞ്ഞി ഉന്നതിയും**

2578 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ നടന്നു വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) വാളാഞ്ഞി ഉന്നതിയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) എന്തൊക്കെ പ്രവൃത്തികളാണ് ഇതിനകം പൂർത്തിയായിട്ടുള്ളത്; ഇനി ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്; വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

**ചികിത്സാ ധനസഹായ അപേക്ഷ**

2579 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കുള്ള ചികിത്സാ ധനസഹായത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചത് എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിശദാംശം നൽകാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ എസ്.സി/എസ്.ടി വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

2580 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂളുകളോ അല്ലെങ്കിൽ പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയവ അനുവദിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത്;

(ബി) ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി വീടുകൾ അനുവദിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിൽ സാമ്പത്തിക പ്രതിസന്ധി കാരണമോ മറ്റു തടസ്സങ്ങൾ കാരണമോ നിർമ്മാണം പാതിവഴിയിൽ നിന്നുപോയവ എത്രയുണ്ട്; അവ പൂർത്തീകരിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമോ;

(സി) മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട യുവതീ യുവാക്കൾക്കായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികളും സംരംഭകത്വ സഹായങ്ങളും നൽകാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി പരിധിയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്നും തൊഴിലാളികൾക്കുള്ള വേതനം കുടിശ്ശിക കൂടാതെ ലഭ്യമാക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലും സ്ഥാപനങ്ങളിലും നിലവിലുള്ള ആകെ തസ്തികകളുടെ എണ്ണവും അതിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ വിശദാംശവും ലഭ്യമാക്കാമോ; നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന എസ്.സി-എസ്.ടി പ്രൊമോട്ടർമാരുടെ ആകെ അനുവദിച്ച എണ്ണം എത്രയാണ്; നിലവിൽ എത്ര പേർ സേവനം ചെയ്യുന്നുണ്ട്; എത്ര ഒഴിവുകൾ നികത്താനുണ്ട്; പ്രൊമോട്ടർമാരുടെയും

വകുപ്പ് ജീവനക്കാരുടെയും കുറവ് കാരണം ഗുണഭോക്തൃ അർഹതാ നിർണ്ണയവും പദ്ധതികളുടെ നിർവ്വഹണവും തടസ്സപ്പെടുന്നുണ്ടോ; എങ്കിൽ ഒഴിഞ്ഞു കിടക്കുന്ന ടി തസ്തികകളിൽ ഉടൻ നിയമനം നടത്തുന്നതിനും ഗുണഭോക്താക്കൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി വകുപ്പുതലത്തിൽ പുതിയതായി എന്തെങ്കിലും ഭരണപരമായ പരിഷ്കരണങ്ങളോ തീരുമാനങ്ങളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവനപദ്ധതിയും ചികിത്സാധനസഹായവും</u>

2581 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവനപദ്ധതിയുടെ നിലവിലുള്ള ധനസഹായം പത്തു ലക്ഷം രൂപയായി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗക്കാരുടെ ചികിത്സ ധനസഹായം സംബന്ധിച്ച അപേക്ഷകൾ സമയബന്ധിതമായി തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) ഏത് വർഷം വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് വിശദാംശം ലഭ്യമാക്കാമോ?

<u>പട്ടികജാതി വിഭാഗങ്ങളുടെ ഭവന പുനരുദ്ധാരണ പദ്ധതി</u>

2582 **ശ്രീ. എം. റഹ്മത്തുള്ള**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം, അപേക്ഷകരെ തെരെഞ്ഞെടുക്കുന്ന രീതി എന്നിവ വ്യക്തമാക്കുമോ?

<u>പട്ടികവിഭാഗങ്ങൾക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതി</u>

2583 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ പട്ടികവിഭാഗങ്ങൾക്ക് വീടുകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) പട്ടികവിഭാഗങ്ങളിലെ അർഹരായ എല്ലാ ഭവനരഹിതർക്കും വീട് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>എസ്. സി. കോർപ്പസ് ഫണ്ട്</u>

2584 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2021-26 കാലയളവിൽ ആലപ്പുഴ ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാൻ ഉള്ളവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) കോർപ്പസ് ഫണ്ട് വിതരണത്തിൽ ഓരോ ജില്ലയിലും എത്ര തുക വീതം കുടിശ്ശിക ഉണ്ടെന്നും അത് വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

<u>തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്വയംപര്യപ്ത - അംബേദ്കർ ഗ്രാമം പദ്ധതി</u>

2585 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ, വിശദമാക്കുമോ; ഇല്ലെങ്കിൽ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവമ്പാടി മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് സ്വയംപര്യാപ്ത-അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെയൊക്കെ എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>

2586 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## <u>പഞ്ചമി ഗ്രാമം പദ്ധതി</u>

2587 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചമിഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഒരു ഉന്നതിക്ക് അല്ലെങ്കിൽ സെറ്റിൽമെന്റിന് അനുവദിക്കുന്ന പരമാവധി തുക എത്രയാണ്; വിശദാംശം അറിയിക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതലകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**ട്രൈബൽ സ്കൂളുകളുടെ വിവരങ്ങൾ**

2588 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ട്രൈബൽ സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ജില്ലകളിലെ ഓരോ ട്രൈബൽ സ്കൂളിന്റെയും പേര്, സ്ഥലം, നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ചിട്ടുള്ള അധ്യാപക തസ്തികകളുടെ എണ്ണം, നിലവിൽ സേവനത്തിലുള്ള അധ്യാപകരുടെ എണ്ണം, ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളുടെ എണ്ണം എന്നിവ സ്കൂൾ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മൂന്ന് ജില്ലകളിലുമായി നിലവിൽ എത്ര ട്രൈബൽ സ്കൂളുകളിലാണ് ഹെഡ്മാസ്റ്റർ തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ; ഹെഡ്മാസ്റ്റർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് പ്രസ്തുത സ്കൂളുകളുടെ ദൈനംദിന അക്കാദമിക്, ഭരണപരമായ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ;

(സി) ഒഴിഞ്ഞുകിടക്കുന്ന ഹെഡ്മാസ്റ്റർ തസ്തികകളിലേക്കും മറ്റ് അധ്യാപക തസ്തികകളിലേക്കും നിയമനം നടത്തുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; നിയമനം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) അധ്യാപക തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തി ട്രൈബൽ മേഖലകളിലെ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സ്കൂളുകളുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

**പുനലൂർ മണ്ഡലത്തിലെ പട്ടിക ജാതി / പട്ടിക വർഗ്ഗ ക്ഷേമ പദ്ധതികൾ**

2589 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ വിവിധ പട്ടിക ജാതി ഉന്നതികളിൽ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നിലവിൽ നടന്നു വരുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്നും ഓരോ പദ്ധതിയുമായും ബന്ധപ്പെട്ട പ്രവൃത്തികളുടെ അടങ്കൽ തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി പുനലൂർ മണ്ഡലത്തിലെ ഉന്നതികളിൽ ഉടൻ ആരംഭിക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമാണെന്നും ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതെന്നും ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ അടങ്കൽ തുക എത്രയെന്നും വിശദമാക്കാമോ?

## <u>തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന വകുപ്പിന്റെ സോണൽ ഓഫീസുകൾ</u>

2590 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു ലക്ഷത്തിലേറെ വരുന്ന പട്ടികജാതി ജനസംഖ്യ മറ്റു പല ജില്ലകളിലെ ആകെ പട്ടികജാതി ജനസംഖ്യക്ക് സമാനമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വികസന വകുപ്പിന് മിക്ക ജില്ലകളിലും ബ്ലോക്ക് തല ഓഫീസുകൾ നിലവിലുള്ളപ്പോൾ തിരുവനന്തപുരം കോർപ്പറേഷനിൽ ഇത്രയും ജനങ്ങളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ ഒരു ഓഫീസ് മാത്രമാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഇതു കാരണം സാമ്പത്തികമായി വളരെ പിന്നാക്കാവസ്ഥയിലുള്ള പട്ടികജാതി വിഭാഗം ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നഗരാതിർത്തി പ്രദേശങ്ങളിൽ നിന്നും പലതവണ നഗരസഭയിലെ ഓഫീസിലേക്ക് യാത്ര ചെയ്യേണ്ടി വരുന്നതിലൂടെ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി വികസന വകുപ്പിന്റെ സോണൽ ഓഫീസുകൾ സ്ഥാപിക്കുവാൻ സർക്കാർ തല വർക്ക് സ്റ്റഡി റിപ്പോർട്ട് നിലവിലുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>നൂറുദിന കർമ്മപരിപാടി – കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള സമഗ്ര പാക്കേജ്</u>**

2591 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും കശുവണ്ടി തൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനുമായി നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സമഗ്ര പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്നും അവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) പ്രതിസന്ധി നേരിടുന്ന കശുവണ്ടി ഫാക്ടറികളെ സഹായിക്കുന്നതിനും അടച്ചുപൂട്ടിയ ഫാക്ടറികൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിനും മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കശുവണ്ടി വ്യവസായത്തെ ലാഭകരമാക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കശുവണ്ടി സംസ്കരണത്തിനാവശ്യമായ അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും ഇറക്കുമതിയെ ആശ്രയിക്കുന്നത്

കുറയ്ക്കുന്നതിനും ആഭ്യന്തര കശുവണ്ടി ഉൽപ്പാദനം വർധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

**വ്യാവസായിക പരിശീലന വകുപ്പിലെ നിയമനങ്ങൾ**

2592 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിൽ 2016 ജൂൺ മാസം മുതൽ 2026 ഏപ്രിൽ മാസം വരെ പ്രിൻസിപ്പാൾ ക്ലാസ് 1, പ്രിൻസിപ്പാൾ ക്ലാസ് 2, സീനിയർ സൂപ്രണ്ട്, ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ ഉണ്ടായ ഒഴിവുകൾ ഓരോന്നും ഒഴിവ് നിലവിൽ വന്ന തീയതി, ഒഴിവ് നികത്തിയ തീയതി, പ്രമോഷൻ നൽകാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വ്യാവസായിക പരിശീലന വകുപ്പിൽ 2016 ജൂൺ മാസം മുതൽ 2026 ഏപ്രിൽ മാസം വരെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ ഹയർ ഗ്രേഡ്, ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികകളിൽ ഉണ്ടായ ഒഴിവുകൾ ഓരോന്നും ഒഴിവ് നിലവിൽ വന്ന തീയതി, ഒഴിവ് പ്രൊമോഷൻ നൽകി നികത്തിയ തീയതി, ഒഴിവ് നികത്തിയ തീയതി, പ്രമോഷൻ നൽകാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) വ്യാവസായിക പരിശീലന വകുപ്പിൽ 2016 ജൂൺ മാസം മുതൽ 2026 ഏപ്രിൽ മാസം വരെ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ ഓരോന്നും ഒഴിവ് നിലവിൽ വന്ന തീയതി, ഒഴിവ് പ്രൊമോഷൻ നൽകി നികത്തിയ തീയതി, ഒഴിവ് നികത്തിയ തീയതി, പ്രമോഷൻ നൽകാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലവിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവസാനമായി സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയ തീയതിയുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രമോഷന് അർഹതയുണ്ടായിട്ടും ഒരു വർഷത്തിൽക്കൂടുതൽ കാലയളവിന് ശേഷമാണ് പ്രമോഷൻ ലഭിക്കുന്നത് എങ്കിൽ ടി കാലയളവിലെ ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥന് ലഭിക്കുന്നതിന് നിയമതടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രമോഷൻ സമയബന്ധിതമായി അനുവദിക്കുന്നത് സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ?

**പള്ളിക്കത്തോട് ഐ.റ്റി.ഐ.-യുടെ സ്ഥലം പ്രദേശവാസികൾക്ക് വഴിക്ക് വിട്ടുനൽകാൻ നടപടി**

2593 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ പള്ളിക്കത്തോട് ഐ.റ്റി.ഐ.-യ്ക്ക് കീഴിലുള്ള സ്ഥലത്തുകൂടി പ്രദേശവാസികൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ വഴി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ ഇതേ വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത വഴിയുടെ ഏകദേശം മുക്കാൽ ഭാഗത്തോളവും പഞ്ചായത്തിന് കൈമാറിയിട്ടും നാട്ടുകാർ ഉപയോഗിക്കുന്ന ബാക്കി വഴിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന് കൈമാറാത്തത് എന്തുകൊണ്ടാണ്;

(സി) പ്രസ്തുത വഴിയുമായി ബന്ധപ്പെട്ട ഭൂമി അളന്ന് തിരിച്ച് കൈമാറാത്തതിനെത്തുടർന്ന് പള്ളിക്കത്തോട് ഐ.റ്റി.ഐ.-യിലെ പുതുതായി നിർമ്മിച്ച വനിതാ ഹോസ്റ്റലിന് ചുറ്റുമതിൽ നിർമ്മിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത ഹോസ്റ്റൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ടി വിഷയം പരിഹരിക്കുന്നതിനായി ഐ.റ്റി.ഐ.-യുടെ കൈവശമുള്ള ഏകദേശം 10 സെന്റോളം സ്ഥലം വഴിക്കായി വിട്ടു നൽകി ബാക്കി ഭൂമി അളന്നു തിരിച്ച് ചുറ്റുമതിൽ കെട്ടി വനിതാ ഹോസ്റ്റലും സ്റ്റാഫ് കോർട്ടേഴ്സും അടിയന്തരമായി തുറന്നു കൊടുക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**വ്യാവസായിക പരിശീലന വകുപ്പിന്റെ ശാക്തീകരണം**

2594 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ എത്ര ഐ.റ്റി.ഐ. കൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഓരോന്നിലും ഏതൊക്കെ ട്രേഡുകളിലായി എത്ര പേർക്ക് പരിശീലനം നൽകുന്നുണ്ടെന്നും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിശീലനം കഴിയുന്നവർക്ക് നിലവിൽ ലഭ്യമായിട്ടുള്ള ഉന്നത പഠന സൗകര്യങ്ങളും തൊഴിൽ സാധ്യതകളും വ്യക്തമാക്കാമോ;

(സി) ഐ.റ്റി.ഐ. പഠനത്തിൽ മികച്ചവിജയം കൈവരിക്കുന്നവർക്ക് ക്യാമ്പസ് സെലക്ഷൻ ലഭിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും കഴിഞ്ഞ അധ്യയന വർഷം എത്രപേർക്ക് ക്യാമ്പസ് സെലക്ഷൻ വഴി ഏതൊക്കെ സ്ഥാപനത്തിൽ ജോലി ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(ഡി) വ്യാവസായിക പരിശീലന വകുപ്പിനെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ഏകോപിപ്പിച്ച് ടെക്നിക്കൽ സ്കൂൾ, ഐ.റ്റി.ഐ., പോളിടെക്നിക്ക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവ ബന്ധപ്പെടുത്തി തുടർപഠന സാധ്യത വർധിപ്പിക്കുന്നതിനുള്ള ഒരു ഏകീകൃത വിദ്യാഭ്യാസ പാത തയാറാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

**ഐ.റ്റി.ഐ. കോഴ്സുകൾ**

2595 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.-കളിൽ നവീന സാങ്കേതികവിദ്യ അധിഷ്ഠിതമായിട്ടുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ;

(ബി) നിലവിലുള്ള കോഴ്സുകളിലെ കോമ്പിനേഷനുകൾ മാറ്റം വരുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ;

(സി) വിദ്യാർത്ഥികളുടെ കുറവുകളുള്ള ബാച്ചുകൾ മറ്റ് ഐ.റ്റി.ഐ.-കളിലേക്ക് പുനർ ക്രമീകരിക്കുന്നതിനെക്കുറിച്ചും അധികബാച്ചുകൾ ഏതെങ്കിലും

ഐ.റ്റി.ഐ.-കളിൽ പുതുതായി അനുവദിക്കുവാനും തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

**കോടോത്ത് സർക്കാർ ഐ.ടി.ഐ**

2596 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടോത്ത് സർക്കാർ ഐ.ടി.ഐയിലെ നിലവിലുള്ള ട്രേഡുകളും കോഴ്സുകളും ഏതൊക്കെയാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം**

2597 **ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2016-17 മുതൽ 2025-26 വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്രയാണ്; രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളിൽ എത്ര ശതമാനം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**ഏകജാലക രജിസ്ട്രി സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി**

2598 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഓഫ് സെൽഫ് എംപ്ലോയ്മെന്റിന്റെ നേതൃത്വത്തിൽ നടത്തിയ പഠനമനുസരിച്ച് ഐടിഐ, പോളിടെക്നിക് പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന അറുപത് ശതമാനത്തിലധികം വിദ്യാർഥികൾക്കും തൊഴിൽ മേഖല ആവശ്യപ്പെടുന്ന നിപുണത ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) മാറിവരുന്ന തൊഴിൽ മേഖലയ്ക്ക് അനുസരിച്ച് ഐ.റ്റി.ഐ. -കളിലെയും പോളിടെക്നിക്കുകളിലെയും കോഴ്സുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; പരമ്പരാഗതമായ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ നവീനമായ തൊഴിൽമേഖലയിൽ സാധ്യത കൂടിയ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കേരളത്തിൽ അസാപ്പ്, ഡി.ഡി.യു.-ജി.കെ.വൈ., കെ-ഡിസ്ക് തുടങ്ങിയവ വഴി തൊഴിൽ പരിശീലനം നേടിയ യുവജനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഏകജാലക രജിസ്ട്രി സംവിധാനം സർക്കാരിൽ ലഭ്യമല്ല എന്നുള്ള അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**ബേപ്പൂർ മണ്ഡലത്തിൽ അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്റർ**

2599 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും നൈപുണ്യ വികസനം ലക്ഷ്യമിട്ട് അസാപ്പ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) കേരളയുടെ ഒരു സ്ഥിരം സ്റ്റഡി സെന്റർ/സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുവാൻ

നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**നൈപുണ്യ വികസന കേന്ദ്രങ്ങൾ**

2600 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽരഹിതർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് പുറമേ ആധുനിക തൊഴിൽ സാധ്യതകളെ മുന്നിൽക്കണ്ടുകൊണ്ടുള്ള നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് കൂടുതൽ പരിശീലനം നൽകി ഗ്രാമീണ മേഖലകളിൽ തൊഴിൽ നൽകുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിനുള്ള ദിനബത്ത**

2601 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ നിർബന്ധിത ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള പരിശീലനം സംസ്ഥാനത്തിനകത്തും പുറത്തുമായി പൂർത്തിയാക്കിയ ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് 2 റൂൾ 59 (റൂളിംഗ് നമ്പർ 2)എന്നിവ അനുസരിച്ച് ദിനബത്ത ലഭിക്കാൻ അർഹതയുണ്ടെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും (ഒ.എ നമ്പർ22/2023) ബഹു. ഹൈക്കോടതിയും (ഒ.പി/കെ.എ.ടി നമ്പർ 533/2025) വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഡിഡിഒ/കൺട്രോളിംഗ് ഓഫീസർമാരുടെ ഭാഗത്തുനിന്നുണ്ടായ സാങ്കേതിക പിഴവുകളോ വീഴ്ചകളോ കാരണം ദിനബത്ത തടഞ്ഞുവെക്കാൻ കഴിയില്ലെന്നും അർഹതപ്പെട്ട ദിനബത്ത ജീവനക്കാർക്ക് നൽകാൻ സർക്കാരിന് ബാധ്യതയുണ്ടെന്നുമുള്ള ബഹു. കോടതികളുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ടി.ഐ) അധ്യാപക സംഘടനയായ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ (ഐ.ടി.ഡി.ഐ.ഒ.) നടത്തിയ കോടതി വ്യവഹാരങ്ങൾക്ക് ശേഷവും ഉത്തരവുകൾ വ്യക്തിഗത കേസ് എന്ന നിലയിൽ മാത്രം നടപ്പിലാക്കി ജി.ഒ. (ആർ.ടി.)നമ്പർ 976/2025/LBR ആയി മുൻ സർക്കാർ ഉത്തരവിറക്കിയതിലൂടെ സമാന സാഹചര്യത്തിലുള്ള 180-ൽ അധികം വരുന്ന മറ്റു ജീവനക്കാർക്ക് ഈ ആനുകൂല്യം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡ്രോയിങ് & ഡിസ്ബേർസിംഗ് ഓഫീസർമാരുടെ വീഴ്ച കാരണം അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെട്ട സമാന സാഹചര്യമുള്ള മുഴുവൻ സി.ഐ.ടി.എസ് പരിശീലനം പൂർത്തിയാക്കിയ ജീവനക്കാർക്കും കെ.എസ്.ആർ ചട്ടങ്ങൾക്കനുസൃതമായി ദിനബത്ത അനുവദിക്കുന്നതിനായി ജി.ഒ (ആർ.ടി)നമ്പർ 976/2025/LBR തിരുത്തി പുതിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>യുവജനങ്ങളുടെ നൈപുണ്യവികസനവും തൊഴിൽ ലഭ്യതയും</u>

2602 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവാക്കളുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനും തൊഴിൽവിപണിയുടെ ആവശ്യത്തിനനുസരിച്ചുള്ള നൈപുണ്യ പരിശീലനം നൽകുന്നതിനുമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ, പരിശീലന കേന്ദ്രങ്ങൾ, പരിശീലനം പൂർത്തിയാക്കിയവരുടെ എണ്ണം, തൊഴിൽ ലഭിച്ചവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാണോ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(എ.ഐ), വിവരസാങ്കേതികവിദ്യ, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ടൂറിസം തുടങ്ങിയ മേഖലകളിൽ യുവാക്കൾക്ക് തൊഴിൽനൈപുണ്യം നേടുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ;

(ഡി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ., പോളിടെക്നിക്, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനവും വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് സൗകര്യവും, പരിശീലനം പൂർത്തിയാക്കുന്നവർക്കായി തൊഴിൽദാതാക്കളുമായി ബന്ധിപ്പിക്കുന്ന പ്ലേസ്മെന്റ് സംവിധാനവും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിന്തുണയും നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ വികസനവും തൊഴിൽ അധിഷ്ഠിത പരിശീലനവും</u>

2603 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൈപുണ്യ പരിശീലനം നൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെയും അംഗീകൃത പരിശീലന കേന്ദ്രങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; ഇവിടങ്ങളിൽ നിലവിൽ നൽകിവരുന്ന പ്രധാന പരിശീലന കോഴ്സുകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) വ്യവസായ സ്ഥാപനങ്ങളുടെയും തൊഴിൽദാതാക്കളുടെയും ആവശ്യങ്ങൾ വിലയിരുത്തി പുതിയ തൊഴിൽമേഖലകൾക്ക് അനുയോജ്യമായ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ., പോളിടെക്നിക്, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ആധുനിക സാങ്കേതികവിദ്യകൾ, ഡിജിറ്റൽ സേവനങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് , ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ ഹ്രസ്വകാല തൊഴിൽ അധിഷ്ഠിത പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ തൊഴിൽരഹിതരായ യുവാക്കൾക്ക് പ്രാദേശിക തൊഴിൽ സാധ്യതകൾക്കനുസരിച്ച് പരിശീലനം നൽകുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കുന്നതിനുമായി പ്രത്യേക നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

**യുവജനങ്ങളുടെ നൈപുണ്യവികസനവും തൊഴിൽ ഉറപ്പാക്കലും**

2604 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനും മാറിവരുന്ന തൊഴിൽവിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി നൈപുണ്യപരിശീലനം നൽകുന്നതിനും പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും സർക്കാർ സമഗ്ര പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ**

2605 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും വീട്ടമ്മമാർക്കും, ഭിന്നശേഷിക്കാർക്കുമായി എത്ര നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നൈപുണ്യ പരിശീലനങ്ങൾ പൂർണ്ണമായും സൗജന്യമായി നൽകാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ രണ്ട് സൗജന്യ നൈപുണ്യ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ**

2606 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലുള്ളതും സർക്കാർ സഹായം ലഭിക്കുന്നതുമായ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ; അവയിൽ എത്ര എണ്ണമാണ് നിലവിൽ ഇപ്പോഴും പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ നൈപുണ്യ-തൊഴിൽ പരിശീലനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(സി) വിദേശത്തേക്ക് തൊഴിൽ തേടിപ്പോകുന്ന യുവാക്കൾക്ക് ഭാഷപരിശീലനം, സാങ്കേതിക പരിശീലനം, തൊഴിൽ സംബന്ധമായ നിയമ ബോധവൽക്കരണം എന്നിവ നൽകാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്താണ്; വിശദമാക്കാമോ?

**ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ. പുതിയ കെട്ടിട നിർമ്മാണവും നൈപുണ്യ വികസന പദ്ധതികളും**

2607 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തമംഗലം ഐ.ടി.ഐ.യുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ കെട്ടിട നിർമ്മാണത്തിനുമായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ യുവജനങ്ങളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി നൈപുണ്യ വികസന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**ഡ്രോൺ റിസർച്ച് സെന്റർ**

2608 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ ഡ്രോൺ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി 2025-26 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡ്രോൺ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് നൈപുണ്യ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ

വിശദമാക്കുമോ;

(സി) സ്ഥലം ലഭ്യമാക്കുന്നതിനായി നൈപുണ്യ വകുപ്പിൽനിന്നും നിർദ്ദിഷ്ട ഫോറത്തിലുള്ള അർത്ഥനാപത്രം നൽകിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം അടിയന്തരമായി അർത്ഥനാപത്രം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

**വനഭൂമിയോട് ചേർന്ന് താമസിക്കുന്നവരുടെ പുരയിട കൈമാറ്റ നടപടിക്രമങ്ങൾ**

2609 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനാതിർത്തിയോട് ചേർന്ന് താമസിക്കുന്നവരുടെ പുരയിടങ്ങളും കൃഷിയിടങ്ങളും കുടുംബപരമായ ആവശ്യങ്ങൾക്ക് വേണ്ടി സ്ഥലം വിൽക്കുന്നതിനായി അളന്ന തിരിക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും വനംവകുപ്പുദ്യോഗസ്ഥർ അനാവശ്യമായി തടസ്സം നിൽക്കുന്ന സാഹചര്യത്തിൽ വനഭൂമിയോട് ചേർന്ന് താമസിക്കുന്നവരുടെ പുരയിടം അളന്ന് തിട്ടപ്പെടുത്തുന്നതിനും കൈമാറ്റം ചെയ്യുന്നതിനും ഉള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും ഉദ്യോഗസ്ഥരുടെ നിയമപരമല്ലാത്ത അനാവശ്യമായ ഇടപെടലുകൾ ഇല്ലാതാക്കുവാനും നടപടി സ്വീകരിക്കുമോ?

**വനം വകുപ്പ് ജണ്ട നിർമ്മാണം**

2610 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമി സംരക്ഷിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നും, ആയതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അറിയിക്കാമോ;

(ബി) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയുടെ വിശദവിവരങ്ങളും അതിൽ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

**<u>പാലോട് റെയിഞ്ചിലെ ജണ്ട നിർമ്മാണ അഴിമതി</u>**

2611 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ നടന്ന ജണ്ട നിർമ്മാണ അഴിമതിയുമായി ബന്ധപ്പെട്ട് 15/03/2025-ൽ കോട്ടയം വനം വിജിലൻസ് വിഭാഗം കൺസർവേറ്റർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ആകെ എത്ര രൂപയുടെ സാമ്പത്തിക നഷ്ടമാണ് തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ അനധികൃതമായി സർക്കാർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേട് മൂലം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ തുക എത്രയാണെന്നും, ഇല്ലെങ്കിൽ നഷ്ടം തിട്ടപ്പെടുത്താത്തതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയോട് അനുബന്ധിച്ച് പാലോട് റേഞ്ചിൽ വനഭൂമിയുമായി അതിർത്തി പങ്കിടുന്ന സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള എൻ.ഒ.സി.-യ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര വ്യക്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) വനഭൂമിയുടെ അതിർത്തിയിലെ ജണ്ടകൾ യഥാസ്ഥലത്ത് നിർമ്മിക്കാത്തതിനാൽ പാലോട് റേഞ്ചിൽ എൻ.ഒ.സി. നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിന് ശാശ്വതമായ പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

**<u>വന്യജീവി ആക്രമണത്തിൽ നിന്നും സംരക്ഷിക്കുവാനുള്ള സമഗ്രമായ പദ്ധതികൾ</u>**

2612 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തി പങ്കിടുന്ന മുഴുവൻ ജനവാസ മേഖലയെയും വന്യജീവി ആക്രമണത്തിൽ നിന്നും കൃഷി നശിപ്പിക്കുന്നതിൽ നിന്നും സംരക്ഷിക്കുവാൻ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) സോളാർ ഫെൻസിംഗ് ഇല്ലാത്ത വനാതിർത്തികളിൽ ഫെൻസിംഗ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**<u>പാറശ്ശാല നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികളും ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളും</u>**

2613 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയമസഭാ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികളുടെയും ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പേരുവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സമിതികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ അംഗങ്ങളുടെ എണ്ണവും ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗങ്ങളുടെ പ്രാതിനിധ്യവും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഈ സമിതികൾ മുഖേന നടപ്പിലാക്കിയ വനവൽക്കരണം, കാട്ടുതീ പ്രതിരോധം, നബാർഡ്/മറ്റ് ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ചുള്ള വന വികസനപദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വനസമ്പത്തിന്റെ സംരക്ഷണം, വനവിഭവങ്ങളുടെ ശരിയായ വിനിയോഗം, പ്രദേശവാസികളുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കൽ എന്നിവയിൽ ഈ സമിതികളുടെ പ്രവർത്തനം എത്രത്തോളം

സഹായകരമായിട്ടുണ്ട് എന്നത് സംബന്ധിച്ച് വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**വനം വകുപ്പിന്റെ വിനോദസഞ്ചാരപദ്ധതികൾ**

2614 **ശ്രീ. വർഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രധാന സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താമസിച്ച് ജോലി ചെയ്യാൻ കഴിയുംവിധം 'വർക്കേഷൻ' സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ; പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വനം വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് താമസത്തിനായി പരിസ്ഥിതിയ്ക്കിണങ്ങും വിധം 'പോഡ് സ്റ്റേ' ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെയും പ്രാദേശിക പ്രകൃതി വ്യാഖ്യാനത്തിന്റെയും നിലവാരം ഉയർത്താൻ ലക്ഷ്യമിട്ട് ടൂറിസം ഗൈഡുകൾക്ക് പരിശീലനം നൽകാൻ വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**നെല്ലിയാമ്പതിയിലെ കെ.എഫ്.ഡി.സി.യുടെ ഇക്കോ ടൂറിസം വികസന പദ്ധതികൾ**

2615 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ നെല്ലിയാമ്പതിയിൽ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ(കെ.എഫ്.ഡി.സി.) കീഴിൽ നിലവിൽ നടപ്പിലാക്കിവരുന്ന ഇക്കോ ടൂറിസം പദ്ധതികളും പ്രവർത്തനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നെല്ലിയാമ്പതിയിലെ കെ.എഫ്.ഡി.സി.യുടെ അധീനതയിലുള്ള കോട്ടേജുകൾ, ഡോർമിറ്ററികൾ, മറ്റ് താമസസൗകര്യങ്ങൾ എന്നിവ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി പ്രീമിയം നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിലെ കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, പ്രകൃതിസൗഹൃദ ട്രെക്കിംഗ് പാതകൾ, അഡ്വഞ്ചർ ടൂറിസം സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി കെ.എഫ്.ഡി.സി. പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**വനാതിർത്തികളിലെ അനുമതിയില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ**</u>

2616 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനത്താരകൾ തടസ്സപ്പെടുത്തിക്കൊണ്ട് വനാതിർത്തികളിൽ അനുമതിയില്ലാതെ നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് മതിലുകൾ, കെട്ടിടങ്ങൾ, വേലികൾ എന്നിവ പൊളിക്കുന്നതിന് ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ കളക്ടറും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) മൂന്നാർ, പീരുമേട്, ഉടുമ്പൻചോല തോട്ടം മേഖലകളിൽ വൈകിട്ട് ആറു മണി മുതൽ രാവിലെ ആറു മണി വരെ സഞ്ചാര നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മേൽ ഉത്തരവുകൾക്കെതിരായ ജനകീയ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>**വനം വകുപ്പിന്റെ കർമ്മപദ്ധതി**</u>

2617 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15.09.2026-ൽ മനുഷ്യ വന്യജീവി സംഘർഷം ചർച്ച ചെയ്യുന്നതിന് കർഷക സംഘടനാ നേതാക്കളുമായി മന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് ഒരു കർമ്മപദ്ധതി അവതരിപ്പിച്ചിരുന്നോ;

(ബി) ഇതുപ്രകാരം കേരളത്തിൽ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരണത്തിനായി സംസ്ഥാനത്തെ 14 ലാൻഡ്സ്കേപ്പുകൾ ആയി തിരിച്ചിട്ടുണ്ടോ, എങ്കിൽ 14 ലാൻഡ്സ്കേപ്പുകൾ ഏതൊക്കെയാണ്;

(സി) ഈ പ്രദേശത്ത് കാർഷികമേഖലയിൽ ഇപ്പോൾ ഉള്ള സാധാരണ ജനജീവിതത്തിന് തടസം വരുത്തുന്നവിധം നിയന്ത്രണങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ പദ്ധതിക്കായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; പ്രസ്തുത പദ്ധതിക്ക് വിദേശ സഹായം ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) പദ്ധതി പ്രകാരം വനം വകുപ്പിന്റെ കീഴിൽ ആരംഭിക്കാനിരിക്കുന്ന ഹോം സ്റ്റേകൾക്ക് ഇപ്പോൾ നിലനില്ക്കുന്ന വ്യവസ്ഥകൾ ബാധകം ആണോ; വിശദമാക്കുമോ?

## <u>പരിസ്ഥിതി പുനഃസ്ഥാപന നയം</u>

2618 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പരിസ്ഥിതി പുനഃസ്ഥാപന നയപ്രകാരം വിദേശ വൃക്ഷങ്ങൾ നീക്കം ചെയ്യുന്ന നടപടികൾ ഇപ്പോൾ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവികൾക്ക് കാട്ടിൽത്തന്നെ ഭക്ഷണം ഉറപ്പാക്കാൻ മുൻ സർക്കാർ ആരംഭിച്ച 'വിത്തൂട്ട് ' പദ്ധതിയുടെയും കർഷകർക്ക് വരുമാനം ഉറപ്പാക്കുന്ന 'ട്രീ ബാങ്കിംഗ് ' സ്കീമിന്റെയും ഇന്നത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് മാസത്തെ ഭരണകാലയളവിൽ വനവിസ്തൃതി വർദ്ധിപ്പിക്കാനോ വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാനോ പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പുരോഗതിയും വിശദമാക്കാമോ?

## <u>വനവിഭവങ്ങളുടെ സംരക്ഷണം</u>

2619 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദനം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള വനവിഭവങ്ങളുടെ സംരക്ഷണത്തിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) വനം വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ അനധികൃത മരംമുറി നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) പൊതുജനങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ തടി വനം വകുപ്പ് ഡിപ്പോകൾ വഴി വിൽപ്പന നടത്തുന്നുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

**സുസ്ഥിര വനസംരക്ഷണവും വന്യജീവി ആവാസവ്യവസ്ഥയുടെ സംരക്ഷണവും**

2620 **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി**

**ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും തുടർച്ചയായ പ്രകൃതി ദുരന്തങ്ങൾക്കിടയാക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സുസ്ഥിര വനസംരക്ഷണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കാടിന്റെ അതിർത്തി നിർണയം പൂർത്തീകരിച്ച് ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(സി) ഉൾവനങ്ങളിൽ അധിനിവേശ സസ്യങ്ങളുടെ സാന്നിധ്യം വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ഗൗരവമായി ബാധിക്കുന്ന സാഹചര്യത്തിൽ ആവാസ വ്യവസ്ഥ സുസ്ഥിരമായി നിലനിർത്തി

വന്യജീവികൾ കാടിറങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പൊതു ആവശ്യങ്ങൾക്കായി വനമേഖല ഇനം മാറ്റി ഉപയോഗിക്കുന്നതിലൂടെ വനവിസ്തൃതിയിൽ ഉണ്ടാകുന്ന അനുപാതിക കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ കരാർ ലംഘനം</u>**

2621 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ ഉപയോഗം പാട്ടക്കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആണോ തുടരുന്നതെന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ; പാട്ടക്കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി കൈവശം വയ്ക്കൽ, കരാറിൽ അനുവദിച്ചിട്ടുള്ളതിലധികമുള്ള ഭൂമിയുടെ ഉപയോഗം തുടങ്ങിയ കരാർ ലംഘനം നടത്തിയവർക്കെതിരെ 1980-ലെ വന (സംരക്ഷണ) നിയമ പ്രകാരം നടപടി സ്വീകരിച്ച് പ്രസ്തുത പാട്ടഭൂമി തിരികെ ഏറ്റെടുക്കുന്നതിനും വനഭൂമിയുടെ സംരക്ഷണവും സർക്കാരിന്റെ നിയമാനുസൃത അവകാശങ്ങളും ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സംരക്ഷിത വനമേഖലയിലെ ആവാസ വ്യവസ്ഥ</u>**

2622 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംരക്ഷിത വനമേഖലയിലെ ആവാസവ്യവസ്ഥയ്ക്ക് ഹാനികരമാകുന്ന വൈദേശിക വൃക്ഷങ്ങൾ ആയ യൂക്കാലിപ്റ്റസ്, സെന്ന, അക്കേഷ്യ, വാറ്റിൽ സസ്യങ്ങളുടെ പ്ലാന്റേഷനുകൾ സംരക്ഷിത വനമേഖലയിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ സംരക്ഷിത വനമേഖലയിൽ നിന്നും പ്രസ്തുത സസ്യങ്ങൾ നിർമാർജ്ജനം ചെയ്ത് പുൽമേട്ടുകളും സ്വാഭാവിക വനങ്ങളുമായി പ്രസ്തുത സ്ഥലം പരിവർത്തനം ചെയ്യുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**ജനവാസ മേഖലയിലെ കണ്ടൽക്കാട്ടുകൾ**

2623 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽക്കാട്ടുകളെ കൃത്യമായ മാനദണ്ഡ പ്രകാരം വനമായി പ്രഖ്യാപിച്ചത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന്; വിശദമാക്കാമോ;

(ബി) ജനവാസ മേഖലയിലെ കണ്ടൽക്കാട്ടുകളെ വനമായി പ്രഖ്യാപിക്കുമ്പോൾ പ്രദേശവാസികൾക്ക് ഉണ്ടാകുന്ന വിപത്തുകളെക്കുറിച്ചും ദോഷഫലങ്ങളെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ

(സി) പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി സർക്കാർ വിദഗ്ധ സമിതിയെ നിയോഗിക്കുമോ; വ്യക്തമാക്കാമോ?

**വനഭൂമി കേസുകൾ**

2624 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്ഷികൾക്കു അനുകൂല വിധിയായ വനഭൂമി കേസുകളിൽ പ്രസ്തുത വനഭൂമി സമയബന്ധിതമായി വിട്ടുനൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) 1971-ലെ നിക്ഷിപ്ത വനനിയമം മൂലം സർക്കാരിൽ നിക്ഷിപ്തമാക്കിയ ഭൂമിയിൽ, കേസുകളിലെ അന്തിമ വിധി പ്രകാരമോ സർക്കാർ ഉത്തരവ് മൂലമോ എത്ര ഭൂമി ഇതുവരെ കക്ഷികൾക്ക് തിരിച്ചുനൽകിയിട്ടുണ്ട്;

(സി) കക്ഷികൾക്ക് അനുകൂല വിധിയായ നിക്ഷിപ്ത വനഭൂമി കേസുകളിൽ സ്ഥലം വിട്ടുകൊടുക്കാൻ ബാക്കിയുള്ളവ എത്രയെന്ന് വിശദമാക്കാമോ?

**പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഭാഗമായി തമിഴ്നാടിന്റെ കൈവശമുള്ള വനഭൂമി**

2625 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം–ആളിയാർ പദ്ധതിയുടെ ഭാഗമായി തമിഴ്നാട് സർക്കാരിന് കേരള സർക്കാർ നൽകിയ വനഭൂമിയിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി ഇനിയും ആവശ്യമില്ലാത്ത വനഭൂമി കരാറിലെ വ്യവസ്ഥകൾ പ്രകാരം തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ആവശ്യമായ പരിശോധനയും അതിർത്തി നിർണയവും പൂർത്തിയാക്കി വനഭൂമി ഔദ്യോഗികമായി തിരികെ ലഭ്യമാക്കുന്നതിന് തമിഴ്നാട് സർക്കാരുമായി ചേർന്ന് സർക്കാർ സ്വീകരിച്ചു വരുന്ന തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>**വനഭൂമി തിരിച്ചുപിടിക്കൽ**</u>

2626 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞിട്ടും വിവിധ ജില്ലകളിലായി ആയിരക്കണക്കിന് ഹെക്ടർ ഭൂമി തിരിച്ചുപിടിക്കാൻ വനംവകുപ്പ് നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ പാട്ടത്തിന് നൽകിയ വനഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കോടതി വ്യവഹാരങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(സി) വ്യവസ്ഥകൾ പാലിക്കാത്ത ഭൂമി തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**മഞ്ചേശ്വരം മണ്ഡലത്തിലെ വനം വകുപ്പ് ഭൂമിയുടെ വിനിയോഗവും വികസന പദ്ധതികളും**</u>

2627 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വില്ലേജ്, സർവേ നമ്പർ, വിസ്തീർണ്ണം/ എക്സ്റ്റന്റ് എന്നിവ തരംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഭൂമി എപ്രകാരമാണ് വനം വകുപ്പ് ആർജ്ജിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ ഭൂമിയുടെ നിലവിലെ സ്ഥിതിയും ഇതിൽ തരിശായി കിടക്കുന്ന ഭൂമിയുടെ വിസ്തൃതിയും നിലവിലുള്ള പ്ലാന്റേഷനുകൾ ഏതെല്ലാമാണെന്നും അറിയിക്കാമോ; ഇതിൽ ഏതെങ്കിലും ഭാഗം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകൾക്ക് ഇതുവരെ കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത വനഭൂമിയിൽ പൊതുജനസേവനത്തിനായി മറ്റ് സർക്കാർ വകുപ്പുകൾക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ സാധിക്കുമോ; ഇതിന് എന്തെങ്കിലും സാങ്കേതിക/നിയമ തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) മഞ്ചേശ്വരം പഞ്ചായത്തിൽ വനം വകുപ്പ് അതിർത്തി തിരിച്ച് ജണ്ട നിർമ്മിച്ചതുമൂലം പ്രദേശവാസികളുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സഞ്ചാരപാതയ്ക്ക് തടസ്സമായി നിൽക്കുന്ന പ്രസ്തുത ജണ്ടകൾ മാറ്റി സ്ഥാപിച്ച് യാത്രാസൗകര്യം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മണ്ഡലത്തിലെ ആരിക്കാടി വില്ലേജിലുള്ള വനം വകുപ്പ് ഭൂമിയിൽ പാകമായ കാറ്റാടി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് എന്നത്തേക്ക് മുറിച്ച് മാറ്റാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ആരിക്കാടി പ്ലാന്റേഷനിൽ മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് പ്രസ്തുത ഭൂമിയിൽ പുതിയ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ വനം വകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

2628 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴ പഞ്ചായത്തിലുൾപ്പെട്ട ഡാലീകരിക്കം ചതുപ്പിൽ എത്ര കുടുംബങ്ങളാണ് വനം വകുപ്പിന്റെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ സന്നദ്ധത പ്രകടിപ്പിച്ചതെന്നും അവരിൽ എത്ര കുടുംബങ്ങളെ ഒഴിപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഒഴിയാൻ സന്നദ്ധത പ്രകടിപ്പിച്ച എത്ര കുടുംബങ്ങളെ ഇനി ഒഴിപ്പിക്കാനുണ്ടെന്നും അവരെ ഒഴിപ്പിക്കാതെ തുടരുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

**<u>ചേലക്കര പഞ്ചയാത്ത് കളപ്പാറ-മലമ്പാടം റോഡ് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ക്ലിയറൻസ്</u>**

2629 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന സ്കീം 2024-25-ൽ നിന്നും തുക അനുവദിച്ച് നിർമ്മിക്കുന്നതും വനപ്രദേശത്തു കൂടി കടന്നു പോകുന്നതുമായ ചേലക്കര ഗ്രാമപഞ്ചായത്തിലെ കളപ്പാറ-മലമ്പാടം റോഡ് നിർമ്മാണത്തിന്റെ ഭാഗമായി വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് ആവശ്യമായി വരുന്ന ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ആഫീസിൽ തീരുമാനമെടുക്കുന്നതിന് പെന്റിംഗ് ഉള്ള ഫയലിൽ സമയബന്ധിതമായ നടപടി സ്വീകരിച്ച് ക്ലിയറൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ലാന്റ്സ്കേപ്പ് ലെവൽ ആക്ഷൻ പ്ലാൻ ഫോർ ഹ്യൂമൻ-ആനിമൽ കോ-എക്സിസ്റ്റൻസ് പദ്ധതി</u>**

2630 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ലാന്റ്സ്കേപ്പ് ലെവൽ ആക്ഷൻ പ്ലാൻ ഫോർ ഹ്യൂമൻ-ആനിമൽ കോ-എക്സിസ്റ്റൻസ് പദ്ധതിയുടെ ലക്ഷ്യങ്ങൾ, ഘടകങ്ങൾ, നിർവഹണ കാലയളവ് എന്നിവ ഉൾപ്പെടുന്ന പൂർണ്ണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന ലാന്റ്സ്കേപ്പ് ലെവൽ ആക്ഷൻ പ്ലാൻ ഫോർ ഹ്യൂമൻ-ആനിമൽ കോ-എക്സിസ്റ്റൻസ് പദ്ധതിയുടെ ചെലവ് വഹിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ ഏത് ശീർഷകത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; മറ്റ് ഫണ്ടുകൾ ലഭ്യമാണോ; വിശദമാക്കാമോ;

(സി) പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ടോ; വിദേശ ഏജൻസികളിൽ നിന്ന് ധനസഹായം ലഭിക്കുന്നുണ്ടെങ്കിൽ ഏത് ഏജൻസിയിൽ നിന്ന് എത്ര തുകയാണ് ലഭിക്കുന്നത്/പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത സമയത്ത് നിലവിലുണ്ടായിരുന്ന പദ്ധതിരേഖയുടെയോ കരടുരേഖയുടെയോ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തിയ യോഗങ്ങൾ, വിദഗ്ധ ചർച്ചകൾ, തീയതി, സ്ഥലം എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

## വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരതുക

2631 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വന്യജീവി ശല്ല്യംമൂലമുള്ള കൃഷിനാശം

2632 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ വന്യജീവി ശല്യം മൂലം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വന്യജീവി ശല്യം തടയുന്നതിനും കർഷകരുടെ കൃഷി സംരക്ഷിക്കുന്നതിനും വനംവകുപ്പ് സ്വീകരിച്ച നടപടികൾ

എന്തെല്ലാമെന്ന് വിശദമാക്കാമോ?

**ഫോറസ്റ്റ് എൻ.ഒ.സി. വിതരണ നടപടികൾ ലളിതവും സമയബന്ധിതവുമാക്കൽ**

2633 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്നുള്ള ഭൂമിയിൽ വീട് നിർമ്മാണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ഫോറസ്റ്റ് എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയെന്നും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ;

(ബി) ഫോറസ്റ്റ് എൻ.ഒ.സി.യുടെ കാലാവധി ആറുമാസമായി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ കാലാവധി അവസാനിക്കുന്നതിനെത്തുടർന്ന് വീണ്ടും അപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അനുമതിയുടെ കാലാവധി നീട്ടിനൽകുന്നതിനോ ആവശ്യമായ സാഹചര്യങ്ങളിൽ പുതുക്കുന്നതിനോ നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നതിനോ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മലയോര മേഖലയിലെ കർഷകർക്കും സാധാരണക്കാർക്കും നിയമാനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റാവശ്യങ്ങൾക്കും വേണ്ട അനുമതികൾ എളുപ്പത്തിലും സമയബന്ധിതമായും ലഭ്യമാക്കുന്നതിനായി ഫോറസ്റ്റ് എൻ.ഒ.സി.യുടെ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും അപേക്ഷകളുടെ പുരോഗതി ഓൺലൈനായി അറിയുന്നതിനും അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ളതും ആവിഷ്കരിക്കുന്നതുമായ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**വന സംരക്ഷണ ജോലിചെയ്യുന്ന ജീവനക്കാരുടെ വിഷയങ്ങൾ**

2634 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ വനസംരക്ഷണ ജോലി ചെയ്യുന്ന ജീവനക്കാർക്ക് തുടർച്ചയായി ഉൾക്കാടുകളിലടക്കം ജോലി ചെയ്യുന്നതിന് ആനുപാതികമായി കോമ്പൻസേറ്ററി ഓഫ് അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ 15 ദിവസത്തെ പരിധിയിൽ മാറ്റം വരുത്തി ജോലിചെയ്യുന്നതിന് ആനുപാതികമായി അനുവദിക്കണമെന്ന ആവശ്യം നടപ്പിലാക്കുമോ; വിശദമാക്കാമോ;

(ബി) മറയൂർ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ വനിതകളടക്കമുള്ള വനംവകുപ്പ് ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശുചിമുറികളും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുന്നതിനുള്ള മുറികളും നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ കുറവും ഉൾവനങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകളും പരിഗണിച്ച് ശാസ്ത്രീയമായ ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പോലീസ് മാതൃകയിൽ വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; ജീവനക്കാരുടെ സ്ഥലംമാറ്റം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 3/2017 പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഓൺലൈനായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ദേശീയോദ്യാനങ്ങളിലെയും വന്യജീവി സങ്കേതങ്ങളിലെയും ടിക്കറ്റ് വരുമാനം</u>

2635 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവിടങ്ങളിൽനിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച ആകെ ടിക്കറ്റ് വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ദേശീയ ഉദ്യാനത്തിൽനിന്നും വന്യജീവി സങ്കേതത്തിൽനിന്നും ലഭിച്ച ടിക്കറ്റ് വരുമാനത്തിന്റെ പ്രത്യേകം വിശദാംശം ലഭ്യമാക്കാമോ;

(സി) സന്ദർശകരുടെ എണ്ണം സ്വദേശികൾ/വിദേശികൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## <u>വന്യമൃഗങ്ങളെയും വന്യപക്ഷികളെയും വേട്ടയാടൽ കേസുകളും നിയന്ത്രണ നടപടികളും</u>

2636 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ കേരളത്തിൽ വന്യമൃഗങ്ങളെയും വന്യപക്ഷികളെയും വേട്ടയാടിയതിന്റെ പേരിൽ വനംവകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ, കേസുകളിൽ ഉൾപ്പെട്ട മൃഗങ്ങളുടെയും പക്ഷികളുടെയും ഇനം തുടങ്ങിയവയുടെ വിവരം വർഷം തിരിച്ച്, ജില്ല തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ അറസ്റ്റ് ചെയ്ത പ്രതികൾ, കുറ്റപത്രം സമർപ്പിച്ചവ, പ്രതികൾ ശിക്ഷിക്കപ്പെട്ടവ, വിചാരണയിലും അന്വേഷണത്തിലുമുള്ളവ, കോടതികൾ വിധിച്ച ശിക്ഷയും പിഴയും, പിടിച്ചെടുത്ത വന്യജീവി അവശിഷ്ടങ്ങൾ എന്നിവയുടെ വിവരങ്ങളും, ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, സംരക്ഷിത വനങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ, സ്വകാര്യ ഭൂമി, ജനവാസ മേഖലകൾ എന്നിങ്ങനെ സ്ഥലവിഭാഗം തിരിച്ചുള്ള കണക്കുകളും വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങളെയും വന്യപക്ഷികളെയും വേട്ടയാടുന്നതിന് നിലവിലുള്ള നിയമപ്രകാരം അനുമതി നൽകാൻ വ്യവസ്ഥയുണ്ടോയെന്നും വ്യവസ്ഥയുണ്ടെങ്കിൽ ഏത് ഇനങ്ങളെ, ഏതെല്ലാം സാഹചര്യങ്ങളിൽ, ഏത് അധികാരിയുടെ അനുമതിയോടെ വേട്ടയാടാൻ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) 2016 ഏപ്രിൽ 1 മുതൽ 2026 മെയ് 31 വരെ കേരളത്തിൽ വന്യമൃഗങ്ങളെയോ വന്യപക്ഷികളെയോ വേട്ടയാടുന്നതിന് ഔദ്യോഗികമായി നൽകിയിട്ടുള്ള അനുമതികളുടെ ഇനം, അനുമതിയുടെ ഉദ്ദേശ്യം, അനുമതി നൽകിയ അധികാരി തുടങ്ങിയ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ഇ) വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിനോ മനുഷ്യജീവനും കൃഷിക്കും സ്വത്തിനും ഭീഷണിയാകുന്ന മൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിനോ, അവയെ പിടികൂടുന്നതിനോ, മയക്കുവെടിവയ്ക്കുന്നതിനോ കൊല്ലുന്നതിനോ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അത്തരം ഉത്തരവുകളുടെ എണ്ണം, മൃഗങ്ങളുടെ ഇനം, നിയമപരമായ അടിസ്ഥാനം എന്നിവ വ്യക്തമാക്കുമോ;

(എഫ്) അനധികൃത വേട്ടയാടൽ തടയാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ, പ്രത്യേക സ്ക്വാഡുകൾ, പിടിച്ചെടുത്ത ആയുധങ്ങൾ, വാഹനങ്ങൾ, കെണികൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## പാമ്പ് കടിയേറ്റ് ചികിത്സയിൽ കഴിയുന്നവർ

2637 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പ് കടിയേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും മരണപ്പെടുന്നവർക്കുമുള്ള ധനസഹായം സമയ ബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ നിന്നുള്ള എത്ര ധനസഹായ അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## വനം വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ

2638 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വനം വകുപ്പിലെ ഒഴിവുകൾ നികത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## നാട്ടാനകളുടെ സംരക്ഷണവും കൈമാറ്റത്തിനുള്ള മാനദണ്ഡങ്ങളും

2639 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) നാട്ടാനകളെ കൈവശം വയ്ക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) നാട്ടാനകളുടെ സംരക്ഷണം, പരിചരണം, പരിശീലനം എന്നിവ കാര്യക്ഷമമാക്കുന്നതിനും നാട്ടാനകളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) നാട്ടാനകളെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിനും സംസ്ഥാനാന്തര കൈമാറ്റത്തിനും നിലവിൽ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## എംപാനൽഡ് ഷൂട്ടർമാരുടെ സേവനം

2640 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശല്യക്കാരായ കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനായി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എംപാനൽഡ് ഷൂട്ടർമാരുടെ സേവനം വിനിയോഗിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രധാന വ്യവസ്ഥകളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ;

(ബി) കാട്ടുപന്നികളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യാനുസരണം എംപാനൽഡ് ഷൂട്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വില്ലേജ്/താലൂക്ക് തലത്തിൽ മാത്രം ഏരിയ വാലിഡിറ്റിയുള്ള ആയുധ ലൈസൻസ് കൈവശമുള്ള എംപാനൽഡ് ഷൂട്ടർമാർക്ക് ലൈസൻസ് പരിധിക്ക് പുറത്തുള്ള മറ്റ് പഞ്ചായത്തുകളിലും സേവനം വിനിയോഗിക്കുന്നതിന് നിലവിലുള്ള നിയമപരമായ വ്യവസ്ഥകൾ

എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് വ്യക്തമായ മാർഗനിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാട്ടുപന്നികളുടെ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യാനുസരണം ഷൂട്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾക്കും ആയുധ ലൈസൻസ് വ്യവസ്ഥകൾക്കും വിധേയമായി ജില്ലാതലത്തിൽ സേവനം വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതോ ഏരിയ വാലിഡിറ്റി വിപുലീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതോ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഇ) കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എംപാനൽഡ് ഷൂട്ടർമാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള വാർഷിക 100 കാട്രിഡ്ജുകൾ എന്ന പരിധി പ്രവർത്തനങ്ങളുടെ ആവശ്യകതയ്ക്ക് പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആവശ്യകതയും സുരക്ഷാ മാനദണ്ഡങ്ങളും കണക്കിലെടുത്ത് ഈ പരിധി പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ആയുധ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനോ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനോ സർക്കാർ നടപടി സ്വീകരിക്കുമോ;

(ജി) ആയുധ ലൈസൻസ് അനുവദിക്കുന്നതിലും പുതുക്കുന്നതിലുമുള്ള കാലതാമസം കാരണം കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെയും ലൈസൻസ് അനുവദിക്കുന്ന അധികാരികളുടെയും ഏകോപനം ശക്തിപ്പെടുത്തുന്നതിനും എംപാനൽഡ് ഷൂട്ടർമാരുടെ സേവനം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

**<u>കുരങ്ങുശല്യവും വന്യജീവി ആക്രമണങ്ങളും പ്രതിരോധ നടപടികളും</u>**

2641 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമാകുന്ന കുരങ്ങുശല്യവും കൃഷിയിടങ്ങളിലും വീടുകളിലും കുരങ്ങുകൾ കയറി ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും പരിഭ്രാന്തിയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വ്യാപ്തി വ്യക്തമാക്കാമോ;

(ബി) ജനവാസ മേഖലകളിൽ ശല്യമുണ്ടാക്കുന്ന കുരങ്ങുകളെ കൂടുവെച്ച് പിടികൂടുന്നതിനായി വനംവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കാമോ;

(സി) കുരങ്ങുശല്യം മൂലം ജനങ്ങൾക്കും കർഷകർക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി വനംവകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന മറ്റ് പ്രധാന പദ്ധതികളും നടപടികളും ഏതൊക്കെയാണ്; വിശദമാക്കാമോ;

(ഡി) കുരങ്ങുകൾക്ക് പുറമേ ആന, പുലി തുടങ്ങിയ വന്യമൃഗങ്ങൾ തുടർച്ചയായി ജനവാസ മേഖലകളിലേക്കും കൃഷിയിടങ്ങളിലേക്കും ഇറങ്ങി മനുഷ്യജീവനും സ്വത്തിനും കൃഷിക്കും കനത്ത ഭീഷണി ഉയർത്തുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന പ്രതിരോധ സംവിധാനങ്ങൾ (സോളാർ വേലി, കിടങ്ങുകൾ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് തുടങ്ങിയവ) ഏതെല്ലാമാണ്; ഇവയുടെ കാര്യക്ഷമത ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശമോ വസ്തുവകകൾക്ക് നാശനഷ്ടമോ സംഭവിച്ചവർക്ക് നഷ്ടപരിഹാരം വേഗത്തിലും തടസ്സമില്ലാതെയും ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

<u>നിലമ്പൂർ നിയോജകമണ്ഡലത്തിൽ വന്യമൃഗാക്രമണത്താൽ പരിക്കുപറ്റിയവർക്ക് സമാശ്വാസം</u>

2642 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ വന്യമൃഗാക്രമണത്താൽ പരിക്കുപറ്റിയവർക്ക് അർഹമായ സമാശ്വാസ വിഹിതം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) വന്യമൃഗശല്യമുള്ള പ്രദേശങ്ങളിലെ കർഷകർക്ക് തോക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## <u>വന്യജീവി ആക്രമണങ്ങൾ</u>

2643 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2025-26 കാലയളവിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്ന് വിശദമാക്കാമോ;

(ബി) വന്യജീവികൾ ഉൾക്കാടുകളിൽ നിന്ന് ജനവാസമേഖലകളിൽ ഇറങ്ങുന്നതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്താൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ?

## <u>കാട്ടുപന്നികളുടെ വർധനവും കൃഷിനാശവും</u>

2644 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുപന്നികളുടെ വ്യാപകമായ വളർച്ച മൂലം കർഷകർക്കുണ്ടായ കൃഷിനഷ്ടം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വനം-വന്യജീവി പരിരക്ഷയിൽ നിന്നും കാട്ടുപന്നികളെ ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>ആനവേട്ടയുമായി ബന്ധപ്പെട്ട കേസുകൾ</u>

2645 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലകളിൽ ചരിഞ്ഞ കാട്ടാനകളുടെ കൊമ്പുകൾ മുറിച്ചുമാറ്റപ്പെട്ടതോ കാണാതായ നിലയിലോ കണ്ടെത്തിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ ഇതുവരെ പിടികൂടിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരം സംഭവങ്ങളിൽ വേട്ടസംഘങ്ങളുടെ സഹായമോ സാന്നിധ്യമോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത സംഘങ്ങൾക്കെതിരെ വനംവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

## കാട്ടുപന്നികളുടെ ശല്യം

2646 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലയിലിറങ്ങി കൃഷി നശിപ്പിക്കുകയും ജീവന് ഭീഷണിയാവുകയും ചെയ്യുന്ന കാട്ടുപന്നികളുടെ ശല്യം പ്രതിരോധിക്കുന്നത് സംബന്ധിച്ച സർക്കുലറിലെ പ്രായോഗിക തടസ്സങ്ങൾ കാരണം പല പഞ്ചായത്തുകൾക്കും നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചട്ടങ്ങളിൽ ഇളവ് വരുത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

## ന്യജീവി ആക്രമണങ്ങളിലെ നഷ്ടപരിഹാരം

2647 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം, സ്വത്തുനാശം, ജീവഹാനി എന്നിവ സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകൾ, അനുവദിച്ച തുക, വിതരണം ചെയ്ത തുക, തീർപ്പാക്കാതെ അവശേഷിക്കുന്ന അപേക്ഷകൾ എന്നിവയുടെ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ?

<u>വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടക്കാതിരിക്കാനുള്ള സംവിധാനങ്ങൾ</u>

2648 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് കടക്കുന്നത് തടയാൻ വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗ്, കിടങ്ങുകൾ, ക്രഷ് ഗാർഡ് ഫെൻസിംഗ് എന്നിവയിൽ നിലവിൽ എത്ര ശതമാനം പൂർണ സജ്ജമാണ്; വിശദമാക്കാമോ;

(ബി) തകരാറിലായ പ്രതിരോധ സംവിധാനങ്ങൾ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തുന്നതിൽ പോരായ്മകൾ സംഭവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വന്യജീവി സംഘർഷം നേരിടുന്നതിനുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ കാര്യക്ഷമത വർധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>വന്യമൃഗ ആക്രമണങ്ങൾ</u>

2649 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 5 വർഷം എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളവരെ വാച്ചർമാരായി നിയമിച്ചിട്ടുണ്ട്; കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വന്യമൃഗ ആക്രമണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന ഹോട്ട്സ്പോട്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വന്യമൃഗ ആക്രമണത്തിൽപ്പെട്ടവരുടെ നഷ്ടപരിഹാര അപേക്ഷകൾ തീർപ്പാക്കാൻ ശരാശരി എത്രദിവസം എടുക്കുമെന്ന് വിശദമാക്കാമോ?

<u>കാട്ടാന ആക്രമണം</u>

2650 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ കള്ളിച്ചിത്ര-നാടാമ്പാടം ഉന്നതിയോടു ചേർന്നുള്ള വനമേഖലയിൽ 2026 ജൂൺ 22-ന് വനത്തിൽ

വച്ച് കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ ഊരുമൂപ്പൻ ശ്രീ. ഗോപാലന് ധനസഹായം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുഖത്തും വാരിയെല്ലുകൾക്കും ഗുരുതര പരുക്കുപറ്റി ശസ്ത്രക്രിയ ഉൾപ്പടെയുള്ള ചികിത്സയ്ക്കു വിധേയനായി, കിടപ്പിലായതും, നാളിതുവരേയും യാതൊരു ജോലി ചെയ്യുന്നതിനും കഴിയാത്ത അവസ്ഥയിലുള്ള ഗോപാലന് അർഹമായ ധനസഹായം അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിന് ആർ.ആർ.ടി.**</u>

2651 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ രണ്ട് റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.ടി.) മാത്രമാണ് ഉള്ളത് എന്നതിനാൽ അടിയന്തര ഘട്ടങ്ങളിൽ കൃത്യസമയത്ത് പ്രശ്ന ബാധിത സ്ഥലത്ത് എത്തിച്ചേരാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടികവർഗ്ഗ ഉന്നതികൾ കൂടുതൽ ഉള്ള കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ കോട്ടൂർ കേന്ദ്രമാക്കി ഒരു പുതിയ ആർ.ആർ.ടി. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>**വന്യജീവിയുടെ ആക്രമണം**</u>

2652 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവിയുടെ ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടു എന്നുള്ളത് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) മരണപ്പെട്ടവർക്ക് നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകാമോ?

<u>**പുതുക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണം**</u>

2653 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ മലയോര മേഖലകളിൽ വന്യജീവി ആക്രമണവും വന്യജീവി സാന്നിധ്യവും പതിവായി ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പാലപ്പിള്ളി-ചൊക്കന മേഖലകളിൽ കാട്ടാനകളുടേയും പുലിയുടേയും സാന്നിധ്യവും ആക്രമണവും സ്ഥിരമായി ഉണ്ടാകുന്നത് തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കാട്ടാന ആക്രമണങ്ങളിൽ ഗുരുതരമായി പരിക്കുപറ്റി ചികിത്സയിലിരിക്കുന്ന കള്ളിച്ചിത്ര ഉന്നതിയിലെ ഊരുമൂപ്പൻ ഗോപാലൻ, പ്ലാന്റേഷൻ ജീവനക്കാരൻ ചൊക്കനചള്ളിയിൽ ശശി, എന്നിവർക്ക് ധനസഹായം നൽകുന്നതിന് വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

### <u>കാട്ടാന ആക്രമണത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി</u>

2654 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടാന ആക്രമണം വർദ്ധിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പാലക്കാട് അട്ടപ്പാടിയിൽ വിനോദ സഞ്ചാരിയായ സ്ത്രീ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

### <u>വന്യജീവി ആക്രമണം</u>

2655 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യജീവി ആക്രമണം മൂലം എത്ര പേരാണ് അപകടത്തിൽപ്പെട്ടതെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

### <u>കാട്ടുപന്നികളുടെ ശല്യം</u>

2656 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികൾ വനമേഖലയിൽനിന്ന് ജനവാസ മേഖലകളിലേക്കും കൃഷിയിടങ്ങളിലേക്കും ഇറങ്ങുന്നത് തടയുന്നതിനായി നിലവിൽ എന്തെല്ലാം പ്രതിരോധ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കാട്ടുപന്നികൾ കൃഷിയിടങ്ങളിൽ വ്യാപകമായി നാശം വരുത്തുന്ന സാഹചര്യത്തിൽ അവയുടെ എണ്ണം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ശല്യക്കാരായ കാട്ടുപന്നികളെ കൊല്ലുന്നതിന് നിലവിലെ നിയമങ്ങൾ അനുവദിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കാട്ടുപന്നി ശല്യം രൂക്ഷമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനായി വനംവകുപ്പ് പ്രത്യേക സർവേ നടത്തുമോ; വിശദമാക്കുമോ?

**<u>മനുഷ്യ–വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രത്യേക കേന്ദ്രസഹായം</u>**

2657 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യ–വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ് -ൽ ഉൾപ്പെടുത്തി 620 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) മനുഷ്യ–വന്യജീവി സംഘർഷം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അംഗീകാരം ലഭിക്കുന്നതിനും കേന്ദ്രവിഹിതം അനുവദിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് മനുഷ്യ–വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>കാട്ടുപന്നി ആക്രമണത്തിന്റെ വിവരങ്ങൾ</u>

2658 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുപന്നികളുടെ ആക്രമണവും ശല്യവും മൂലം മനുഷ്യർക്കും കൃഷിക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്ക്, 2021 മുതൽ നാളിതുവരെയുള്ളത് ജില്ല തിരിച്ച് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) 2021 മുതൽ നാളിതുവരെ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം എത്ര; ജില്ല തിരിച്ച് കണക്കുകൾ നൽകാമോ;

(സി) കാട്ടുപന്നി മൂലമുള്ള കൃഷിനാശത്തിന് നിലവിൽ നൽകുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് എത്രയാണ്; യഥാർഥ കൃഷിനാശത്തിന് ആനുപാതികമായി നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോ?

## <u>വന്യജീവി ആക്രമണങ്ങൾ</u>

2659 **ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ മനുഷ്യന് ജീവഹാനിയുണ്ടായ സംഭവങ്ങളുടെ എണ്ണം, വർഷം, ജില്ല എന്നിങ്ങനെ തരംതിരിച്ച് വിശദാംശം നൽകാമോ;

(ബി) ഇക്കാലയളവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവരുടെ എണ്ണം എത്ര; ചികിത്സയ്ക്കും നഷ്ടപരിഹാരത്തിനുമായി സർക്കാർ ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ;

(സി) മനുഷ്യ–വന്യജീവി സംഘർഷം ഏറ്റവും രൂക്ഷമായ വന ഡിവിഷനുകൾ ഏതൊക്കെയാണ്; അവിടങ്ങളിൽ പ്രത്യേക പ്രതിരോധ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>അനധികൃതമായി ഉപയോഗിക്കപ്പെട്ട വനഭൂമി</u>**

2660 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെയും നിയമങ്ങൾ പാലിക്കാതെയും ഇതുവരെ പതിച്ചുനൽകിയതും വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതുമായ വനഭൂമി സംബന്ധിച്ച സർക്കാരിന്റെ നയം എന്താണ്; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അനധികൃതമായി ഉപയോഗിക്കപ്പെട്ട ആകെ വനഭൂമിയുടെ വിസ്തീർണം എത്രയാണ്; പ്രസ്തുത ഭൂമിയുടെ ഉപയോഗം ക്രമവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

**<u>സംസ്ഥാനത്തെ കാട്ടാനകളുടെ മരണനിരക്കും അസ്വാഭാവിക മരണങ്ങളും</u>**

2661 **ശ്രീ. പി. പ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്ര കാട്ടാനകൾ ചെരിഞ്ഞു; റെയ്ഞ്ച് തിരിച്ചുള്ള മരണസംഖ്യ ലഭ്യമാക്കാമോ;

(ബി) ഇതിൽ അസ്വഭാവിക മരണം എത്രയാണ്; അസ്വഭാവിക മരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**<u>പെരിന്തൽമണ്ണ മണ്ഡലത്തിലെ നൈപുണ്യ വികസന കേന്ദ്രങ്ങളും പദ്ധതികളും</u>**

2662 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ യുവാക്കൾക്കായി തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിന്റെ (കെ.എ.എസ്.ഇ.) കീഴിൽ പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കോ സ്കിൽ സെന്ററുകളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സ്കിൽ കേരള, ആക്സിലറേറ്റ് കേരള പദ്ധതികൾ വഴി യുവാക്കൾക്ക് നൽകിവരുന്ന പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>നേമം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ</u>

2663 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന 2024 ജൂൺ മുതലുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>മണ്ണ്-ജല സംരക്ഷണ പദ്ധതികൾ</u>

2664 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പ്രൊജക്റ്റുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ, ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭ്യമായിട്ടുള്ളതെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കാമോ;

(സി) തളിപ്പറമ്പ് മണ്ഡലത്തിൽ നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മണ്ണ്-ജല സംരക്ഷണം, തടയണകളുടെ നിർമ്മാണം, കിണർ റീചാർജ്ജ് തുടങ്ങിയ പദ്ധതികളുടെ നിലവിലുള്ള ഭൗതികവും സാമ്പത്തികവുമായ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>കൊണ്ടോട്ടി വലിയ തോട് സംരക്ഷണം</u>**

2665 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി, പുളിക്കൽ ഗ്രാമ പഞ്ചായത്ത്, ചെറുകാവ് ഗ്രാമ പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലെ കർഷകർ ജലസേചനത്തിന് പ്രധാനമായും ആശ്രയിക്കുന്ന കൊണ്ടോട്ടി വലിയ തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കൃഷി ആവശ്യത്തിനുള്ള ജല ലഭ്യത ഉറപ്പാക്കുന്ന രീതിയിൽ തോടിന്റെ ഇരുവശങ്ങളിലെ പാർശ്വഭിത്തി മുഴുവനായി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള പ്രദേശവും, പാലക്കാട്-കോഴിക്കോട് ദേശീയ പാതയോരമായതും പരിഗണിച്ച് തോടിന്റെ ഇരുവശങ്ങളിലുമായി കട്ട വിരിച്ച് മനോഹരമാക്കി നടപ്പാതയും സൈക്കിൾ പാതയും നിർമ്മിച്ച് ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള ടൂറിസം പ്രദേശമാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

**<u>ആതവനാട് മലയിൽഭാഗത്ത് ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം</u>**

2666 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ ഭാഗമായി കോട്ടക്കൽ നഗരസഭ, ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാൽപ്പത് ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി ആതവനാട് പഞ്ചായത്തിലെ മലയിൽഭാഗത്ത് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് ജലവിഭവ(സി) വകുപ്പിലുള്ള സി3/235/2025 നമ്പർ ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

2667 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നഗരസഭ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയോട് അനുബന്ധിച്ച് അമൃത് 2.0 എസ്.ഡബ്ല്യൂ.എ.പി.-3(SWAP-3)ബഫർ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വളാഞ്ചേരി നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകളിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മാള കടവിന്റെ സംരക്ഷണം

2668 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട് ഏറെ പ്രാധാന്യമുള്ള മാള കടവ്, ബോട്ട് ജെട്ടി, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്ന പ്രവൃത്തിക്കു കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട് ഇൻ ലാൻഡ് നാവിഗേഷൻ, ജലവിഭവ വകുപ്പ്, ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി) എന്നിവർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>കുനമ്പാലം സ്ലൂയിസ്, നെയ്യൂകുടി സ്ലൂയിസ് എന്നിവയുടെ നിർമ്മാണം</u>

2669 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വളരെ പ്രധാനപ്പെട്ട കുനമ്പാലം സ്ലൂയിസ്, നെയ്യൂകുടി സ്ലൂയിസ് എന്നിവ നിർമ്മിക്കുന്നതിന് മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ, അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>മഞ്ചേരി നിയോജക മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികളുടെ പുരോഗതി</u>

2670 **ശ്രീ. എം. ഉമ്മർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിൽ നിലവിൽ ജലസേചന വകുപ്പിന്റെ കീഴിൽ (മേജർ ഇറിഗേഷൻ & മൈനർ ഇറിഗേഷൻ) നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും 2021-26 കാലയളവിൽ ഭരണാനുമതി

ലഭിച്ചതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതികളുടെ പേര്, തുക, നിലവിലെ ഭൗതിക പുരോഗതി എന്നിവ സഹിതം വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ മഞ്ചേരി മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വിഭാഗങ്ങൾ വഴി പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണ്; ഇവയ്ക്കായി ചെലവഴിച്ച തുക എത്രയാണ്;

(സി) പ്രസ്തുത മണ്ഡലത്തിലെ കാർഷിക ആവശ്യങ്ങൾക്കും കുടിവെള്ള വിതരണത്തിനുമായി തോടുകളുടെയും പുഴകളുടെയും പാർശ്വഭിത്തി സംരക്ഷണം, തടയണ (ചെക്ക്ഡാം/റെഗുലേറ്റർ) നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ എന്നിവയുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട ഏതെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ;

(ഡി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും തരത്തിലുള്ള കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## <u>പുതിയ ജലസേചന പദ്ധതികൾ</u>

2671 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജലസേചന പദ്ധതികൾ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ പദ്ധതികൾ പരിഷ്കരിച്ചും പുതിയ പദ്ധതികൾ അനുവദിച്ചും മുഴുവൻ കർഷകർക്കും കൃഷിയ്ക്ക് ആവശ്യമായ ജലലഭ്യത ഉറപ്പു വരുത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വാമനപുരം നദിയിലെ ജലലഭ്യത</u>

2672 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയിലെ ജലത്തെ ആശ്രയിച്ച് എത്ര ഗാർഹിക, വ്യവസായിക കുടിവെള്ള കണക്ഷനുകളാണ് നിലവിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലലഭ്യത ഉറപ്പാക്കുന്നതിനായി നിലവിൽ എത്ര തടയണകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി എവിടെയെല്ലാമാണ് തടയണകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത തടയണകൾ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കുന്നതിന് സഹായകരമാകുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

## പാലക്കാട് തരൂർ നിയോജക മണ്ഡലത്തിലെ കൃഷിയിടങ്ങളിലെ ജല ലഭ്യത ഉറപ്പാക്കൽ

2673 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് തരൂർ നിയോജക മണ്ഡലത്തിലെ കൃഷിയിടങ്ങളിലേക്ക് ആവശ്യമായ സമയത്ത് ജലം എത്തിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## സീതാർകുണ്ട് ഡൈവേർഷൻ സ്കീം

2674 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള സീതാർകുണ്ട് ഡൈവേർഷൻ സ്കീമിന്റെ പദ്ധതിനിർവ്വഹണം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനത്തിനായി വിദഗ്ധ സമിതി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സമിതി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിലാണ് തീർപ്പാകാതെയുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും ഓഫീസുകളിൽ നടപടികൾ തടസ്സപ്പെട്ടുനിൽക്കുന്നുണ്ടോ; എങ്കിൽ, ഇത്

പരിഹരിച്ച് തുടർനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ ദേരമ്പള ചെക്ക്ഡാം ബ്രിഡ്ജ് നിർമ്മാണം</u>**

2675 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ദേരമ്പള ചെക്ക്ഡാം ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളും സർവേയും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും പ്രൊജക്ടും തയ്യാറായിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നബാർഡിന്റെ സഹായം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ വർഷത്തെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ചെക്ക്ഡാം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികളുടെ നിർവ്വഹണം</u>**

2676 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷന്റെ കീഴിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രത്യേകിച്ച് കുട്ടനാട് - അപ്പർ കുട്ടനാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന എ.സി. കനാലിൽ പായിപ്പാട് പഞ്ചായത്തിന്റെയും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെയും പരിധിയിൽ വരുന്ന 3.5 കിലോമീറ്റർ ഭാഗത്തെ പോള നീക്കം ചെയ്യലുമായി ബന്ധപ്പെട്ട് നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മറ്റ് തോടുകളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ഒഴുക്കും പോള നിക്ഷേപിക്കാനുള്ള സ്ഥലപരിമിതിയും ടി പ്രവൃത്തികളെ ബാധിക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ചങ്ങനാശ്ശേരി - ആലപ്പുഴ ബോട്ട് റൂട്ടിലെ പോള നീക്കം ചെയ്യുന്നതിനായി ഈ വർഷം അനുവദിച്ച പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ നിലവിലെ പുരോഗതി എന്താണെന്നും ഓരോ വർഷവും നീക്കം ചെയ്യേണ്ട പോളയുടെ അളവ് കണക്കാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) വാഴപ്പള്ളി പഞ്ചായത്തിലെ ഓഡിറ്റി പാടശേഖരത്തിനു സമീപമുള്ള കലിങ്ക് നിർമ്മാണത്തിനായി തുക അനുവദിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് പ്രവൃത്തിസ്ഥലം കൈമാറിയിട്ടുണ്ടോ; കൊയ്ത്ത് കഴിഞ്ഞയുടൻ കൃഷിക്ക് തടസ്സമില്ലാത്ത രീതിയിൽ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പെരുമ്പുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം കൈമാറിയിട്ടും പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കരാറുകാരന് നൽകിയിട്ടുള്ള നിർദ്ദേശങ്ങളും തുടർന്നുള്ള അടിയന്തര നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(എഫ്) നടപ്പ് സാമ്പത്തിക വർഷത്തിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പുതുതായി എന്തെങ്കിലും വികസന പദ്ധതികളോ പൈലറ്റ് പ്രൊജക്റ്റുകളോ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് രേഖാമൂലം വ്യക്തമാക്കാമോ?

## കടൽ സുരക്ഷാഭിത്തി നിർമ്മാണം

2677 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ട്രഞ്ച് 32 (2026-27)-ൽ ഉൾപ്പെടുത്തി താനൂർ നിയോജകമണ്ഡലത്തിലെ കടൽ സുരക്ഷ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് എൻജിനിയർ (ജലസേചനം) സർക്കാരിൽ സമർപ്പിച്ച പ്രപ്പോസലിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**പൂരപ്പുഴ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

2678 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ട്രഞ്ച് 32-ൽ (2026-27) ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി താനൂർ നിയോജകമണ്ഡലത്തിലെ പൂരപ്പുഴ റെഗുലേറ്റർ കം ബ്രിഡ്ജിനായി നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ചീഫ് എൻജിനീയർ (ജലസേചനം) സർക്കാരിന് 03.10.2026 -ലെ സിഇഐഎ/7555/25-പിഎൽ5 കത്ത് മുഖേന നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥയും ടി വിഷയത്തിന്മേൽ സർക്കാരിൽ നിലവിലുള്ള എംഐ3/98/25/ഡബ്ല്യൂആർഡി ഫയലിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

**ഒഴൂർ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

2679 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷൻ, പാക്കേജ് 1 സപ്ലൈ ആന്റ് ലേയിംഗ് ഗ്രാവിറ്റി മെയിൻ എന്ന പ്രവൃത്തിക്ക് ടെണ്ടർ തുകയേക്കാൾ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിക്കും ജലനിധി ഡയറക്ടർക്കും സർക്കാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ?

**ജലസേചന പദ്ധതികളുടെ നിർമ്മാണവും പരിപാലനവും**

2680 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട, ഇടത്തരം, ചെറുകിട ജലസേചന പദ്ധതികളുടെ നിർമ്മാണം, നവീകരണം, അറ്റകുറ്റപ്പണി, പരിപാലനം എന്നിവ

കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കം മൂലം തകരാറിലായ കനാലുകൾ, തടയണകൾ, ഷട്ടറുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവ നവീകരിക്കുന്നതിനും ചോർച്ച തടയുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ജലസേചന കനാലുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും ഓരോ കൃഷിക്കാലത്തിനും മുമ്പായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സ്ഥിരമായ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

**<u>പെരുഞ്ചേരിക്കടവിലെ റഗുലേറ്റർ കം ബ്രിഡ്ജ്</u>**

2681 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുഞ്ചേരിക്കടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി പാതിവഴിയിലായതുകാരണം ജനങ്ങൾ ബുദ്ധിമുട്ടിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തിയാക്കാത്തതുകാരണം ഉപ്പുവെള്ളം കയറി കൃഷിനാശം ഉണ്ടാകുന്നതും കിണറുകളിലെ വെള്ളത്തിൽ ഉപ്പുകലരുന്നതുമായ സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മഴക്കാലം വരുന്നതോടെ ഉപ്പുവെള്ളം കയറുന്ന പ്രശ്നം രൂക്ഷമാകാനിടയുള്ള സാഹചര്യത്തിൽ, പെരുഞ്ചേരിക്കടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>ജൽജീവൻ മിഷൻ പ്രവൃത്തികളിലെ കുഴികൾ റീസ്റ്റോർ ചെയ്യൽ</u>**

2682 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പ്രവൃത്തികൾക്കായി എടുത്ത കുഴികൾ റീസ്റ്റോർ ചെയ്യാതെ ഉപേക്ഷിച്ച് പോയ സ്ഥലങ്ങളിൽ മഴയും മണ്ണൊലിപ്പും കാരണം വലിയ ഗർത്തങ്ങൾ രൂപപ്പെട്ടതും വശങ്ങൾ ഇടിഞ്ഞു വീണ് കുഴികൾ വീതികൂടി റോഡുകൾ യാത്രായോഗ്യമല്ലാതായതുമായ സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തിയുടെ കരാറുകാരൻ കരാർ ഒഴിഞ്ഞിരിക്കുന്ന സാഹചര്യത്തിലും കരാർ നൽകുമ്പോഴുള്ള അളവുകളിലുള്ള അസംസ്കൃത വസ്തുക്കൾ കൊണ്ട് നികത്താൻ കഴിയാത്ത അളവിൽ കുഴികളുടെ വലിപ്പം കൂടിയ സാഹചര്യത്തിലും നിർമ്മാണ വസ്തുക്കളുടെ നിരക്കുകളിലുണ്ടായ വലിയ വിലവർദ്ധനയുടെ സാഹചര്യത്തിലും കുഴികൾ അടയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിലേക്കായി പ്രസ്തുത കുഴികൾ റീസ്റ്റോർ ചെയ്യുന്നതിനായി വർദ്ധിപ്പിച്ച നിരക്കുകളിലുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉട്ടമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം</u>**

2683 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉട്ടമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; കാലതാമസം കൂടാതെ നടപടികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ന്യൂ കട്ട് കീരനല്ലൂർ ഗാർഡൻ സ്പേസ് പദ്ധതിക്ക് എൻ ഒ സി**

2684 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ കീരനല്ലൂർ ന്യൂ കട്ട് പ്രദേശത്ത് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ നിർമ്മിക്കുന്ന ന്യൂ കട്ട് കീരനല്ലൂർ ഗാർഡൻ സ്പേസ് പദ്ധതിക്ക് ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറുടെ എൻ.ഒ.സി. ലഭ്യമാക്കിയോ; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഫണ്ട് നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്നതിനാലും ദ്രുതഗതിയിലുള്ള നിർമ്മാണം അനിവാര്യമായതിനാലും ഈ പദ്ധതിക്ക് ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറുടെ എൻ.ഒ.സി. അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ എൻ.ഒ.സി. എന്ന് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**എറണാകുളം മാഞ്ഞാലിത്തോടും അതിന്റെ കൈവഴികളും നവീകരിക്കുന്ന പ്രവൃത്തി**

2685 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് മുപ്പത്തിയൊന്നാം ഘട്ടം ഉപയോഗിച്ച് എറണാകുളം മാഞ്ഞാലിത്തോടും അതിന്റെ കൈവഴികളും നവീകരിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് ആൻഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

2686 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിൽ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് ആൻഡ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി നബാർഡിന്റെ RIDF- XVI-ൽ ഉൾപ്പെടുത്തി 35 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും പദ്ധതി വിഭാവനം ചെയ്ത 1200 ഹെക്ടർ

പ്രദേശത്തേക്കുള്ള ജലസേചന സൗകര്യം പ്രാവർത്തികമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയിലെ പൂർത്തിയാകാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഈ വർഷത്തെ നബാർഡ് RIDF- XXXII-ൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**കുട്ടനാട് നിയോജക മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

2687 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്ത് 2026 ഏപ്രിൽ ഒന്നിന ശേഷം ഏതെല്ലാം മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും തുടർ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) കുട്ടനാടിന്റെ സവിശേഷമായ കാർഷിക-ജലസാഹചര്യം പരിഗണിച്ച്, പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ, തോടുകളുടെ ആഴം കൂട്ടൽ, ജലനിർഗമന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പായൽ-പോള നീക്കം ചെയ്യൽ എന്നിവയ്ക്കായി അധിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

2688 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

**മലമ്പുഴ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

2689 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതി പ്രകാരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും പുതിയ കണക്ഷനുകൾ

സംബന്ധിച്ച വിശദവിവരങ്ങളും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**ജലജീവൻ മിഷൻ**

2690 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ മുഖേന 2020 മുതൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ച തുകയുടെ വിശദാംശവും അവയുടെ തൽസ്ഥിതി വിവരണങ്ങളും ലഭ്യമാക്കുമോ;

(ബി) തഴക്കര പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായ ഓവർഹെഡ് ടാങ്ക് നിർമ്മാണത്തിന്റെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കാക്കികാട് കുടിവെള്ള പദ്ധതിയിലൂടെ ശുദ്ധജല വിതരണം ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ ജലജീവൻ മിഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി തകർന്ന റോഡുകൾ ടാർ ചെയ്യുവാൻ (ബിഎംബിസി/40 മില്ലി മീറ്റർ എംഎസ്എസ്/20 മില്ലി മീറ്റർ എംഎസ്എസ്) ഓരോ വകുപ്പിലും അടച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

**തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി**

2691 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി 2016-ൽ ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) 19 ഗ്രാമപഞ്ചായത്തുകൾക്കും തൃശ്ശൂർ കോർപ്പറേഷനും കുടിവെള്ളം ലഭ്യമാക്കുന്ന, കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കുന്നതിനും

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ജൽ ജീവൻ മിഷൻ പദ്ധതി**

2692 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ, നേരത്തെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് അനുവദിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) 2026 ഒക്ടോബർ 12-ന് നാഷണൽ ജൽ ജീവൻ മിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ, നേരത്തെ ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്ക് എൽ.ഒ.എ. അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് അനുവദിക്കുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ജൽ ജീവൻ മിഷന്റെ കാലാവധി 2028 ഡിസംബർ വരെ നീട്ടിയ സാഹചര്യത്തിൽ, സംസ്ഥാനത്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനപദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ച് പൂർത്തിയാക്കേണ്ട പ്രവൃത്തികൾ, ആവശ്യമായ സാമ്പത്തിക വിഹിതം, സമയക്രമം എന്നിവ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതികൾ പൂർണ്ണമായി പൂർത്തീകരിക്കുന്നതിന് ഇനി എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ, കേന്ദ്ര-സംസ്ഥാന വിഹിതം, നബാർഡ് വായ്പ, മറ്റ് സാമ്പത്തിക സ്രോതസ്സുകൾ എന്നിവയിലൂടെ ഈ തുക കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടും ലെറ്റർ ഓഫ് അക്സെപ്റ്റൻസ് അനുവദിക്കാത്തതുമൂലം പ്രവൃത്തികൾ വൈകുന്നതും കരാർ തുക വർദ്ധിക്കുന്നതും പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നത് തടസ്സപ്പെടുന്നതും ഒഴിവാക്കാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി സമയബന്ധിതമായി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**ജൽ ജീവൻ മിഷൻ പദ്ധതി**</u>

2693 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ജൽ ജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര വിഹിതമായി ഇതുവരെ എത്ര തുക ലഭിച്ചു; 2026 മെയ് വരെ സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പദ്ധതിക്കായി വായ്പ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**വിയ്യംചിറ റഗുലേറ്റർ കം ബ്രിഡ്ജ്**</u>

2694 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചശേഷം ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന/നടപ്പിലാക്കാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2023-24-ലെ ബജറ്റിൽ ഉൾപ്പെട്ട വിയ്യംചിറ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണവും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

<u>**ജലസേചന സംവിധാനം**</u>

2695 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളും തോടുകളും ചാലുകളും കൊണ്ട് ജല സമൃദ്ധമായ കാർഷിക മേഖലയിൽ കൃഷിയുടെ അഭിവൃദ്ധിയ്ക്കും കൃഷിക്കാരുടെ വിളകൾ വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും കൃഷിക്കാരുടെ സഞ്ചാരത്തിനും വേണ്ടി ആവശ്യമായ ഫാം റോഡുകളും ബണ്ടുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾക്ക് ജലസേചന വകുപ്പ് പ്രാധാന്യം നൽകുന്നുണ്ടോ;

(ബി) തോടുകളിലെയും ചാലുകളിലെയും ചെളിനീക്കി ബണ്ടിലിട്ട് ആഴംകൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനായി കാർഷിക മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) ഇതിനായി നബാർഡിൽനിന്നും പ്രത്യേക ധനസഹായങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള ഫണ്ട് ലഭ്യമാകുന്നുണ്ടോ?

<u>**മീനച്ചിൽ നദീതട പദ്ധതി**</u>

2696 **ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. കെ. പ്രേമൻ**
**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ നിന്നുള്ള അധികജലം മീനച്ചിലാറിൽ എത്തിച്ച് കുടിവെള്ളവും ജലസേചനവും ഉറപ്പാക്കുന്ന മീനച്ചിൽ നദീതട പദ്ധതിക്കായി, മുൻ സർക്കാർ വാപ്കോസുമായി ഒപ്പുവെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ കഴിഞ്ഞ അഞ്ച് മാസമായി സ്തംഭിച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുൻ സർക്കാർ ബജറ്റിൽ വകയിരുത്തിയ 3 കോടി രൂപ വിനിയോഗിച്ച്, കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ നിലവിലെ സർക്കാർ എന്തെങ്കിലും നിർമ്മാണ-പഠന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ടണൽ നിർമ്മാണം, മിനി ഡാമുകൾ എന്നിവയുൾപ്പെടെ മുൻ സർക്കാർ വിഭാവനം ചെയ്ത ഈ ബദൽ പദ്ധതിയുടെ ഡി.പി.ആർ.

സമയബന്ധിതമായി പൂർത്തിയാക്കാൻ നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷിക മേഖലയ്ക്കും കുടിവെള്ള വിതരണത്തിനും ഏറെ നിർണ്ണായകമായ ഇത്തരം ജലസേചന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>**ജലാശയങ്ങളിലെ ജലത്തിന്റെ ഗുണനിലവാരമുറപ്പാക്കാൻ നടപടി**</u>

2697 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലാശയങ്ങൾ വലിയ തോതിൽ മലിനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) മത്സ്യ മാംസ മാലിന്യങ്ങളും ശുചിമുറി മാലിന്യങ്ങളും വ്യാപകമായി നമ്മുടെ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത് മൂലം പലവിധ പകർച്ചവ്യാധികളും ജലജന്യരോഗങ്ങളും പിടിപെടുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ജലസംരക്ഷണ ബോധവത്ക്കരണവും കുറ്റക്കാർക്കെതിരെ കടുത്ത ജാഗ്രതാ ശിക്ഷണ നടപടികളും സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

<u>**ജലാശയങ്ങളിലെ പോള നീക്കംചെയ്യാൻ കർമ്മപദ്ധതി**</u>

2698 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ പോള നിറയുന്നത് മൂലം നീരൊഴുക്ക് നഷ്ടപ്പെടുകയും ജലം മലിനമാകുന്നതിനും മത്സ്യസമ്പത്തും നെൽകൃഷിയും നഷ്ടത്തിലാകുന്നതും തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പോള നീക്കം ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമക്കാമോ;

(സി) ചെറിയ തോടുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള പോളകൾ നീക്കം ചെയ്യുന്നതോടൊപ്പം എക്കൽ നീക്കുന്നതിനും നടപടികൾ ഉണ്ടാകുമോ;

വിശദാംശം ലഭ്യമാക്കാമോ?

**പുഴയോര സംരക്ഷണം**

2699 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴയോര സംരക്ഷണവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ നഗരസഭയിലും മൊകേരി പഞ്ചായത്തിലും പുഴയോരങ്ങളിൽ കരയിടിച്ചിൽ ഉണ്ടായതിനാൽ വീടുകൾ ഉൾപ്പെടെ തകർച്ചാ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പുഴയോര സംരക്ഷണവുമായി ബന്ധപ്പെട്ട് വ്യക്തികളും എം.എൽ.എ യും നൽകിയ അപേക്ഷകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

**വടക്കാഞ്ചേരി പുഴ നവീകരണ പദ്ധതി**

2700 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി പുഴ നവീകരണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**നദികളിലെ എക്കൽ മണ്ണ് നീക്കം ചെയ്യുന്നത്**

2701 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 43 നദികളിലെ എക്കൽ നീക്കം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കോഴിക്കോട് ജില്ലയിൽ നിലവിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇതിന് അനുമതിയുള്ളതെന്ന്

വ്യക്തമാക്കാമോ; ഏതെങ്കിലും പ്രദേശങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ കാരണം അറിയിക്കാമോ;

(ബി) നദികളിലെ എക്കൽ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടും അത് നടപ്പിലാക്കുന്നതിൽ നേരിടുന്ന സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിലൂടെ പതിനെട്ട് കിലോമീറ്ററോളം കടന്നുപോകുന്ന കല്ലായിപ്പുഴയുടെ ഭാഗമായ മാമ്പുഴയിലും ചാലിയാറ്റിലും മൺസൂൺ കാലത്ത് വെള്ളം കയറി വീടുകളിലും കൃഷിയിടങ്ങളിലും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചാലിയാറിലെയും മാമ്പുഴയിലെയും ആഴവും ഒഴുക്കും വർദ്ധിപ്പിച്ച് പ്രദേശത്തെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനും എക്കൽ മണ്ണും ചെളിയും തടസ്സരഹിതമായി അടിയന്തരമായി നീക്കം ചെയ്യുന്നതിനും ജലവിഭവ വകുപ്പ് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഷൊർണ്ണൂർ മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ഉരുക്ക് തടയണയുടെ പുനർ നിർമ്മാണം**

2702 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ മാന്നനൂർ റെയിൽവേസ്റ്റേഷൻ സമീപത്തായി ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ഉരുക്ക് തടയണയും പാർശ്വഭിത്തിയും 2018ലെ പ്രളയത്തിൽ ഭാഗികമായി തകർന്നതിനെത്തുടർന്ന് പുനർ നിർമ്മിക്കാൻ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 12.6 കോടി രൂപയുടെ അംഗീകാരം ലഭിച്ച് പ്രവർത്തനം ആരംഭിക്കുകയും വീണ്ടും പ്രളയത്തിൽ പാർശ്വഭിത്തി തകരുകയും ചെയ്തിരിക്കുന്ന ടി പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിൽ പൊളിച്ച പി.ഡബ്ല്യു.ഡി റോഡുകളിൽ പുനർനിർമ്മിക്കാൻ ബാക്കിയുള്ളത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തി എന്നാണ് പൂർത്തീകരിക്കുക; വിശദമാക്കാമോ;

(സി) കൃഷിക്കായി ജലം ലഭിക്കാത്ത പ്രദേശങ്ങൾ കണ്ടെത്തി ജലസേചന സൗകര്യം വിപുലീകരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കാൻ സർക്കാർ ആലോചനയുണ്ടോ; വിശദമാക്കാമോ?

<u>പ്ലാസ്റ്റിക് മാലിന്യങ്ങൾ മൂലമുള്ള ജലമലിനീകരണം</u>

2703 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ നദികളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് നദികളുടെ സ്വാഭാവിക ഒഴുക്കിനെയും ജലത്തിന്റെ ഗുണനിലവാരത്തെയും ജലജീവികളുടെ നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ നദികളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂടുതലായി അടിഞ്ഞുകൂടുന്ന മേഖലകൾ തിരിച്ചറിയുന്നതിനും അവയുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനും പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നദികളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതും ഓടകൾ മുഖേന ഒഴുകിയെത്തുന്നതും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

<u>നദികളിൽ ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം വർധിക്കുന്നത് പരിഹരിക്കാൻ നടപടി</u>

2704 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളുടെ താഴ്ന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് കുടിവെള്ള ലഭ്യതയെയും കൃഷിയെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിഭാസം തടയുന്നതിനും ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നദികളിലാണ് ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുള്ളതെന്നും വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് രൂക്ഷമാകുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) കടലിൽ നിന്നുള്ള ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം കുടിവെള്ള പദ്ധതികളെയും കാർഷിക ആവശ്യങ്ങൾക്കുള്ള ജലലഭ്യതയെയും ബാധിക്കുന്നതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ, തടയണകൾ, റെഗുലേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ കാര്യക്ഷമമായി പരിപാലിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) നദികളിലെ ജലത്തിന്റെ ലവണാംശം നിരീക്ഷിക്കുന്നതിനും കുടിവെള്ള സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സ്ഥിരമായ പരിശോധനാ സംവിധാനം നിലവിലുണ്ടോ;

(എഫ്) ഉപ്പുവെള്ളക്കയറ്റം മൂലം കുടിവെള്ളക്ഷാമവും കൃഷിനാശവും നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരപദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## നദികളിലെ ജലമലിനീകരണ നിയന്ത്രണം

2705 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നദികളിൽ വിഷവസ്തുക്കളുടെയും രാസമലിനീകരണത്തിന്റെയും സാന്നിധ്യം വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നദീജലം മലിനമാകുന്നത് തടയുന്നതിനും ജനങ്ങളുടെ ആരോഗ്യവും ജലജീവികളുടെ നിലനിൽപ്പും സംരക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നദികളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്ഥിരമായ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ; പരിശോധനയിൽ അനുവദനീയമായ പരിധിയിൽ കൂടുതലായി വിഷവസ്തുക്കളോ രാസമലിനീകരണമോ ഏതെങ്കിലും നദികളിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ, നഗരമാലിന്യങ്ങൾ, കീടനാശിനികൾ തുടങ്ങിയവ നദികളിൽ കലരുന്നത് ജലമലിനീകരണത്തിന് കാരണമാകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം ഉറവിടങ്ങൾ തിരിച്ചറിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മലിനീകരണം കണ്ടെത്തിയ നദികളിൽ നിന്നുള്ള വെള്ളം കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നത് സംബന്ധിച്ച് മുന്നറിയിപ്പുകൾ നൽകുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) നദികളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിഷവസ്തുക്കളുടെ സാന്നിധ്യം നിയന്ത്രിക്കുന്നതിനും മലിനീകരണത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുമായി സമയബന്ധിതമായ കർമപദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>**കൊണ്ടോട്ടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പ് പദ്ധതികൾ**</u>

2706 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ കൊണ്ടോട്ടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള പുരോഗതി വ്യക്തമാക്കാമോ;

(സി) കൊണ്ടോട്ടി വലിയതോട് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏകദേശം 15 കിലോമീറ്ററിലധികം നീളമുള്ളതും കൊണ്ടോട്ടി നഗരസഭ, പുളിക്കൽ ഗ്രാമപഞ്ചായത്ത്, ചെറുകാവ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ കർഷകർ പ്രധാന ജലസ്രോതസ്സായി ഉപയോഗിക്കുന്ന കൊണ്ടോട്ടി വലിയതോട് സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കനാൽ നവീകരണം</u>**

2707 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ സർക്കാർ എത്ര കോടി രൂപ അനുവദിച്ചിരുന്നെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഓയൂർ ബ്രാഞ്ച് കനാൽ ചെയിനേജ് 9500m ന് സമീപം കനാൽ തകർന്ന് ജലവിതരണം സാധ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭാഗത്ത് കനാൽ പൂർവ്വസ്ഥിതിയിലാക്കുന്നതിന് തയ്യാർ ചെയ്ത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>നെയ്യാർഡാമിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതി</u>**

2708 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാമിൽ സംഭരണ ശേഷിയെ ബാധിക്കുന്ന തരത്തിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) 2021 മുതൽ നെയ്യാർഡാമിൽ നടന്നുവരുന്നതും, അനുമതി ലഭിച്ചതുമായ വിവിധ പദ്ധതികളുടെ അടങ്കൽത്തുക, നിർമ്മാണ പുരോഗതി, നിലവിലെ

സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ;

(സി) നെയ്യാർഡാമിലെ പിക്നിക് ഹാൾ വർഷങ്ങളായി അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ആയത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) നെയ്യാർഡാം കേന്ദ്രമാക്കി ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി) ന്റെ സഹായത്തോടെ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>**മാവേലിക്കര മണ്ഡലത്തിലെ കനാലുകളുടെ പുനരുദ്ധാരണം**</u>

2709 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്നതും കർഷകർക്ക് ഏറെ പ്രയോജനം ലഭിക്കുന്നതുമായ പമ്പ ജലസേചന പദ്ധതിയുടെയും കല്ലട ജലസേചന പദ്ധതിയുടെയും കനാലുകൾ കാടുകയറിയും മാലിന്യങ്ങൾ നിറഞ്ഞും ചിലയിടങ്ങളിൽ തകർന്നും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാലുകളിലെ നീരൊഴുക്ക് ശക്തിപ്പെടുത്താൻ കനാലുകളുടെ പുനരുദ്ധാരണത്തിനും ക്ലീനിംഗിനും സ്വീകരിച്ച നടപടികളും അനുവദിച്ച തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ?

<u>**കല്ല്യാശ്ശേരി മണ്ഡലത്തിലെ വി.സി.ബി. കം ട്രാക്ടർ വേ നിർമ്മാണ പ്രവൃത്തി**</u>

2710 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം പഞ്ചായത്തിൽ മംഗലശ്ശേരി പാടശേഖരത്തിൽ കുളവയലിൽ നിർമ്മാണത്തിലിരിക്കുന്ന വി.സി.ബി. കം ട്രാക്ടർ വേ (വെന്റഡ് ക്രോസ് ബ്രിഡ്ജ് കം ട്രാക്ടർ വേ) നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ പൂരക്കടവ് റെഗുലേറ്റർ കം ട്രാക്ടർ വേയുടെ മുകൾഭാഗത്തെ

പാർശ്വസംരക്ഷണ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ പൊതുകുളം നവീകരണം**

2711 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നിന്നും പൊതുകുളം നവീകരണത്തിനായി എത്ര പദ്ധതികൾ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ?

**മലമ്പുഴ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യൽ**

2712 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പ്രധാന അണക്കെട്ടായ മലമ്പുഴ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള ചളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം**

2713 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് ആനമലയാർ, നീരാർ-നല്ലാർ പദ്ധതികൾ സംബന്ധിച്ച ആവശ്യം തമിഴ്നാട് വീണ്ടും ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കരാറിലെ വ്യവസ്ഥകൾ മറികടന്ന് ആനമലയാർ, നീരാർ-നല്ലാർ പദ്ധതികൾ നടപ്പിലാക്കിയാൽ അത് ഇടമലയാർ ഉൾപ്പെടെയുള്ള കേരളത്തിന്റെ പദ്ധതികളിലേക്കുള്ള നീരൊഴുക്കിനെയും സംസ്ഥാന താത്പര്യത്തെയും പ്രതികൂലമായി ബാധിക്കുമെന്നുള്ള പഠനങ്ങൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേരളത്തിന്റെ പരിധിയിലുള്ള പറമ്പിക്കുളം സിസ്റ്റം അണക്കെട്ടുകളുടെ പൂർണ ഉടമസ്ഥാവകാശവും പ്രവർത്തന നിയന്ത്രണവും കേരളത്തിന് വിട്ടുകിട്ടുന്നതിനും ചിറ്റൂർ പുഴയിലെ അധിക ജലമായ 2.5 ടി.എം.സി. കേരളത്തിന് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം സമയബന്ധിതമായി പൂർത്തിയാക്കി നിലവിലെ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം പൂർണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വേണമെന്ന ആവശ്യം**</u>

2714 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വേണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിനെതിരെ തമിഴ്നാട് നിലപാട് സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം ചെന്നൈയിൽ ഈയിടെ നടന്ന ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ യോഗത്തിൽ കേരളം ഉന്നയിച്ചിരുന്നോ വ്യക്തമാക്കാമോ;

(സി) അടിക്കടിയുണ്ടാകുന്ന പ്രളയത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും സാഹചര്യം കണക്കിലെടുത്ത് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>**മുണ്ടോർശ്ശിക്കടവ് തടയണ, പനയൂർക്കാവ് ചെക്ക്ഡാം**</u>

2715 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സ് മേഖലാ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ ഒറ്റപ്പാലം മണ്ഡലത്തിലെ

മുണ്ടോർശ്ശിക്കടവ് തടയണ നിർമാണം, പനയൂർക്കാവ് ചെക്ക്ഡാം നിർമാണം എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>അമ്പലപ്പാറ, കടമ്പൂർ പനയൂർക്കാവ് ചെക്ക്ഡാം നിർമാണത്തിന് വകയിരുത്തിയ തുക</u>**

2716 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള 5 കോടി രൂപയുടെ ചെറുകിട ജലസേചന വകുപ്പിന് നിർവഹണ ചുമതലയിലുള്ള സീരിയൽ നം. 189 - അമ്പലപ്പാറ, കടമ്പൂർ പനയൂർക്കാവ് ചെക്ക്ഡാം നിർമാണം എന്ന പ്രവൃത്തിക്ക് 2 കോടി രൂപ നിലനിർത്തിക്കൊണ്ട്, ബാക്കി 3 കോടി രൂപ 2026-27 വർഷത്തെ ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ള ഒറ്റപ്പാലം - കണ്ണിയംപുറം - ഈസ്റ്റ് ഒറ്റപ്പാലം തോടുകളുടെ ഇരുവശവും കെട്ടി കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയിലേക്ക് മാറ്റി അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള എംഐ/103/2026-ഡബ്ല്യൂആർഡി (കമ്പ്യൂട്ടർ നമ്പർ. 3595355) ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>തീരദേശ സംരക്ഷണത്തിനും കടലാക്രമണം തടയുന്നതിനുമുള്ള പദ്ധതികൾ</u>**

2717 **ശ്രീ. അപ്പു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ സംരക്ഷണത്തിനും കടലാക്രമണം തടയുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തിരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) കേരള സുസ്ഥിര തീരദേശ സംരക്ഷണ-കാലാവസ്ഥാ പ്രതിരോധ പദ്ധതിക്കായി ഏഷ്യൻ വികസന ബാങ്കിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി,

നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ, തിരിച്ചറിഞ്ഞ പ്രദേശങ്ങൾ എന്നിവ വ്യക്തമാക്കുമോ;

(സി) കടലാക്രമണം രൂക്ഷമായ തീരദേശ മേഖലകളിൽ കടൽഭിത്തി നിർമ്മാണം, പുലിമുട്ട് നിർമ്മാണം, തീരശോഷണം തടയുന്നതിനുള്ള മറ്റ് ശാസ്ത്രീയ പ്രതിരോധ മാർഗങ്ങൾ എന്നിവയ്ക്കായി നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## വെള്ളാർ പനത്തുറ ഭാഗത്ത് പുലിമുട്ട് നിർമ്മാണം

2718 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ വെള്ളാർ പനത്തുറ പ്രദേശത്തെ രൂക്ഷമായ കടലാക്രമണം മൂലം ജനവാസ മേഖലകൾക്കും വീടുകൾക്കും ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്തെ അപകടാവസ്ഥ തരണം ചെയ്യുന്നതിലേക്ക് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പനത്തുറ പ്രദേശത്ത് കടലാക്രമണത്തിന് ശാശ്വത പരിഹാരമായ പുലിമുട്ട് നിർമ്മാണത്തിന് സർക്കാർ പദ്ധതികൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയും പദ്ധതി അടങ്കൽ തുകയും വ്യക്തമാക്കുമോ?

## എറണാകുളം നഗരത്തിലെ ഫയർ ഹൈഡ്രന്റുകൾ

2719 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിൽ തീപിടിത്തമുണ്ടാകുന്ന സാഹചര്യങ്ങളിൽ ഫയർ എഞ്ചിനുകൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി എത്ര ഫയർ ഹൈഡ്രന്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിന് നഗരത്തിൽ ഏതൊക്കെ സ്ഥലങ്ങളാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## കുമ്പളങ്ങി പഞ്ചായത്തിലെ ആഞ്ഞിലിത്തറ – മണക്കുർ പ്രധാന സ്ലൂയിസ് നിർമ്മാണം

2720 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിത്തറ-മണക്കൂർ പ്രധാന സ്ലൂയിസിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 12-ൽ ഉൾപ്പെടുന്ന ആഞ്ഞിലിത്തറ സ്ലൂയിസിന് സമീപമുള്ള പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങൾക്കും ആഞ്ഞിലിത്തറ-മണക്കൂർ റോഡ് നിർമ്മാണത്തിനുമായി മൈനർ ഇറിഗേഷൻ വകുപ്പ് ₹2.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിന്റെ തൽസ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കുകയെന്നും വ്യക്തമാക്കാമോ?

**പെരിഞ്ചേരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്**

2721 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഉപ്പുരസം കലരാത്ത ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ പഞ്ചായത്തിൽ തുടക്കം കുറിച്ച പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതു വർഷമാണ് പദ്ധതിക്ക് തുടക്കം കുറിച്ചതെന്നും എത്ര ലക്ഷം രൂപയായിരുന്നു അന്ന് പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടന്നു വരുന്നുണ്ടോ; ഇല്ലെങ്കിൽ അത് നിർത്തിവെയ്ക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

2722 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കാണത്തോട് റെഗുലേറ്റർ കം ബ്രിഡ്ജ്**

2723 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ പുതുക്കാട്, പറപ്പൂക്കര ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയിൽ നിർമ്മിക്കുന്ന കാണത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്ന് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**പഴശ്ശി ജലസേചന പദ്ധതിയുടെ ഉപയോഗശൂന്യമായിക്കിടക്കുന്ന ഭൂമി**

2724 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തതും പദ്ധതി പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിക്കാത്തതുമായ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിവിധ സ്ഥലങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ മറ്റ് സർക്കാർ വകുപ്പുകൾക്കോ നിയമാനുസൃതമായി കൈമാറി ഗ്രാമീണ

റോഡുകൾ, പൊതുവഴികൾ, മറ്റ് പൊതുജനോപകാരപ്രദമായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

## വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

2725 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മണ്ണട്ടാംപാറ തെക്കേ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) മുള്ളൻകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പന്ത്രണ്ട് ലക്ഷം രൂപ ചെലവഴിച്ച് മേജർ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കുന്ന കുളിക്കടവ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

## ജലവിഭവ വകുപ്പിന് കീഴിലുള്ള പ്രവൃത്തികളും പദ്ധതികളും

2726 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ കൃത്യമായ കണക്കുകളും നിലവിലെ പുരോഗതിയും പൂർത്തീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന സമയപരിധിയും വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ വെള്ളപ്പൊക്ക നിയന്ത്രണം, നദികളുടെയും തോടിന്റെയും സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് എന്തൊക്കെ പുതിയ പദ്ധതികളാണ് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിന്റെ പരിധിയിൽ കാലപ്പഴക്കം കൊണ്ടും അറ്റകുറ്റപ്പണികൾ നടത്താത്തത് മൂലവും നിലവിൽ പൂർണ്ണമായോ ഭാഗികമായോ

പുനരുദ്ധാരണം ആവശ്യമായ വിവിധ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തകർന്നുകിടക്കുന്നതോ പ്രവർത്തനരഹിതമായോ ഉള്ള പ്രസ്തുത പദ്ധതികളുടെ കണക്കുകൾ പഞ്ചായത്ത് തിരിച്ചോ പ്രദേശം തിരിച്ചോ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(എഫ്) കാർഷിക മേഖലയ്ക്കും കുടിവെള്ള വിതരണത്തിനും ഏറെ പ്രയോജനപ്രദമായ പ്രസ്തുത ഇറിഗേഷൻ പദ്ധതികൾ അടിയന്തരമായി പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും വകുപ്പ് തലത്തിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>തെറ്റിയാറും ആമയിഴഞ്ചാൻ തോടും പുനരുജ്ജീവിപ്പിക്കുന്നതിന് നടപടികൾ</u>

2727 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ജല സ്രോതസ്സായും പരിസ്ഥിതി സന്തുലനത്തിന് സംഭാവന നൽകി കൊണ്ടിരിക്കുന്നതുമായ ആമയിഴഞ്ചാൻ തോടും അതിന്റെ കൈവഴികളും തെറ്റിയാർ തോടും അതിന്റെ കൈവഴികളും നിലവിൽ നശിച്ച കൊണ്ടിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രണ്ട് തോടുകളുടെയും ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ;

(സി) നദികളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും ഉള്ള കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അടിസ്ഥാനത്തിൽ തെറ്റിയാറിന്റെയും ആമയിഴഞ്ചാൻ തോടിന്റെയും പുനരുജ്ജീവനത്തിന് വേണ്ടിയിട്ടുള്ള പദ്ധതി തയ്യാറാക്കുന്നതിനെ കുറിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഡി) തെറ്റിയാറിന്റെയും ആമയിഴഞ്ചാൻ തോടിന്റെയും ഇരുകരകളും നിരന്തരം ഇടിയുന്നതിലൂടെ കർഷകരുടെയും പൊതുജനങ്ങളുടെയും ജീവനും സ്വത്തിനും അപകടമാവുന്നത് തടയുവാൻ പ്രസ്തുത തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

**തരൂർ നിയോജക മണ്ഡലത്തിലെ പരുവാശ്ശേരി വലുകുളം നവീകരണം**

2728 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ പരുവാശ്ശേരി വലുകുളം നവീകരണം (പ്ലാൻ ഫണ്ട് 80 ലക്ഷം) പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

**ഗ്രൗണ്ട് വാട്ടർ മുഖേന തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

2729 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിതുക, പ്രവൃത്തിയുടെ പേര് എന്നിവ സഹിതം വിശദമാക്കാമോ;

(ബി) ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും വിശദവിവരങ്ങൾ, ഉത്തരവുകൾ, മാർഗരേഖകൾ, മാനദണ്ഡങ്ങൾ എന്നിവ സഹിതം ലഭ്യമാക്കാമോ?

**ബോർവെൽ നിർമ്മാണത്തിന് ഡിപ്പാർട്ട്മെന്റിന്റെ കൃത്യമായ മേൽനോട്ടം**

2730 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിൽ പെടുന്ന കടയ്ക്കൽ, കുമ്മിൾ, ചടയമംഗലം, ചിതറ, നിലമേൽ പഞ്ചായത്തുകളിൽ മുൻകാലങ്ങളിൽ ഭൂജലവകുപ്പ് ചെയ്ത ബോർവെൽ നിർമ്മാണങ്ങളിൽ പരാജയശതമാനം കൂടുതലായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് ബന്ധപ്പെട്ട കരാറുകാരിൽ അല്ലെങ്കിൽ ഉദ്യോഗസ്ഥരിൽ നിന്നു തിരിച്ചുപിടിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചടയമംഗലം നിയോജക മണ്ഡലത്തിൽ ബോർവെൽ നിർമ്മാണത്തിന് ഉചിതമായ സ്ഥലം കണ്ടെത്തുമ്പോൾ ജിയോളജിക്കൽ സർവ്വേയുടെ ഒപ്പം തന്നെ ജിയോ ഫിസിക്കൽ സർവ്വെയും നിർബന്ധമായും നടത്താറുണ്ടോ; ഉണ്ടെങ്കിൽ കുഴൽക്കിണർ നിർമ്മാണം ഡിപ്പാർട്ട്മെന്റ് റിഗ് ഉപയോഗിച്ച് തന്നെയാണോ നടത്തുന്നത്;

(സി) ജില്ലയിൽ കാര്യക്ഷമതയുള്ള റിഗ് ലഭ്യമല്ലെങ്കിൽ മറ്റു ജില്ലയിൽ നിന്നും റിഗ് എത്തിച്ച് പ്രവൃർത്തി ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ടെണ്ടർ നൽകിക്കഴിഞ്ഞ പ്രവർത്തികളിൽ ഡിപ്പാർട്ട്മെന്റിന്റെ കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തുമോ?

**വാട്ടർ അതോറിറ്റിയുടെ പഴയ പൈപ്പുകൾക്ക് പകരം പുതിയത് സ്ഥാപിക്കൽ**

2731 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ വളരെ പഴക്കമുള്ള പൈപ്പുകൾ പൊട്ടി ചോർച്ച ഉണ്ടാകാൻ സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) അത്തരം പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) പഴയ പൈപ്പുകൾ മാറ്റേണ്ട പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് പൊളിക്കേണ്ടി വരുമ്പോൾ വീണ്ടും ടാർ ചെയ്യാനായി നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിച്ച് നല്കാൻ നടപടി സ്വീകരിക്കുമോ?

**സർക്കാർ കുടിവെള്ള കമ്പനിയായ ഹില്ലി അക്വയുടെ കപ്പാസിറ്റി**

2732 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള കുടിവെള്ള കമ്പനിയായ ഹില്ലി അക്വയുടെ കപ്പാസിറ്റി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; കമ്പനിയുടെ വാർഷിക വിറ്റുവരവ് എത്രയാണെന്നും നിലവിൽ എവിടെയൊക്കെയാണ് കമ്പനിയുടെ നിർമ്മാണ കേന്ദ്രങ്ങൾ ഉള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഹില്ലി അക്വയുടെ കുപ്പിവെള്ളത്തിന്റെ ലഭ്യത കേരളത്തിൽ എല്ലാ ജില്ലകളിലും എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(സി) കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ഹില്ലി അക്വയുടെ കുപ്പിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് റെയിൽവേയുമായി ധാരണയിൽ എത്തുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## <u>നേമം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമവും ജലവിതരണ ശൃംഖലയുടെ വികസനവും</u>

2733 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ക്രമരഹിതവും രൂക്ഷവുമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിലേക്ക് വേണ്ടിയിട്ടുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ജനസംഖ്യാവർധനവിന് അനുസൃതമായി കുടിവെള്ളം എത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാലപ്പഴക്കം ചെന്നതും വ്യാപ്തി കുറഞ്ഞതുമായ പൈപ്പ് ലൈനുകൾ, ചോർച്ചകൾ, വിതരണശൃംഖലയിലെ മറ്റു പോരായ്മകൾ എന്നിവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം തടസ്സമില്ലാതെ എത്തിക്കുന്നതിന് ആവശ്യമായ സ്റ്റോറേജ് ടാങ്കുകൾ, പമ്പിങ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ നിലവിൽ ഏതെങ്കിലും പുതിയ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ ഒട്ടുമല കോളനി നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നത്**

2734 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിലെ ഒട്ടുമല കോളനി നിവാസികൾക്ക് സുഗമമായി കുടിവെള്ളം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനിയിലെ നിവാസികൾക്ക് ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഒട്ടുമല കോളനിയിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിലാണ്; പ്രസ്തുത ഫയൽ എത്രകാലമായി തീർപ്പാക്കാതെ നിലനിൽക്കുന്നുവെന്നും ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കുടിവെള്ള പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി നിർദേശിച്ച തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒടുക്കിയ തുക, തീയതി, തുടർനടപടികൾ എന്നിവ വ്യക്തമാക്കുമോ;

(ഇ) കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനെത്തുടർന്ന് അധിക തുക ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക തുക ആവശ്യപ്പെടാനുണ്ടായ സാഹചര്യം, തുകയുടെ വിശദാംശങ്ങൾ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ എന്നിവ വ്യക്തമാക്കുമോ;

(എഫ്) കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിലും ജലവിതരണം ഉറപ്പാക്കുന്നതിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഒട്ടുമല കോളനി നിവാസികൾക്ക് സ്ഥിരമായി കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**ഒല്ലൂർ നിയോജക മണ്ഡലത്തിലെ വാണിയമ്പാറ കുളത്തിന്റെ നവീകരണവും ജലസംഭരണശേഷി വർധിപ്പിക്കലും**

2735 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാണിയമ്പാറ കുളത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുളത്തിന്റെ നവീകരണം, ജലസംഭരണശേഷി വർധിപ്പിക്കൽ, മഴവെള്ള സംഭരണം, സമീപപ്രദേശങ്ങളിലെ ജലലഭ്യത മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി ജലസേചന വകുപ്പിന്റെ ഇടപെടൽ ആവശ്യമായിട്ടുണ്ടോ; ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വാണിയമ്പാറ കുളത്തിന്റെ നവീകരണത്തിനായി മണ്ണ് പര്യവേക്ഷണ–മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയും സമർപ്പിച്ചിട്ടുള്ള പദ്ധതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത കുളത്തിന്റെ നവീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ആവശ്യമായ സാങ്കേതിക സഹായവും മറ്റ് നടപടികളും ഉറപ്പാക്കുമോ?

<u>**റോഡ് റീഫോർമേഷൻ പ്രവൃത്തി**</u>

2736 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾ ജലജീവൻ മിഷൻ പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എടുത്ത കുഴികൾ മൂടി റോഡ് പൂർവ്വ സ്ഥിതിയിലാക്കാത്തതിനാൽ റോഡ് തകരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ-കുറ്റേരി-കല്ലുവളപ്പ്-കണ്ണവം-കണ്ണങ്കോട് റോഡിൽ ജലജീവൻ മിഷൻ പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചതിന് ശേഷം റീഫോർമേഷൻ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള വാട്ടർ അതോറിറ്റി

ചെയ്യണമെന്ന വ്യവസ്ഥയോടെ 2024-ൽ അനുമതി നൽകിയിരുന്നുവെങ്കിലും രണ്ട് വർഷം കഴിഞ്ഞിട്ടും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുന്നതിനും തകർന്ന റോഡുകളെല്ലാം പൂർവ്വ സ്ഥിതിയിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

<u>**ബേപ്പൂർ മണ്ഡലത്തിലെ തീരസംരക്ഷണ പദ്ധതികൾ**</u>

2737 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ബേപ്പൂർ, ചാലിയം, കൊളത്തറ, കടലുണ്ടി, ചെറുവണ്ണൂർ, ഗോതീശ്വരം ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ തീരസംരക്ഷണത്തിനായി കടൽഭിത്തി, പുലിമുട്ട്, ജിയോട്യൂബ് എന്നിവ നിർമ്മിക്കുവാൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പുതുതായി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കുമെന്ന് അറിയിക്കാമോ?

<u>**കേരള വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ**</u>

2738 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കോസ്റ്റ് കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളിലെ പമ്പ്, മോട്ടോർ എന്നിവ പ്രവർത്തന രഹിതമാകുമ്പോൾ അറ്റകുറ്റപ്പണി നടത്തുന്നതിന് നിലവിൽ സ്വീകരിച്ചു പോരുന്ന നടപടിക്രമം വിശദമാക്കുമോ; ഇതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരള വാട്ടർ അതോറിറ്റിക്ക് സ്വന്തമായി ഇലക്ട്രോ മെക്കാനിക് യൂണിറ്റുകൾ നിലവിൽ എവിടെയെല്ലാമാണുള്ളത്; ഇത് എല്ലാ ഡിവിഷനിലും ആരംഭിക്കുന്നത് ലാഭകരമാണോ; എങ്കിൽ ഇത് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത യൂണിറ്റ് ആരംഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ വാഹനം, വിദഗ്ധ തൊഴിലാളികൾ, മെറ്റീരിയൽസ് എന്നിവയ്ക്ക് തുക എങ്ങനെയാണ് കണ്ടെത്തുന്നത് എന്നറിയിക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിൽ കടൽക്ഷോഭം നേരിടുന്നതിനും തീരശോഷണം തടയാനുമുള്ള പദ്ധതികൾ**

2739 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കടൽക്ഷോഭം നേരിടുന്നതിനും തീരശോഷണം തടയുന്നതിനുമായി ഏതൊക്കെ പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ അംഗീകാരം ലഭിച്ചവ, പദ്ധതിയുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

**ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനുള്ള തുക**

2740 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. പഴകുളം മധു**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ കാലാവധി 2028 ഡിസംബർ വരെ നീട്ടിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ജില്ല തിരിച്ച് പൂർത്തിയാക്കേണ്ട പ്രവൃത്തികൾ, ആവശ്യമായ സാമ്പത്തിക വിഹിതം, സമയക്രമം എന്നിവ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ജലജീവൻ മിഷൻ പദ്ധതികൾ പൂർണമായി പൂർത്തീകരിക്കുന്നതിന് നിലവിൽ എത്ര കോടി രൂപ ആവശ്യമായി വരുമെന്ന്

കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര-സംസ്ഥാന വിഹിതം, നബാർഡ് വായ്പ, മറ്റ് സാമ്പത്തിക സ്രോതസ്സുകൾ എന്നിവയിലൂടെ പ്രസ്തുത തുക കണ്ടെത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നബാർഡ് മുഖേന എടുത്ത ₹9,000 കോടി രൂപ വായ്പയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം സർക്കാരിനാണോ കേരള വാട്ടർ അതോറിറ്റിക്കാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി, പലിശ നിരക്ക്, തിരിച്ചടവ് ആരംഭിക്കുന്ന തീയതി, തിരിച്ചടവിനുള്ള സാമ്പത്തിക സ്രോതസ്സ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടും ലെറ്റർ ഓഫ് അക്സപ്റ്റൻസ് അനുവദിക്കാത്തതുമൂലം പ്രവൃത്തികൾ വൈകുന്നതും, കരാർ തുക വർധിക്കുന്നതും, പൊതുജനങ്ങളുടെ കുടിവെള്ളലഭ്യത തടസ്സപ്പെടുന്നതും ഒഴിവാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദേശങ്ങൾ നൽകി പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ജലജീവൻ പദ്ധതി</u>**

2741 **ശ്രീ. സജി ചെറിയാൻ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. ടി. എം. ശശി**
**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തുടനീളം വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകൾ, പൈപ്പിടൽ പൂർത്തിയായിട്ടും പൂർവ്വസ്ഥിതിയിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളോ കരാറുകാരോ തയ്യാറാകാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് പുനർനിർമ്മാണത്തിന് ആവശ്യമായ തുക വാട്ടർ അതോറിറ്റി ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം കൈമാറാത്തതും, വാട്ടർ അതോറിറ്റി, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവ

തമ്മിലുള്ള ഏകോപനമില്ലായ്മയും ഈ പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ടെന്ന കാര്യം പരിശോധിക്കുമോ;

(സി) വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾക്കും ഫണ്ടില്ലായ്മയ്ക്കും പുറമെ, സർക്കാരിൽ നിന്നുള്ള കുടിശ്ശികകൾ വർദ്ധിച്ചതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തത് പദ്ധതികളെ സ്തംഭനാവസ്ഥയിൽ എത്തിച്ചിട്ടുണ്ടെന്ന് ഉയരുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി നടപ്പിലാക്കിയ സി.എം.എൽ.എൽ.ആർ.പി. പദ്ധതിയുടെ മാതൃകയിൽ, നിലവിൽ തകർന്നുകിടക്കുന്ന ഗ്രാമീണ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി പ്രത്യേക ഫണ്ട് വകയിരുത്തി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വ്യക്തമാക്കാമോ?

**<u>അടൂർ മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന ജലസേചന സംവിധാനങ്ങളുടെ നവീകരണം</u>**

2742 **ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ നിലവിലെ ജലസേചന പദ്ധതികളും, കുടിവെള്ളവിതരണ സംവിധാനങ്ങളും കാലപ്പഴക്കം ചെന്ന് കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയാത്തതിനാൽ ജലസേചന കനാലുകൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ നവീകരിക്കുന്നതിനും പഴയ ജലവിതരണ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>ചാലക്കുടി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി</u>**

2743 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ ജൽ ജീവൻ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

**<u>ജൽ ജീവൻ പദ്ധതി നിർവഹണം</u>**

2744 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങളിലെ കാലതാമസം, കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിലെ പ്രശ്നങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ലക്ഷ്യത്തിലെത്തുന്നതിന് നേരിടുന്ന പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജലസംഭരണികൾ, ജലശുദ്ധീകരണ പ്ലാന്റുകൾ, പമ്പിങ് സംവിധാനങ്ങൾ, വിതരണ പൈപ്പ്ലൈനുകൾ എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടോ; കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തിയ കരാറുകാർക്ക് ബില്ലുകൾ മാറി നൽകുന്നതിൽ കുടിശ്ശികയോ കാലതാമസമോ നിലനിൽക്കുന്നുണ്ടോ; ഇതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടോ;

(ഡി) പൈപ്പിടുന്നതിനായി പൊളിച്ച റോഡുകൾ പുനർനിർമിക്കാത്തതുമൂലം പൊതുജനങ്ങൾക്കും വാഹനയാത്രക്കാർക്കും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പദ്ധതി നിർവഹണത്തിലെ കാലതാമസം പരിഹരിക്കുന്നതിനും പൂർത്തിയാകാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കുടിവെള്ള കണക്ഷനുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കുന്നതിനും ജില്ലാതലത്തിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**<u>ഇരവിപുരം മണ്ഡലത്തിലെ തീരദേശ മേഖലകളിലെ കുടിവെള്ള ക്ഷാമം</u>**

2745 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയമസഭാ മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ ശുദ്ധജലലഭ്യതക്കുറവും കുടിവെള്ളക്ഷാമവും രൂക്ഷമായി അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലകളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള പൈപ്പ്ലൈനുകളുടെ നവീകരണം, വാട്ടർ അതോറിറ്റിയുടെ പുതിയ കുടിവെള്ള പദ്ധതികൾ എന്നിവയിൽ ഏതൊക്കെയാണ് നിലവിൽ നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വേനൽക്കാലത്തും കടലാക്രമണ സമയങ്ങളിലും തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉയർന്ന ശേഷിയുള്ള വാട്ടർ ടാങ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) ഇരവിപുരം തീരദേശത്തെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വരാനിരിക്കുന്ന പദ്ധതികളിൽ പ്രത്യേക തുക വകയിരുത്തുമോയെന്നും ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

<u>സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കലും വ്യാപനവും</u>

2746 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള സ്മാർട്ട് വാട്ടർ മീറ്ററുകൾ പല സ്ഥലങ്ങളിലും തകരാറിലാകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്മാർട്ട് വാട്ടർ മീറ്ററുകളുടെ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഉപഭോക്താക്കൾക്ക് കൃത്യമായ ജല ഉപഭോഗം രേഖപ്പെടുത്തി ബിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്മാർട്ട് വാട്ടർ മീറ്റർ സംവിധാനം വ്യാപിപ്പിക്കുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; എല്ലാ ജല ഉപഭോക്താക്കൾക്കും സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിന്

സമയബന്ധിതമായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കരാറുകാരുടെ കുടിശ്ശിക**

2747 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ വിവിധ അറ്റകുറ്റപ്പണി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം ബില്ലുകൾ മാറി പണം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാറുകാർക്ക് നൽകാനുള്ള ആകെ കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പണം ലഭിക്കുന്നതിലെ കാലതാമസം കാരണം നിലവിലുള്ള കരാറുകാർ പലരും അറ്റകുറ്റപ്പണി പ്രവൃത്തികൾ നിർത്തിവയ്ക്കുകയും പുതിയ കരാറുകാർ ടെൻഡറുകൾ ഏറ്റെടുക്കാൻ മുന്നോട്ടുവരാതിരിക്കുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(സി) റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥകൾ കൂടുതൽ ആകർഷകമാക്കാനും തടസ്സമില്ലാതെ അറ്റകുറ്റപ്പണികൾ മുന്നോട്ട് കൊണ്ടുപോകാനും കരാർ വ്യവസ്ഥകളിൽ ആവശ്യമായ ഇളവുകളോ മാറ്റങ്ങളോ വരുത്താൻ ആലോചിക്കുന്നുണ്ടോ?

**കുടിവെള്ളത്തിന്റെ സുരക്ഷിതത്വം**

2748 **ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. സി. അജയപ്രസാദ്**
**ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതമായ കുടിവെള്ളത്തിന്റെ സാർവത്രിക ലഭ്യത എന്നത് ജനതയുടെ അടിസ്ഥാന ആവശ്യവും മനുഷ്യാവകാശവുമാണെന്ന യൂനിസെഫിന്റെ പ്രഖ്യാപിത നയം കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിലൂടെ ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

(ബി) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വേണ്ടി ജലശുദ്ധീകരണ സംവിധാനങ്ങൾക്കും വിതരണ ശൃംഖലയ്ക്കും മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ ജലവിതരണ ശൃംഖലയിലേക്ക് മലിനജലം കടക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി തടയുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ഡി) കേരളസംസ്ഥാന വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ?

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണവും ജലവിതരണ പദ്ധതികളും**

2749 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി, അനുവദിച്ച തുക, ചെലവഴിച്ച തുക, പൂർത്തീകരണത്തിനുള്ള കാലാവധി എന്നിവ വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്നതും ജലവിതരണം തടസ്സപ്പെടുന്നതും സംബന്ധിച്ച് ലഭിച്ച പരാതികൾ എത്രയാണെന്നും ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ ശേഷി വർധിപ്പിക്കുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലും മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ച് പ്രത്യേക പ്രവർത്തനപദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ?

**മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം**

2750 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിൽ നിലവിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ കുടിവെള്ളമെത്തിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വേനൽക്കാലത്തും സമാന സാഹചര്യങ്ങളിലും ദ്വീപ് നിവാസികൾക്ക് തടസ്സമില്ലാതെ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ശാശ്വതമായ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**പയ്യനാട് സബർബൻ കുടിവെള്ള പദ്ധതിയുടെ പുരോഗതി**

2751 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഭരണാനുമതി ലഭിച്ച മഞ്ചേരി നഗരസഭയിലെ പയ്യനാട് സബർബൻ കുടിവെള്ള പദ്ധതി, എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രവൃത്തി തടസ്സപ്പെട്ടതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ അനുസരിച്ച് പദ്ധതി കരാറെടുത്ത റീന എൻജിനിയേഴ്സ് കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് മേൽ വാട്ടർ അതോറിറ്റി ചുമത്തിയ പിഴ ഒഴിവാക്കി നൽകാനും, പകരം സർക്കാർ/വാട്ടർ അതോറിറ്റിക്കെതിരെ കമ്പനി നൽകിയ കേസുകൾ പിൻവലിക്കാനും യോഗത്തിൽ ധാരണയായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഇനിയും കിഫ്ബി അംഗീകാരം ആവശ്യമുണ്ടോ; എങ്കിൽ അത് ലഭ്യമാക്കുന്നതിന് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിർത്തിവെച്ച എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നേക്ക് പുനരാരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; 2027 മാർച്ച് 31-ഓടെ പയ്യനാട്, തടപ്പറമ്പ് ഭാഗങ്ങളിലേക്ക് കുടിവെള്ളം പൂർണ്ണമായി എത്തിച്ചു നൽകാൻ കഴിയുന്ന തരത്തിൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

**കുടിവെള്ള ചോർച്ച**

2752 **ശ്രീ. വി. ജോയി**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. പി. കെ. പ്രവീൺ**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗണ്യമായ ഭാഗം ചോർച്ചയിലൂടെ നഷ്ടപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കുടിവെള്ള ചോർച്ച പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മിക്കയിടങ്ങളിലും മാസങ്ങളോളം ചോർച്ച ഉണ്ടായിട്ടും അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കാത്തതുമൂലം ജല അതോറിറ്റിക്ക് സാമ്പത്തികനഷ്ടവും അതോടൊപ്പം കുടിവെള്ളം നഷ്ടമാകുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിവെള്ള പൈപ്പുകളിലെ ചോർച്ച കണ്ടെത്തി യഥാസമയം അവ പരിഹരിക്കുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുമോ; വിശദമാക്കാമോ?

**ബ്രിഡ്ജ് കം റഗുലേറ്റർ നിർമ്മാണം**

2753 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല, ചിറയിൻകീഴ് താലൂക്കുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാമനപുരം നദിയിൽ കൊല്ലമ്പുഴ ഭാഗത്ത്

ബ്രിഡ്ജ് കം റെഗുലേറ്റർ നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് ഏത് സ്ഥാപനത്തിനെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം</u>**

2754 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങൾ പഞ്ചായത്ത്/ നഗരസഭ തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള കുടിവെള്ള പദ്ധതികൾ പ്രകാരം പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>**

2755 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ പദ്ധതികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ നഗര-ഗ്രാമ പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ അടിയന്തരമായി കുടിവെള്ളം എത്തിക്കുന്നതിനും പുതിയ കുടിവെള്ള പദ്ധതികൾ

നടപ്പിലാക്കുന്നതിനും ജലവിഭവ വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>നെന്മാറ നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണം</u>**

2756 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള ജലശുദ്ധീകരണശാലകളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതും കാലഹരണപ്പെട്ട പൈപ്പ്ലൈൻ വിതരണശൃംഖലകൾ മാറ്റിസ്ഥാപിക്കേണ്ടതും അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ പുതിയ കുടിവെള്ള സംഭരണികൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>നെന്മാറ പി.എച്ച്. സെക്ഷൻ</u>**

2757 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ നെന്മാറ പി.എച്ച്. സെക്ഷനു കീഴിൽ നിലവിൽ എത്ര കുടിവെള്ള കണക്ഷനുകളുണ്ടെന്നും ഏതൊക്കെ പഞ്ചായത്തുകളാണ് ഇതിൽ ഉൾപ്പെടുന്നതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെക്ഷനിൽ അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ തസ്തികകളും നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) വലിയ ഭൂവിസ്തൃതിയും കണക്ഷനുകളുടെ വർദ്ധനവും പറമ്പിക്കുളം ഉൾപ്പെടെയുള്ള മലയോര മേഖലകളും ഉള്ളതിനാൽ നിലവിലെ

പരിമിതമായ ജീവനക്കാരെ വച്ച് ദൈനംദിന അറ്റകുറ്റപ്പണികളും സേവനങ്ങളും നടത്താൻ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭരണപരമായ കാര്യക്ഷമതയും സുഗമമായ കുടിവെള്ള വിതരണത്തിനുമായി നെന്മാറ സെക്ഷൻ വിഭജിച്ച് കൊല്ലങ്കോട് ആസ്ഥാനമാക്കി പുതിയ വാട്ടർ സപ്ലൈ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**കുടിവെള്ള വിതരണം ദീർഘിപ്പിക്കൽ**</u>

2758 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ആനതാഴ്ചിറ പ്രദേശത്തും സമീപ വാർഡുകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്ക് 2021-2022-ലെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ ഭരണാനുമതി ലഭ്യമാകാത്തതിന്റെ സാങ്കേതികവും ഭരണപരവുമായ കാരണങ്ങൾ എന്തൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച എസ്റ്റിമേറ്റുകൾ, അവയുടെ നിലവിലെ സ്ഥിതി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിരവധി തവണ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിൽ കാലതാമസം നേരിട്ട സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയുടെ കണ്ടെത്തലുകളും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; ഈ പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>**കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടി**</u>

2759 **ശ്രീ. വർഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കുപ്പിവെള്ള കമ്പനികളുടെ വിശദാംശങ്ങൾ രജിസ്ട്രേഷൻ നമ്പർ, തദ്ദേശസ്വയംഭരണ സ്ഥാപനം, ജില്ല ഇവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇത്തരം കുപ്പിവെള്ള കമ്പനികളുടെ വെള്ളത്തിന്റെ ഗുണനിലവാരം ആരാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗുണനിലവാരം സംബന്ധിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാറുണ്ടോ; എങ്കിൽ എത്ര കാലയളവിലേക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പരാതി സമർപ്പിക്കാൻ പൊതുജനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യം എന്താണെന്ന് വ്യക്തമാക്കാമോ?

**<u>കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി</u>**

2760 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. ബി. ബി. ഗോപകുമാർ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വാട്ടർ അതോറിറ്റി വഴി കുടിവെള്ള കണക്ഷൻ ലഭിക്കാത്ത ഗ്രാമീണ/നഗര വീടുകളുടെ ആകെയുള്ള എണ്ണം ജില്ല അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാറിന്റെ ജലജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനിയെത്ര വീടുകൾ കൂടി കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം താലൂക്കുകളിലാണ്/പ്രദേശങ്ങളിലാണ് നിലവിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വേനൽക്കാല കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ജൽ ജീവൻ മിഷൻ പദ്ധതി വഴിയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാൻ റോഡ് പുനരുദ്ധാരണം, ട്രീറ്റ്മെൻ്റ് പ്ലാന്റുകളുടെ നിർമ്മാണം എന്നിവയിലെ കാലതാമസം കാരണം കുടിവെള്ള കണക്ഷനുകൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>തളിപ്പറമ്പിൽ ജലഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കൽ</u>**

2761 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധന ലാബുകളുടെ (വാട്ടർ ടെസ്റ്റിംഗ് ലബോറട്ടറി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിലും സമീപ പ്രദേശങ്ങളിലും നിലവിൽ സർക്കാർ സംവിധാനങ്ങൾക്ക് കീഴിൽ ജലഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) തളിപ്പറമ്പിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായി പരിശോധിക്കുന്നതിനും ജലജന്യ രോഗബാധകൾ ഫലപ്രദമായി തടയുന്നതിനും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമായി തളിപ്പറമ്പിൽ ഒരു ജലഗുണനിലവാര പരിശോധന ലാബ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ, ഇത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കാമോ?

**<u>കുപ്പിവെള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് നടപടി</u>**

2762 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) മുഖാന്തരം അരുവിക്കരയിൽ നടപ്പിലാക്കുന്ന

കുപ്പിവെള്ള കമ്പനിയിൽ 300ml, 500ml കുപ്പിവെള്ളം വിതരണം നടക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.ഐ.ഐ.ഡി.സി മുഖാന്തരം അരുവിക്കരയിൽ നടപ്പിലാക്കുന്ന കുപ്പിവെള്ള കമ്പനി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(സി) ആലുവ, മാവൂർ, ശാസ്താംകോട്ട എന്നിവിടങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ കുപ്പിവെള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ജല അതോറിറ്റിയുടെ കീഴിലെ പ്രവൃത്തികൾ</u>**

2763 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ജല അതോറിറ്റിക്കു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ കാഞ്ഞിരപ്പാറ-കാനം-ചാമംപതാൽ റോഡിൽ പൈപ്പിടുന്നതിനായി പോർട്ടലിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ, റെസ്റ്റോറേഷൻ പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് അധികൃതർ ഡിമാൻഡ് നോട്ടീസ് നൽകിയിട്ടും ഇതുവരെ തുക ഒടുക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; ഇതിനാൽ കരാർ നൽകി സൈറ്റ് കൈമാറിയ പ്രസ്തുത പൊതുമരാമത്ത് റോഡ് പ്രവൃത്തി നീളുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശബരിമല സീസൺ ആരംഭിക്കാനിരിക്കെ, പ്രസ്തുത റോഡിലെ പൈപ്പിടുന്ന പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് വേണ്ടി റെസ്റ്റോറേഷൻ തുക പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള ഫാക്ടറി</u>**

2764 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കുപ്പിവെള്ള ഫാക്ടറി കെ.ഐ.ഐ.ഡി.സി. യ്ക്ക് ലീസിന് നൽകിയതിലൂടെ 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷത്തിലും കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച തുകയും പ്രസ്തുത ഫാക്ടറിയുടെ വരുമാനം, ചെലവ്, ലാഭം അല്ലെങ്കിൽ നഷ്ടം എന്നിവയുടെ കണക്കുകൾ സാമ്പത്തിക വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കുപ്പിവെള്ള ഫാക്ടറി കെ.ഐ.ഐ.ഡി.സി. യ്ക്ക് ലീസിന് നൽകിയ കരാർ നിലവിലുണ്ടോ; എങ്കിൽ, കരാർ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) കരാർ കാലാവധി അവസാനിക്കുന്നമുറയ്ക്ക് പ്രസ്തുത ഫാക്ടറി തിരിച്ചെടുക്കുന്നതിന് സർക്കാർ താത്പര്യപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഫാക്ടറി കൈമാറിയ സമയത്ത് പ്രവർത്തനച്ചെലവുകൾക്കും പ്രവർത്തനമൂലധനത്തിനുമായി കേരള വാട്ടർ അതോറിറ്റി കെ.ഐ.ഐ.ഡി.സി. യ്ക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫാക്ടറിയുടെ നിലവിലുള്ള ബാങ്ക് ബാലൻസ്, നീക്കിയിരിപ്പ് തുക, ലഭിക്കാനുള്ള തുകകൾ, നൽകാനുള്ള ബാധ്യതകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഫാക്ടറി കൈമാറിയ സമയത്ത് കേരള വാട്ടർ അതോറിറ്റി കെ.ഐ.ഐ.ഡി.സി. യ്ക്ക് അനുവദിച്ച മൂലധന തുകയിൽ നിന്നും ചെലവായ തുകയുടെ കണക്കും നിലവിൽ കൈവശമുള്ള തുകയുടെ കണക്കും ലഭ്യമാക്കാമോ;

(ജി) കെ.ഐ.ഐ.ഡി.സി. യ്ക്ക് ലീസിന് നൽകിയ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കുപ്പിവെള്ള ഫാക്ടറിയുടെ 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും ബാലൻസ് ഷീറ്റ് ലഭ്യമാക്കാമോ?

<u>**കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വാടകയ്ക്ക് നൽകിയിട്ടുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും**</u>

2765 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളതോ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലങ്ങളും കെട്ടിടങ്ങളും ജലനിധി, കെ.ഐ.ഐ.ഡി.സി., മറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ കെട്ടിടത്തിനും സ്ഥലത്തിനും പ്രതിമാസം നിശ്ചയിച്ചിട്ടുള്ള വാടക, 2016 ഏപ്രിൽ ഒന്ന് മുതൽ 2026 മാർച്ച് 31 വരെ ഓരോ സാമ്പത്തിക വർഷത്തിലും ഓരോ കെട്ടിടത്തിനും ലഭിച്ച വാടകത്തുക, പ്രസ്തുത കാലയളവിലെ വാടക കുടിശ്ശിക തുടങ്ങിയവയെ കുറിച്ചുള്ള വിവരങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ടി കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും അറ്റകുറ്റപ്പണികൾക്കും മറ്റിനത്തിലും ചെലവഴിച്ച തുകയുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ജലനിധി, കെ.ഐ.ഐ.ഡി.സി., മറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർക്ക് വാടകക്ക് നൽകിയിട്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളതോ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലങ്ങൾക്കും കെട്ടിടങ്ങൾക്കും വാടക കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പുനലൂർ ജിക അസിസ്റ്റഡ് വാട്ടർ സപ്ലൈ പ്രോജക്ടുമായി ബന്ധപ്പെട്ട ലഗൂൺ പുനരുദ്ധരിക്കൽ</u>

2766 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നഗരസഭയിലുൾപ്പെട്ട തൊളിക്കോട് എന്ന സ്ഥലത്ത് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ ആറേക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ജിക അസിസ്റ്റഡ് വാട്ടർ സപ്ലൈ പ്രൊജക്ടുമായി ബന്ധപ്പെട്ട ലഗൂൺ വൃത്തിയാക്കി കാടുകൾ നീക്കം ചെയ്ത് നവീകരിച്ച് ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ട് സ്ഥലം

എം.എൽ.എ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പരിസരവാസികൾക്കും പൊതുജനങ്ങൾക്കും ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ച് പരിസ്ഥിതി മലിനീകരണവും സാംക്രമികരോഗ ഭീഷണിയുമുയർത്തുന്ന ഈ ലയൺ മാലിന്യവിമുക്തമാക്കി കാടുകൾ നീക്കി പുനരുദ്ധരിക്കുന്നതിന് ജലവിഭവ വകുപ്പ് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>കഴക്കൂട്ടം മണ്ഡലത്തിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി</u>**

2767 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു ഒരു പരിധി വരെ പരിഹരിക്കുവാൻ സ്വാഭാവിക ജലസ്രോതസ്സുകൾ ആയ കുളങ്ങളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 53 ഓളം കുളങ്ങൾ നവീകരിച്ച് സംരക്ഷിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ;

(സി) കുളങ്ങളുടെ സംരക്ഷണത്തിനായും മറ്റും കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള അമൃത് സരോവർ പദ്ധതി പ്രകാരം ഏതൊക്കെ പദ്ധതികളാണ് ഈ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ മുഴവൻ കുളങ്ങളും നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദീകരിക്കാമോ?

**<u>തിരുവനന്തപുരം ജില്ലാ നിർമിതി കേന്ദ്രത്തിന്റെ കുടിശ്ശിക</u>**

2768 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ നിർമിതി കേന്ദ്രത്തിന് വിവിധ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച ഇനത്തിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുകകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പാണഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം**

2769 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിച്ച് ബില്ലുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് തീർപ്പാകാനുള്ള ബില്ലുകളിൽ തുക അനുവദിച്ച് നടപടികൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ സമയപരിധി നിശ്ചയിച്ച് നടപടികൾ പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകാമോ?

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഭവന നിർമ്മാണ പദ്ധതികൾ**

2770 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്കായി എന്തൊക്കെ പ്രത്യേക പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്ന പദ്ധതിയിൽ നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) സർക്കാരിന്റെ ഭവനനിർമ്മാണ സഹായങ്ങളും മാനദണ്ഡങ്ങളും വിശദമായി ഇനംതിരിച്ച് ലഭ്യമാക്കാമോ?

**കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ക്വാർട്ടേഴ്സ് /ഫ്ലാറ്റ് നിർമ്മാണം**

2771 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ കീഴിൽ കെട്ടിട നിർമ്മാണ പ്രവർത്തി ആരംഭിച്ച കാഞ്ഞങ്ങാട്ടെ മാവുങ്കാൽ, പരപ്പ എന്നിവിടങ്ങളിലെ സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്/ഫ്ലാറ്റ് നിർമ്മാണം ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾക്ക് വേണ്ടി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നീക്കിവെച്ചതെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ കരാർ ആർക്കാണ് നൽകിയത് എന്ന് വിശദമാക്കാമോ;

(ഡി) നിർമ്മാണം തുടങ്ങിയിട്ടും പണിപൂർത്തിയാകാതെ നീളുന്നതിന്റെ സാഹചര്യങ്ങൾ വിശദമാക്കാമോ?

**കൊച്ചി മണ്ഡലത്തിനായുള്ള പ്രത്യേക ഭവന പദ്ധതികൾ**

2772 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ വകുപ്പും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡും മുഖേന സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാന ഭവനനിർമ്മാണ പദ്ധതികൾ, ഭവനവായ്പാ പദ്ധതികൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങളും ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ധനസഹായം, സബ്സിഡി, പലിശ ഇളവുകൾ എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) കൊച്ചി നിയോജകമണ്ഡലത്തിൽ, പ്രത്യേകിച്ച് ചെല്ലാനം, പശ്ചിമകൊച്ചി തുടങ്ങിയ തീരദേശ-നഗരമേഖലകളിൽ ഭവനനിർമാണ ബോർഡ് വഴി

നടപ്പിലാക്കാൻ പ്രത്യേക പദ്ധതികളോ ഭവനസമുച്ചയങ്ങളോ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ കൊച്ചിക്ക് പ്രത്യേക ഭവനപദ്ധതി അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യ നീതി വകുപ്പിന്റെ ക്ഷേമ പദ്ധതികൾ

2773 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളിലേക്ക് അപേക്ഷിക്കാൻ അർഹരായിട്ടുള്ള വിഭാഗങ്ങൾ ആരാണെന്നും അപേക്ഷിക്കാൻ അർഹമായ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും അപേക്ഷിക്കേണ്ടത് എങ്ങനെയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമൂഹ്യ നീതി വകുപ്പ് പുതുതായി നടപ്പിലാക്കിയതോ ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ ആയ ക്ഷേമ പദ്ധതികളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ എന്തെന്നും വ്യക്തമാക്കാമോ?

## കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പിനുകീഴിലുള്ള പദ്ധതികൾ

2774 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പിന് കീഴിൽ നിലവിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെയെല്ലാം നിലവിലെ പ്രവർത്തന പുരോഗതിയും നടത്തിപ്പും ഏത് രീതിയിലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികൾ വഴി ഇതുവരെ എത്രത്തോളം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുകഴിഞ്ഞിട്ടുണ്ട് എന്നതിന്റെ കൃത്യമായ കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടികൾ**

2775 **ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി ഉയർത്താൻ ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) കാഴ്ചപരിമിതർ ഉൾപ്പടെയുള്ള ഭിന്നശേഷിക്കാർക്ക് തടസ്സരഹിതയാത്ര ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഭിന്നശേഷിക്കാരുടെ കലാ-കായിക മികവുകൾ പ്രദർശിപ്പിക്കാൻ ഒരുക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) പഠന വൈകല്യങ്ങളും ഭിന്നശേഷിയും നേരത്തെ തിരിച്ചറിയാൻ അംഗൻവാടികൾ മുഖേന സംവിധാനങ്ങളൊരുക്കാൻ പദ്ധതിയുണ്ടോ; അറിയിക്കാമോ?

**സി.ഡി.എം.ആർ.പി. ക്ലിനിക്കുകൾ**

2776 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം (സി.ഡി.എം.ആർ.പി) ക്ലിനിക്കുകൾ കേരളത്തിൽ പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ സി.ഡി.എം.ആർ.പി. ക്ലിനിക്കുകൾ അടച്ച് പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) സി.ഡി.എം.ആർ.പി. ക്ലിനിക്കുകൾ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലേക്ക് മാറ്റുന്നതിനോ ലയിപ്പിക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(ഡി) ഏതെങ്കിലും ശാസ്ത്രീയ പഠനത്തിന്റേയോ വിദഗ്ധരുടെ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ മാറ്റം എന്നുള്ളത് വിശദമാക്കാമോ;

(ഇ) മേൽ പ്രകാരമുള്ള തീരുമാനം കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഭിന്നശേഷിക്കാർ/ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കുള്ള ക്ഷേമപദ്ധതികൾ**

2777 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരത്തോടെയും സാമ്പത്തിക സഹായത്തോടെയും പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, ഭിന്നശേഷി പുനരധിവാസ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ അംഗീകൃത സ്പെഷ്യൽ സ്കൂളുകൾക്ക് വകുപ്പിൽ നിന്ന് ലഭ്യമാകേണ്ട ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതവും അദ്ധ്യാപകർക്കും ആയമാർക്കും നൽകിവരുന്ന ഓണറേറിയവും നിലവിൽ കുടിശ്ശികയാണോ; എങ്കിൽ പ്രസ്തുത കുടിശ്ശിക തീർപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഭിന്നശേഷിക്കാർക്കായി വകുപ്പ് നടപ്പിലാക്കുന്ന സ്വാവലംബൻ ഇൻഷ്വറൻസ്, യു.ഡി.ഐ.ഡി കാർഡ് വിതരണം, സഹായ ഉപകരണങ്ങളുടെ വിതരണം എന്നിവ ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമയബന്ധിതമായി ലഭ്യമാക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സ്വയംതൊഴിൽ സഹായം, ഐഡന്റിറ്റി കാർഡ് വിതരണം, പുനരധിവാസം എന്നിവ ലക്ഷ്യമിട്ട് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്കും മറ്റ് പാർശ്വവൽകൃത

വിഭാഗങ്ങൾക്കുമായി സാമൂഹ്യനീതി വകുപ്പ് വഴി അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികളുടെയും വകയിരുത്തിയ ഫണ്ടിന്റെയും പൂർണ്ണ വിവരങ്ങൾ നൽകാമോ?

## പരിയാരം പഞ്ചായത്തിലെ സി.ഡി.എം.ആർ.പി. കമ്മ്യൂണിറ്റി ക്ലിനിക്കിന്റെ പ്രവർത്തനം

2778 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ സൈക്കോളജി വിഭാഗവും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന സി.ഡി.എം.ആർ.പി.(കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം) പദ്ധതിയുടെ കീഴിൽ പരിയാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ക്ലിനിക്കിന്റെ പ്രവർത്തനം 2026 സെപ്റ്റംബർ 30-ഓടെ അവസാനിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ പത്തു വർഷമായി വിജയകരമായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത ക്ലിനിക്ക് വഴി ഭിന്നശേഷിക്കാർ, ഓട്ടിസം, സെറിബ്രൽ പാൾസി, ലേണിംഗ് ഡിസെബിലിറ്റി തുടങ്ങിയ വെല്ലുവിളികൾ നേരിടുന്ന 450-ലധികം കുട്ടികൾക്ക് സൈക്കോളജി, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ തുടങ്ങിയ സേവനങ്ങൾ സൗജന്യമായി ലഭിച്ചിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും സന്നദ്ധ സ്ഥാപനങ്ങളിലും സ്വകാര്യ ക്ലിനിക്കുകളിലും വൻ തുക നൽകി ചികിത്സ തേടാൻ സാധിക്കാത്തതുമായ കുടുംബങ്ങൾക്ക് ഈ സൗജന്യസേവനം ഇല്ലാതാകുന്നതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം 2026-27 സാമ്പത്തികവർഷത്തിന് ശേഷവും തടസ്സമില്ലാതെ തുടരുന്നതിനും, ക്ലിനിക്കിന്റെ നടത്തിപ്പിന്

ആവശ്യമായ പ്രോജക്ട് ഫണ്ട്/അലവൻസ് പുനഃസ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ആശ്വാസകിരണം പദ്ധതി</u>**

2779 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ പ്രതിമാസ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിൽ ആനുകൂല്യം നൽകിത്തുടങ്ങിയിട്ടുണ്ടോ;

(ബി) 2026 ജൂൺ മുതൽ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, ചെലവഴിച്ച തുക, ആനുകൂല്യം ലഭിക്കാനുള്ളവരുടെ എണ്ണം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ധനസഹായം കുടിശ്ശികയായിട്ടുണ്ടെങ്കിൽ അത് എത്രയെന്നും കുടിശ്ശിക തീർക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

**<u>വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ</u>**

2780 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) വയോജനങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ നടത്തുന്ന പകൽവീടുകൾ, വയോജന മന്ദിരങ്ങൾ എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ;

(സി) അർഹരായ എല്ലാ വയോജനങ്ങൾക്കും ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

**<u>കുട്ടികളുടെ ചികിത്സാ സഹായത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>**

2781 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ചികിത്സാ സാഹായത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഭിന്നശേഷി സംവരണവും ഭിന്നശേഷി നിയമനവും**

2782 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധ്യാപക-അനധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണം എത്ര ശതമാനമായാണെന്ന് വ്യക്തമാക്കാമോ;

(ബി) നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നിർബന്ധമായതിനാൽ അനർഹർ വ്യാപകമായി ഭിന്നശേഷി ലിസ്റ്റിൽ കയറി കൂടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ സർക്കാർ, എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ അനർഹർ ഭിന്നശേഷി സംവരണ വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതികളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി., എച്ച്.എസ്.എസ്.ടി. തസ്തികകളിൽ നിയമനം നേടിയ അധ്യാപകർക്കെതിരേയും വ്യാജ ഭിന്നശേഷി സർട്ടിഫിക്കറ്റ് നേടിയവർക്കെതിരേയും ഏതെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടികൾ ഓരോന്നും ഇനം തിരിച്ച് വിശദമാക്കുമോ?

**ഭിന്നശേഷിക്കാരുടെ കുടുംബ പെൻഷനുള്ള വരുമാന പരിധി**

2783 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ കുടുംബ പെൻഷനുള്ള വരുമാന പരിധിയിൽ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ വരുമാനം ബാധകമാക്കേണ്ടെന്ന

ഭിന്നശേഷി കമ്മീഷന്റെ ശിപാർശ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഭിന്നശേഷി കുട്ടികൾക്ക് സ്പെഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി**

2784 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൗദ്ധികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വിദ്യാഭ്യാസവും പരിശീലനവും പരിചരണവും ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ദൂരയാത്രയും സാമ്പത്തിക ബുദ്ധിമുട്ടുകളും ഒഴിവാക്കി പ്രാദേശികതലത്തിൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഓരോ നിയമസഭാ മണ്ഡലത്തിലും ആവശ്യാനുസരണം പ്രത്യേക സ്കൂളുകൾ ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സ്കൂളുകൾ ആരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ കെട്ടിടസൗകര്യം, പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, തെറാപ്പി സൗകര്യങ്ങൾ, സഹായ ഉപകരണങ്ങൾ, ഗതാഗത സൗകര്യം എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

2785 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്മനാ വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, സ്ട്രോക്ക് വന്ന് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ എന്നിവരുടെ ചികിത്സയ്ക്കും സംരക്ഷണത്തിനുമായി സാമൂഹ്യനീതി വകുപ്പ് വഴി നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് അപകടങ്ങളിലോ മറ്റ് നിർഭാഗ്യകരമായ സംഭവങ്ങളിലോ പെട്ട് കൈകാലുകൾ നഷ്ടപ്പെടുകയോ തളർന്നുപോവുകയോ ചെയ്തവർക്ക് കൃത്രിമ അവയവങ്ങൾ, ഉപകരണങ്ങൾ, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് എന്തെല്ലാം പ്രത്യേക പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ളവർക്ക് ധനസഹായം, ചികിത്സാ സഹായം, പെൻഷൻ, ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളും അപേക്ഷാ രീതികളും വിശദമാക്കുമോ;

(ഡി) ഗുരുതരമായ ശാരീരിക/മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക ആശ്വാസം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ ആശ്വാസകിരണം പോലെയുള്ള പദ്ധതികൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്കതമാക്കാമോ; ഇവ കൂടുതൽ വിപുലമാക്കാൻ ഘട്ടങ്ങളായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>**ഭിന്നശേഷി സംവരണ നിയമനങ്ങൾ**</u>

2786 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചിട്ടുള്ള 4% സംവരണ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ നികത്താനുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2023 - 2026 കാലയളവിൽ ഭിന്നശേഷി സംവരണ തത്ത്വപ്രകാരം പി.എസ്.സി വഴി നടത്തിയ നിയമനങ്ങളുടെ എണ്ണം വകുപ്പ് തിരിച്ച് അറിയിക്കാമോ;

(സി) ഭിന്നശേഷിക്കാർക്കായുള്ള ബാക്ക്‌ലോഗ് തസ്തികകൾ നികത്തുന്നതിനായി പ്രത്യേക നിയമന ഡ്രൈവ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ പുരോഗതി എന്താണ്;

(ഡി) ഭിന്നശേഷി നിയമനങ്ങളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവുകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന്

ഉറപ്പുവരുത്താൻ എന്തെല്ലാം ഭരണപരമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**<u>അംഗപരിമിതരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി</u>**

2787 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇലക്ട്രിക് വീൽ ചെയറുകൾ ആവശ്യക്കാർക്ക് മുഴുവൻ ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അംഗപരിമിതർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നാല്പത് ശതമാനം വൈകല്യം ഉറപ്പു വരുത്തുന്ന നടപടി കൂടുതൽ ലളിതവും വേഗത്തിലുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>കാഴ്ച പരിമിതിയുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി</u>**

2788 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസ്ഥി സംബന്ധമായ വൈകല്യങ്ങൾക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ നൽകുന്ന ശതമാനം ഒരു കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടവർക്കു കൂടി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ ബോർഡിന്റെ പരിശോധനയിൽ ഒരു കണ്ണിന്റെ കാഴ്ച തിരിച്ചു ലഭിക്കാത്തവിധം നഷ്ടപ്പെട്ടവരെ നാല്പത് ശതമാനം വൈകല്യമുള്ളവരായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

**<u>പാറശാല മണ്ഡലത്തിലെ ഭിന്നശേഷിക്കാരുടെയും ഓട്ടിസം ബാധിച്ചവരുടെയും പുനരധിവാസം</u>**

2789 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പാറശാല നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന 9 ഗ്രാമപഞ്ചായത്തുകളിലായി സർക്കാർ രേഖകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ ഭിന്നശേഷിക്കാരുടെയും ഓട്ടിസം ബാധിച്ചവരുടെയും എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരക്കാരുടെ സാമൂഹികവും വ്യക്തിപരവുമായ ഉന്നമനത്തിനും പുനരധിവാസത്തിനുമായി സാമൂഹ്യനീതി വകുപ്പ് വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (തദ്ദേശ പദ്ധതികൾ/ബജറ്റ് വിഹിതം) മുഖേനയും നടപ്പിലാക്കിയിട്ടുള്ള നിലവിലെ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി വിനിയോഗിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായതും ഓട്ടിസം ബാധിച്ചതുമായ കുട്ടികൾക്ക് ആശ്വാസകരമായ രീതിയിൽ സേവനമനുഷ്ഠിക്കുന്ന കരാർ അധിഷ്ഠിത സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം ജീവിതചെലവിന് അനുസൃതമായി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) എല്ലാ പൊതുവിദ്യാലയങ്ങളിലും ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠന സൗകര്യവും മാനസിക പിന്തുണയും പൂർണ്ണമായി ഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കുന്നതിനും തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനും അല്ലെങ്കിൽ പുനഃക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>ട്രാൻസ്ജൻഡർ വ്യക്തികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമവും പുനരധിവാസവും</u>**

2790 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ട്രാൻസ്ജൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി മുൻസർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാരായവർക്ക് UDID കാർഡും ആധാർകാർഡും എടുക്കുന്നതിനും, പുതുക്കുന്നതിനുമുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ബൗദ്ധിക ഭിന്നശേഷിയുള്ളവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(ഡി) ഭിന്നശേഷിക്കാരായവരുടെ മാതാപിതാക്കൾക്ക് പ്രായമാവുകയോ മരണപ്പെടുകയോ ചെയ്താൽ ഭാവികാലം ഭിന്നശേഷിക്കാർക്ക് സുരക്ഷിത താമസവും ദീർഘകാല പരിചരണവും ഉറപ്പാക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികളുണ്ടോ; വിശദമാക്കാമോ?

**ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഭിന്നശേഷിക്കാരുടെ ഉന്നമനം**

2791 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര ഭിന്നശേഷിക്കാരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) അവർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്;

(സി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**ഭിന്നശേഷിക്കാരുടെ ക്ഷേമപദ്ധതികൾക്കായി അനുവദിച്ച തുക**

2792 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭിന്നശേഷിക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 10 വർഷത്തിനിടയിൽ ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

**അനുയാത്ര പദ്ധതി**

2793 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് തെറാപ്പികളും പരിശീലനങ്ങളും ലഭ്യമാക്കുന്നതിനായി അനുയാത്ര പദ്ധതിയുടെ ഭാഗമായി ആരംഭിച്ച മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകളുടെ (MCRC) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള എക്സിറ്റ് പോളിസിയെക്കുറിച്ച് വിശദമാക്കാമോ;

(സി) മട്ടന്നൂർ നഗരസഭയിലെ ബഡ്സ് സ്കൂളിനെ എം.സി.ആർ.സി. ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഈ സ്ഥാപനത്തിന് എന്തൊക്കെ പിന്തുണ നൽകാനാകുമെന്ന് വിശദമാക്കാമോ?

<u>**അംഗപരിമിതരായ ജീവനക്കാരുടെ പ്രമോഷനും ആനുകൂല്യങ്ങളും**</u>

2794 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരായ ജീവനക്കാരുടെ പ്രമോഷനും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി ബഹു. ഹൈക്കോടതി ഉത്തരവാകുകയും ആയത് സുപ്രീംകോടതി ശരിവെച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തെങ്കിലും ആയത് ലഭ്യമാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോടതി വിധി നടപ്പിലാക്കി, വർഷങ്ങളായി ഒരേ തസ്തികയിൽ ജോലി ചെയ്തുവരുന്ന അംഗപരിമിതരായ ജീവനക്കാർക്ക് അനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സാമൂഹ്യ നീതി വകുപ്പിന്റെ പരിഗണനയിലുള്ള എസ്.ജെ.ഡി.-ബി1/250/2021-എസ്.ജെ.ഡി. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം**</u>

2795 **ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള അവശ്യമരുന്നുകളുടെ വിതരണം കഴിഞ്ഞ മൂന്നുമാസമായി നിലച്ചുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സർക്കാർ സഹായം കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്നേഹസാന്ത്വനം പദ്ധതിക്കായി പ്രഖ്യാപിച്ച പതിനഞ്ച് കോടി രൂപയുടെ സഹായം ഇനിയും ലഭ്യമായിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പെൻഷൻ വിതരണം അതത് മാസം കൃത്യമായി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ</u>**

2796 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ അർഹരായ ഗുണഭോക്താക്കളിലേക്ക് സമയബന്ധിതമായും ഫലപ്രദമായും എത്തിക്കുന്നതിനായി പഞ്ചായത്ത്, നഗരസഭ, ബ്ലോക്ക്, താലൂക്ക് തലങ്ങളിൽ പ്രത്യേക സംവിധാനങ്ങളോ നിർവഹണ ഓഫീസുകളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ താഴെത്തട്ടിൽ നടപ്പിലാക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അപേക്ഷകൾ സ്വീകരിക്കുന്നതിനും അർഹത പരിശോധിക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും നിലവിൽ ഏതെല്ലാം ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സേവനമാണ് പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ സാധാരണ ജനങ്ങളിലേക്കും പ്രത്യേകിച്ച് ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്‌ജെൻഡർ വ്യക്തികൾ, മറ്റു അർഹരായ ദുർബല വിഭാഗങ്ങൾ എന്നിവരിലേക്കും എത്തിക്കുന്നതിന് പ്രത്യേക ബോധവൽക്കരണ, ഏകോപന, നിരീക്ഷണ സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനരീതി വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ അർഹരായ എല്ലാവരിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുന്നതിനും ഗുണഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനുമായി തദ്ദേശതലത്തിൽ പ്രത്യേക ഉദ്യോഗസ്ഥരെയോ സംവിധാനങ്ങളെയോ നിയോഗിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>എൻഡോസൾഫാൻ രോഗികൾക്കുള്ള സൗജന്യ മരുന്ന് വിതരണം</u>**

2797 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ആകെ എത്ര പേരുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) അതിൽ എത്ര പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) അതിൽ എത്രപേർക്കാണ് സൗജന്യ മരുന്നു വിതരണം നൽകുന്നതെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) എൻഡോസൾഫാൻ രോഗികൾക്കുള്ള സൗജന്യ മരുന്ന് വിതരണം മുടങ്ങാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഇ) നടപടികൾ സ്വീകരിച്ചിട്ടും കഴിഞ്ഞ കുറച്ചു മാസങ്ങളായി സൗജന്യ മരുന്നു വിതരണം നടത്തുന്നില്ല എന്ന പരാതി നിലവിൽ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ആശ്വാസകിരണം പദ്ധതി**

2798 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മുഴുവൻ സമയ പരിചാരകനെ ആവശ്യമാംവിധം കിടപ്പിലായ രോഗികൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, ഗുരുതര രോഗമുള്ളവർ എന്നിവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി വഴി ലഭിക്കുന്ന പ്രതിമാസ ധനസഹായം മുടങ്ങാതെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; നിലവിൽ ഏത് മാസം വരെയുള്ള ധനസഹായമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

2799 **ശ്രീ. വി. മുരളീധരൻ**
**ശ്രീ. രാജീവ് ചന്ദ്രശേഖർ**
**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ ജസ്റ്റിസ് ആക്ട്, ആർ.പി.ഡബ്ല്യു.ഡി. ആക്ട് എന്നിവ പ്രകാരം കൗമാരപ്രായക്കാർക്കും ഭിന്നശേഷിയുള്ള വ്യക്തികൾക്കുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നുണ്ടെന്നും നിശ്ചിത കാലയളവുകളിൽ സുരക്ഷാ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൗമാരക്കാരുടെ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമായി ആവശ്യമായ സമയങ്ങളിൽ കൗൺസിലിംഗ് നൽകേണ്ടതിനായി ജുവനൈൽ ഹോമുകളിൽ വേണ്ടത്ര മാനസികാരോഗ്യ കൗൺസിലർമാർ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ കൗൺസിലർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഫിസിയോതെറാപ്പിസ്റ്റ് തുടങ്ങിയ തസ്തികകളിൽ ജോലിചെയ്യുന്നതിന്

ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടികൾ വ്യക്തമാക്കാമോ;

(ഡി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നാല്പത് ശതമാനത്തോളം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമ-പുനരധിവാസ പദ്ധതികൾ

2800 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ തുടങ്ങിയ വിഭാഗങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന പ്രധാന ക്ഷേമ-പുനരധിവാസ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ, സ്കോളർഷിപ്പുകൾ, സഹായ ഉപകരണങ്ങൾ, സ്വയംതൊഴിൽ വായ്പാ സബ്സിഡികൾ എന്നിവ ലഭിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങളും വിശദമാക്കാമോ;

(സി) കൊച്ചി മണ്ഡലത്തിൽ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷി വിഭാഗക്കാരുടെ പുനരധിവാസത്തിനും തൊഴിൽ നൈപുണ്യ പരിശീലനത്തിനുമായി നടപ്പ് സാമ്പത്തിക വർഷത്തിൽ പുതിയ പ്രത്യേക പദ്ധതികളും തെറാപ്പി സൗകര്യങ്ങളും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ, പുലിമുട്ട് നിർമ്മാണം

2801 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിൽ അധികമായി വന്ന പ്രവൃത്തികൾക്ക് കിഫ്ബി അനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് കടലാക്രമണം ചെറുക്കുന്നതിന് നിലവിലുള്ള പുലിമുട്ടുകൾ ശക്തിപ്പെടുത്തുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇവയുടെ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് സഹിതം വിശദമാക്കാമോ;

(സി) പരപ്പനങ്ങാടി ഫിഷിങ് ഹാർബർ, പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളുടെ പുരോഗതി ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

## ഫിഷറീസ് ഹാർബറുകൾ

2802 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരമേഖലയിൽ കൂടുതൽ ഫിഷറീസ് ഹാർബറുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഹാർബറുകൾ ആധുനികവത്കരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും നേരിടുന്ന പ്രതിസന്ധി

2803 **ശ്രീ. പി. പ്രസാദ്**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 600 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശത്തിന്റെ വിവിധ മേഖലകളെ ഏകോപിപ്പിച്ചു കൊണ്ട് സമുദ്രാധിഷ്ഠിത സമ്പദ് വ്യവസ്ഥ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ ഫലമായി കേരളത്തിലെ പത്ത് ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെയും അൻപത് ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെയും ഉപജീവനമാർഗ്ഗമായ മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും പ്രതിസന്ധിയിലാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വൻകിട തുറമുഖങ്ങൾ, സമുദ്രാധിഷ്ഠിത വ്യവസായ മേഖലകളിൽ ലോജിസ്റ്റിക് തുടങ്ങിയവയുടെ വളർച്ച പരമ്പരാഗത മത്സ്യബന്ധനത്തെയും മത്സ്യത്തൊഴിലാളികളെയും എങ്ങനെ ബാധിക്കുന്നുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) നൂറുശതമാനം മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന തീരദേശ ഗ്രാമങ്ങളിലെ ജനങ്ങളുടെ തൊഴിലിനേയും വരുമാനത്തെയും ബാധിക്കാത്ത വിധത്തിൽ ഈ പദ്ധതി നടപ്പിലാക്കുമോ; വിശദീകരിക്കുമോ?

## <u>കേരള മറൈൻ ഷിപ്പിംഗ് റെഗുലേഷൻ നിയമഭേദഗതി</u>

2804 **ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. കെ. പ്രേമൻ**

**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മറൈൻ ഷിപ്പിംഗ് റെഗുലേഷൻ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിയമ ഭേദഗതിക്ക് മുമ്പ് മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, ഈ മേഖലയിലെ സംഘടനകൾ എന്നിവരുടെ അഭിപ്രായങ്ങൾ പരിഗണിക്കുന്നതിന് സൗകര്യമൊരുക്കുമോ;

(സി) പ്രസ്തുത നിയമം ഭേദഗതി ചെയ്യുമ്പോൾ നിലവിലെ കാലാവസ്ഥാ വ്യതിയാനം കൂടി കണക്കിലെടുത്ത് മത്സ്യസമ്പത്ത് പരിപാലിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ?

## <u>മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്ന ലോബികൾ</u>

2805 **ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലെ ഫിഷ് ഫാമുകളിൽ തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനായി കേരളതീരത്തുനിന്നും മത്സ്യക്കുഞ്ഞുങ്ങളെ

കൊണ്ടുപോകുന്ന വൻകിട ലോബികൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിന് മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നതായുള്ള പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

(സി) മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്ന ഇത്തരം സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മത്സ്യത്തൊഴിലാളി സഹായ പദ്ധതി മാർഗ്ഗനിർദ്ദേശ പരിഷ്കരിക്കരണം</u>**

2806 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കെ ആകസ്മികമായി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗമെന്ന നിലയിൽ ആനുകൂല്യം ലഭ്യമാക്കുന്നതിന് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അറുപത് വയസ്സിനു മുൻപ് വിവിധ രോഗങ്ങൾ വന്ന് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഒരു കർമ്മ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

**<u>കടലിൽ കാണാതായവരെ കണ്ടെത്താൻ കേന്ദ്രസഹായം</u>**

2807 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് കടലിൽ കാണാതായ ജോണിന്റെ കുടുംബത്തിനെതിരെ ഉണ്ടായ സൈബർ ആക്രമണത്തിൽ മത്സ്യബന്ധന വകുപ്പ് എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ബി) മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് കാണാതായവരെ കണ്ടെത്താൻ സംസ്ഥാന സർക്കാർ കേന്ദ്രസഹായം തേടിയിരുന്നോ;

വിശദമാക്കാമോ;

(സി) വിഴിഞ്ഞത്ത് കടലിൽ കാണാതായവരെ എത്രദിവസം കഴിഞ്ഞാണ് കണ്ടെത്താൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ?

**മുനക്കക്കടവ് ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥലമെടുപ്പ് നടപടി**

2808 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളും അവയുടെ പുരോഗതിയും വിശദമാക്കാമോ;

(ബി) 2026-27 സാമ്പത്തിക വർഷത്തിൽ 20% തുക അനുവദിച്ച മുനക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള റോഡ് പുനരുദ്ധാരണ പദ്ധതി**

2809 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള റോഡ് പുനരുദ്ധാരണ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**മിനി ഫിഷ് ലാൻഡിംഗ് സെന്റർ**

2810 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നീർക്കടവിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന മിനി ഫിഷ് ലാൻഡിംഗ് സെന്ററുമായി ബന്ധപ്പെട്ട പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചതിനുശേഷം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

**മത്സ്യ സമൃദ്ധി പദ്ധതി**

2811 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലുമുള്ള ആളുകളുടെ ഇഷ്ടവും രുചിതാൽപര്യവും അനുസരിച്ച് മീനുകളെ വളർത്തുന്ന മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് നടക്കുന്ന വിവിധ മത്സ്യകൃഷി പദ്ധതികളെ ഏകോപിപ്പിച്ചും ശാസ്ത്രീയമായി പുനരാവിഷ്കരിച്ചുമാണോ പദ്ധതി നടപ്പാക്കുകയെന്ന് അറിയിക്കുമോ;

(സി) പുതിയ പദ്ധതി പ്രകാരം ഓരോ ജില്ലക്കാരുടെയും അഭിരുചിക്കനുസരിച്ചുള്ള മത്സ്യകൃഷിയാണോ ലക്ഷ്യമെന്ന് വ്യക്തമാക്കുമോ; പുതിയ പദ്ധതിയിൽ വകുപ്പ് മുന്നോട്ട് വയ്ക്കുന്ന 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി' എന്ന ആശയത്തെക്കുറിച്ച് വിശദമാക്കുമോ?

**<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന സഹായങ്ങൾ</u>**

2812 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളിയെ കാണാതായതിനെ തുടർന്ന് കുടുംബത്തിന്റെ ഏക വരുമാനമാർഗം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിലെ ആശ്രിതർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(സി) മത്സ്യബന്ധനത്തിനിടെ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, ഭവനം തുടങ്ങിയ

മേഖലകളിൽ പ്രത്യേക സഹായം നൽകുന്ന പദ്ധതിയുണ്ടോ; ഈ കുടുംബങ്ങൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയോ മുൻഗണനയോ ഉണ്ടോ; വ്യക്തമാക്കാമോ;

(ഡി) കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് പുതിയ പദ്ധതി സർക്കാർ പരിഗണിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവന പദ്ധതി</u>

2813 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പാർപ്പിടപ്രശ്നത്തിന് പ്രത്യേക പരിഹാരം ലക്ഷ്യമിട്ടുള്ള ഭവനപദ്ധതിയുടെ പ്രവർത്തനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) നിലവിലെ ലൈഫ് ഭവന പദ്ധതിയിൽ നിന്ന് മത്സ്യത്തൊഴിലാളികളെ ഒഴിവാക്കി കൂടുതൽ ആനുകൂല്യങ്ങളോടെ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) പദ്ധതിയുടെ രൂപരേഖ, ഗുണഭോക്താക്കളുടെ മാനദണ്ഡം, ധനസഹായം, ഭൂമിയില്ലാത്ത കുടുംബങ്ങൾക്കുള്ള പാക്കേജ് തുടങ്ങിയവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## <u>കടലിൽ കാണാതായ മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം</u>

2814 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളുടേയും നഷ്ടപരിഹാരത്തിന്റേയും നിലവിലെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാണാതായ മത്സ്യത്തൊഴിലാളിയെ പിന്നീട് മരിച്ചതായി സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരം ലഭിക്കാൻ എന്തെല്ലാം രേഖകളും നടപടിക്രമങ്ങളും ആവശ്യമാണെന്ന് വിശദമാക്കാമോ;

(സി) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും വള്ളങ്ങളും കണ്ടെത്തുന്നതിനായി സാറ്റലൈറ്റ്, ജി.പി.എസ്., ട്രാക്കിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടോ;

(ഡി) മത്സ്യബന്ധന ബോട്ടുകളിൽ വെസൽ മോണിറ്ററിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; നിലവിൽ എത്ര ബോട്ടുകളിൽ ഈ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>**മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ പ്ലാറ്റ്ഫോം**</u>

2815 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും നടപ്പാക്കാൻ വിഭാവനം ചെയ്യുന്ന മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി മത്സ്യവിത്ത്, മത്സ്യത്തീറ്റ, മത്സ്യവിൽപ്പന എന്നിവയ്ക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) മത്സ്യകൃഷിക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഉൽപ്പാദനത്തിന് ആനുപാതികമായി ഉൽപ്പാദന ബോണസ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) എല്ലാ മത്സ്യഫാമുകൾക്കും രജിസ്ട്രേഷനും ക്യു.ആർ. കോഡോടുകൂടിയ സർട്ടിഫിക്കറ്റും ഏർപ്പെടുത്തി, ഉൽപ്പന്നത്തിന്റെ ഉറവിടം തിരിച്ചറിയാൻ കഴിയുന്ന ട്രേസബിലിറ്റി സംവിധാനം നടപ്പാക്കുമോ; വ്യക്തമാക്കാമോ;

(ഡി) വരാൽ, ആറ്റുകൊഞ്ച്, കരിമീൻ തുടങ്ങിയവയ്ക്ക് ജിയോ ടാഗിങ് ഏർപ്പെടുത്തുമോ; ഇതുവഴി വിൽപ്പനയ്ക്കെത്തിക്കുന്ന മത്സ്യം ഏത് പ്രദേശത്തുനിന്നുള്ളതാണെന്നും എപ്പോഴാണ്

പിടിച്ചതെന്നുമുൾപ്പെടെയുള്ള വിവരങ്ങൾ വാങ്ങുന്നയാൾക്ക് ലഭ്യമാക്കാൻ കഴിയുമോ; വിശദമാക്കുമോ?

**ഉൾനാടൻ ജലാശയങ്ങളുടെ സംരക്ഷണവും മത്സ്യസമ്പത്തിന്റെ വർധനവും**

2816 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളായ കായലുകൾ, നദികൾ, തോടുകൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണം, അവയിലെ മത്സ്യസമ്പത്തിന്റെ നിലനിൽപ്പും വർധനവും, അനധികൃത മത്സ്യബന്ധനം തടയൽ, മത്സ്യസമ്പത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തൽ, മത്സ്യങ്ങളുടെ പ്രജനനകേന്ദ്രങ്ങളുടെയും സ്വാഭാവിക ആവാസവ്യവസ്ഥകളുടെയും സംരക്ഷണം എന്നിവയ്ക്കായി പഠനങ്ങൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, തദ്ദേശീയ മത്സ്യയിനങ്ങളുടെ സംരക്ഷണം, മത്സ്യപ്രജനന കേന്ദ്രങ്ങളുടെ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ;

(സി) നിരോധിത മത്സ്യബന്ധന ഉപകരണങ്ങളുടെ ഉപയോഗം, നിയമവിരുദ്ധമായ മത്സ്യബന്ധനം, മത്സ്യങ്ങളുടെ പ്രജനനകാലത്തെ അനിയന്ത്രിതമായ പിടിത്തം എന്നിവ തടയുന്നതിനും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനും പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജലാശയങ്ങളുടെ സംരക്ഷണത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും സമഗ്രമായ പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ?

**കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ**

2817 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് കടലിൽ മത്സ്യബന്ധനത്തിനിടെ കാണാതായ മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വർഷം, ജില്ല, മത്സ്യബന്ധന തുറമുഖം എന്നിവ തിരിച്ച് വിശദാംശം നൽകുമോ;

(ബി) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളിൽ ഇതുവരെ കണ്ടെത്താനാകാത്തവരുടെ എണ്ണം എത്ര; അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികൾക്കായി നടത്തുന്ന തിരച്ചിൽ എത്ര ദിവസം വരെ തുടരണമെന്നതിന് നിലവിൽ നിശ്ചിത മാനദണ്ഡം ഉണ്ടോ; വിശദമാക്കാമോ?

**<u>വിഷരഹിത മത്സ്യങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി</u>**

2818 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഗ്രാമീണ മേഖലകളിൽ മത്സ്യകൃഷിക്കായി ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് വിഷരഹിത മത്സ്യലഭ്യത ഉറപ്പാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കുമോ?

**<u>കടയ്ക്കൽ ഫിഷ് മാർക്കറ്റ്</u>**

2819 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച കടയ്ക്കൽ ഫിഷ് മാർക്കറ്റ് നവീകരണ പ്രവർത്തനം പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിലുണ്ടായ അശാസ്ത്രീയത പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിർമ്മാണ

പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കടയ്ക്കൽ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൈമാറിയിരുന്ന പ്രദേശത്ത് നിന്നും കോൺട്രാക്ടർക്ക് നാശനഷ്ടങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടം പരിഹാരം നൽകുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>**മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം നിർമ്മാണ പുരോഗതി**</u>

2820 **ശ്രീ. വി. ജോയി**

**ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ വികസനത്തിനായി മുൻ സർക്കാർ ഭരണാനുമതി നൽകിയ 177 കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) തിരുവനന്തപുരം പൂന്തുറയിൽ ഇന്ത്യയിലാദ്യമായി ജിയോട്യൂബ് ഉപയോഗിച്ച് നിർമ്മിച്ച ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി മറ്റ് തീരപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) വിഴിഞ്ഞത്ത് 271 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ മുൻ സർക്കാർ വിഭാവനം ചെയ്ത പുതിയ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ത് കാരണത്താലാണ് വൈകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മുൻ സർക്കാർ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയാക്കുന്നതിന് പകരം കഴിഞ്ഞ അഞ്ച് മാസമായി തീരദേശ മേഖലയിലെ വികസനം പൂർണ്ണമായും സ്തംഭിപ്പിച്ചിരിക്കുകയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>**മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതി**</u>

2821 **ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മത്സ്യകൃഷി പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രാദേശിക രുചി താല്പര്യങ്ങൾ കണക്കിലെടുക്കാതെ രൂപം നൽകിയിട്ടുള്ളവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത പരിമിതി മറികടക്കാൻ ലക്ഷ്യമിട്ട് മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഉദ്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ വിപണനത്തിനായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ശീതീകരിച്ച മത്സ്യവിപണന സ്റ്റാളുകൾ**

2822 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ പൊതുജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ മത്സ്യം ലഭ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ശീതീകരിച്ച മത്സ്യവിപണന സ്റ്റാളുകൾ (ഫിഷ് സ്റ്റാൾസ്/മൊബൈൽ ഫിഷ് മാർട്ട്സ്) സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ശീതീകരിച്ച മത്സ്യവിപണന സ്റ്റാളുകൾ പുതിയതായി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ**

2823 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രവിഭവങ്ങളുടെ സുസ്ഥിര വിനിയോഗം, മത്സ്യബന്ധന മേഖലയുടെ വികസനം, തീരദേശ ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ട് ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സെൽ രൂപീകരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും അതിന്റെ പ്രവർത്തനപരിധി ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) മത്സ്യബന്ധനം, മത്സ്യസംസ്കരണം, സമുദ്രഗവേഷണം, സമുദ്രവിഭവാധിഷ്ഠിത വ്യവസായങ്ങൾ, സമുദ്രവിനോദസഞ്ചാരം തുടങ്ങിയ മേഖലകളുടെ ഏകോപിത വികസനത്തിനായി ഈ സെൽ മുഖേന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള ഷീ - സ്കൂട്ടർ പദ്ധതി</u>**

2824 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിൽപ്പന നടത്തി ഉപജീവനം നടത്തുന്ന സ്ത്രീകളുടെ തൊഴിൽസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഗതാഗതച്ചെലവ് കുറയ്ക്കുന്നതിനുമായി ഇലക്ട്രിക് സ്കൂട്ടർ സഹായ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് ഇലക്ട്രിക് സ്കൂട്ടർ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇലക്ട്രിക് സ്കൂട്ടർ

വാങ്ങുന്നതിനായി ഗുണഭോക്താക്കൾക്ക് എത്ര തുക ധനസഹായമായി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും സബ്സിഡി, വായ്പ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി സ്കൂട്ടറുകൾക്കൊപ്പം മത്സ്യവിൽപ്പനയ്ക്ക് ആവശ്യമായ ശീതീകരണ സംഭരണ സൗകര്യങ്ങളും സംവിധാനങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ</u>

2825 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളും പ്രകൃതിദുരന്തങ്ങളും മൂലം ആഴക്കടലിലും തീരപ്രദേശങ്ങളിലും മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ അപകടത്തിൽപ്പെട്ട് മരണപ്പെടുകയോ കാണാതാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകി വരുന്ന ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി, മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കോ യോഗ്യരായ ആശ്രിതർക്കോ സർക്കാർജോലി നൽകുന്നത് സംബന്ധിച്ച് പ്രത്യേക പദ്ധതികളോ നയപരമായ തീരുമാനങ്ങളോ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) കടൽ അപകടങ്ങൾ മുൻകൂട്ടി അറിയുന്നതിനും ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കുടുംബങ്ങൾക്ക് അടിയന്തര സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനും എന്തെല്ലാം സുരക്ഷാ-ക്ഷേമ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

<u>മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനം</u>

2826 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുരുഷന്മാരെ ആശ്രയിക്കാതെ സ്ത്രീകൾക്ക് സ്വന്തമായി വരുമാനം കണ്ടെത്താൻ കഴിയുന്ന അവസ്ഥയിലേക്ക് എത്തിക്കുന്ന പദ്ധതികളിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻഗണന നൽകുമോ; വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളി വനിതകളെ സംരംഭകരാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ) നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; സാഫിന്റെ നിലവിലുള്ള 1800 യൂണിറ്റുകൾ 3000 ആയി വർധിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

**<u>മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ</u>**

2827 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന മത്സ്യം സംഭരിക്കുന്നതിനും മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി ബേപ്പൂർ നിയോജകമണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ്, ഫിഷ് പ്രോസസിങ് യൂണിറ്റ്, ആധുനിക മത്സ്യമാർക്കറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി ബേപ്പൂർ കേന്ദ്രീകരിച്ച് കൂടുതൽ സുരക്ഷാ സൗകര്യങ്ങൾ ഒരുക്കുമോ; വ്യക്തമാക്കാമോ?

**<u>മത്സ്യബന്ധന യാനങ്ങളുടെ സുരക്ഷ</u>**

2828 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന യാനങ്ങളുടെ സുരക്ഷയ്ക്കായി ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ച് മാസമായി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാർ വിതരണം ചെയ്ത ജി.പി.എസ്, വി.എച്ച്.എഫ് (വെരി ഹൈ ഫ്രീക്വൻസി), മറൈൻ റേഡിയോകൾ എന്നിവയ്ക്ക് പുറമെ ആഴക്കടൽ മത്സ്യബന്ധന സുരക്ഷ വർദ്ധിപ്പിക്കാൻ പുതിയ സർക്കാർ എന്തെല്ലാം ഉപകരണങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാലാവസ്ഥാ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായവും ദുരിതാശ്വാസ വിതരണവും നിലവിൽ മുടങ്ങിക്കിടക്കുകയാണോ; വിശദമാക്കാമോ;

(ഡി) മുൻ സർക്കാർ മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് തുക 5 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി ഉയർത്തിയതിന് ശേഷം സുരക്ഷാ മേഖലയിൽ ഈ സർക്കാർ നൂറുദിന പരിപാടിയിൽ പുതിയതായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കടലിൽ മത്സ്യത്തൊഴിലാളികളെ കാണാതാകുന്ന സംഭവം

2829 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധത്തിനിടെ കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

## മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവനപദ്ധതി

2830 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവനപദ്ധതി മുഖാന്തിരം മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മത്സ്യതൊഴിലാളികൾക്കായി പ്രത്യേക ഭവന പദ്ധതി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

## മത്സ്യത്തൊഴിലാളികൾക്കായുള്ള പ്രത്യേക ഭവന പദ്ധതി

2831 **ശ്രീ. നജീബ് കാന്തപുരം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വിവരങ്ങൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**സുരക്ഷിത ഭവനങ്ങളുടെ നിർമ്മാണം**</u>

2832 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ ക്ഷോഭവും കടലാക്രമണവും നിമിത്തം അപകടാവസ്ഥയിലുള്ള ഭവനങ്ങളുള്ള തീരദേശവാസികൾക്ക് സുരക്ഷിത ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>**തേവര ഫിഷറീസ് സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ**</u>

2833 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ തേവര ഫിഷറീസ് സ്കൂളിന്റെ നിലവിലെ അപര്യാപ്തമായ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>**മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസവും പ്രവേശന പരീക്ഷാ പരിശീലനവും**</u>

2834 **ശ്രീ. എ. സി. മൊയ്തീൻ**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനും പ്രവേശന പരീക്ഷാ പരിശീലനത്തിനും സഹായം നൽകുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ വിദ്യാതീരം പദ്ധതി ഈ സർക്കാരും തുടരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മെഡിക്കൽ, ഐ.ഐ.ടി. പ്രവേശന പരീക്ഷകൾക്ക് സഹായം നൽകുന്ന ഈ പദ്ധതിക്കു പുറമേ തീരദേശ യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരള നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്ന തൊഴിൽ തീരം പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനും പോസ്റ്റ് മെട്രിക് കോഴ്സുകൾക്കും നൽകിവരുന്ന സ്കോളർഷിപ്പുകളുടെ വിതരണം നിലവിൽ യഥാസമയം നടക്കുന്നുണ്ടോയെന്നും ഈ സർക്കാർ നൂറുദിന പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ പുതിയതായി എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്നും വിശദമാക്കാമോ?

## <u>പുനർഗേഹം പദ്ധതി</u>

2835 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണഭീഷണി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച പുനർഗേഹം പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് മാസത്തിനിടെ എത്ര കുടുംബങ്ങൾക്ക് വീടുകളോ ഫ്ലാറ്റുകളോ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 22,174 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്ന ഈ ബൃഹദ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ കുറച്ച് മാസങ്ങളായി

മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുൻ സർക്കാർ തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിച്ച 400 ഫ്ലാറ്റുകളുള്ള 'പ്രത്യാശ' ഭവന സമുച്ചയത്തിന് സമാനമായി പുതിയ ഏതെങ്കിലും പാർപ്പിട സമുച്ചയങ്ങൾ ഈ സർക്കാർ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) മുൻ സർക്കാർ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ 16,798 വീടുകളുടെ പൂർത്തീകരണമല്ലാതെ, ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് കിടപ്പാടം ഉറപ്പാക്കാൻ സ്വന്തം നിലയ്ക്ക് പുതുതായി എന്ത് നയങ്ങളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മത്സ്യക്കൊള്ള

2836 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ പിടികൂടി അന്യസംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു പോകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുകയുണ്ടായോ;

(ബി) അന്യസംസ്ഥാനങ്ങളിലെ ഫിഷ് ഫാമുകളിൽ വൻ മത്സ്യങ്ങൾക്ക് തീറ്റയായി നല്കാനാണ് ഇവയെ പ്രധാനമായും കടത്തിക്കൊണ്ടുപോകുന്നത് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂടാതെ ലക്ഷങ്ങൾ വിലമതിക്കുന്ന ഫിഷ് പൗഡറും ഫിഷ് ഓയിലും നിർമ്മിക്കാൻ ഈ മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗപ്പെടുത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

(ഡി) സംസ്ഥാനത്തിലെ മത്സ്യസമ്പത്തിനെ തന്നെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന ഈ മത്സ്യകൊള്ളയ്ക്ക് തടയിടാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## അന്തിപ്പച്ച പദ്ധതി

2837 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് മുഖേന നടത്തി വരുന്ന അന്തിപ്പച്ച പദ്ധതിയുടെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യങ്ങളും വിവരിക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ആലത്തൂർ മണ്ഡലത്തിലെ ഈ പദ്ധതിയുടെ പുരോഗതി വിവരിക്കാമോ?

## ആധുനിക മത്സ്യ മാർക്കറ്റ് കോംപ്ലക്സ്

2838 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ മൈലം പഞ്ചായത്തിൽ ആധുനിക മത്സ്യ മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിനായി 2025-26 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്നോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഫിഷറീസ് ഡയറക്ടർ ഭരണാനുമതിക്കായി സമർപ്പിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

## താമരക്കുളം മാർക്കറ്റിന്റെ നിർമ്മാണം

2839 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി തുക വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന താമരക്കുളം മാർക്കറ്റിന്റെ തൽസ്ഥിതി വിശദമാക്കുമോ;

(ബി) ഈ നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ അവ തരണം ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ?

## ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും

2840 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ പായിപ്പാട്, വാഴപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെയും എ.സി. കനാൽ, സമീപത്തെ തോടുകൾ എന്നിവ ആശ്രയിച്ച് കഴിയുന്ന ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളുടെ കൃത്യമായ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ജലാശയങ്ങളിൽ ആഫ്രിക്കൻ പായൽ, പോള, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ കാരണം ഉൾനാടൻ മത്സ്യസമ്പത്ത് നശിക്കുന്നതും മത്സ്യബന്ധനം തടസ്സപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത മണ്ഡലത്തിലെ ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) ട്രോളിങ് നിരോധന കാലയളവിലും പ്രകൃതിദുരന്ത വേളകളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സൗജന്യ റേഷൻ, ആശ്വാസ ധനസഹായം എന്നിവ ചങ്ങനാശ്ശേരി മണ്ഡലത്തിലെ അർഹരായ മുഴുവൻ തൊഴിലാളികൾക്കും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ നിലവിലുള്ള ക്ഷേമപദ്ധതികളും (ആരോഗ്യ ഇൻഷുറൻസ്, ഭവന നിർമ്മാണം മുതലായവ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിനായി അനുവദിച്ച പുതിയ ആനുകൂല്യങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

### ഫിഷിംഗ് ഹാർബർ നിർമ്മാണം

2841 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ചിലക്കൂർ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) വർക്കല-വെട്ടൂർ-റാത്തിക്കൽ മേഖലയിൽ ഹാർബർ നിർമ്മിക്കുന്നതിന് നടപടികൾ ഏതെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മിനി ഹാർബറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി**

2842 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മിനി ഹാർബർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള മിനി ഹാർബറുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ സാധ്യത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച മിനി ഹാർബറിന്റെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത മിനി ഹാർബർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് പുതിയ മിനി ഹാർബറുകളുടെ സാധ്യതാ പഠനത്തിന് വിദഗ്ധ സമിതിയെ നിയോഗിക്കുമോ; വിശദമാക്കുമോ?

**മത്സ്യബന്ധന വകുപ്പിന്റെ താനൂരിലെ വിവിധ പ്രവൃത്തികൾ**

2843 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ് താനൂർ മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർ മത്സ്യബന്ധന തുറമുഖത്ത് ഫ്ലോട്ടിംഗ് ജട്ടികളുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച പ്രപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്) പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർ ഹാർബറിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട

സർക്കാരിൽ സമർപ്പിച്ച പ്രപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ചോമ്പാൽ ഹാർബറിന്റെ നവീകരണ പ്രവർത്തനങ്ങൾ**

2844 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിലെ ചോമ്പാൽ ഹാർബറിൽ ഏറ്റവും ഒടുവിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നതെന്നാണെന്നും എന്തൊക്കെ പ്രവൃത്തികളാണ് അന്ന് നടപ്പാക്കിയതെന്നും വ്യക്തമാക്കുമോ;

(ബി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പ്രസ്തുത ഹാർബറിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ചെലവഴിച്ച ആകെ തുക എത്രയാണെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഹാർബറുകളിൽ സാധാരണയായി എത്ര വർഷം കൂടുമ്പോഴാണ് ഡ്രെഡ്ജിംഗ് നടത്താറുള്ളതെന്നും ചോമ്പാൽ ഹാർബറിൽ ഏറ്റവും ഒടുവിൽ ഡ്രെഡ്ജിംഗ് നടത്തിയതെന്നാണെന്നും വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ചോമ്പാൽ ഹാർബറിൽ അടിയന്തരമായി ഡ്രെഡ്ജിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ച ആരിക്കാടി റിവർ ട്രെയിനിംഗ് പ്രവൃത്തി**

2845 **ശ്രീ. എ. കെ. എം. അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ച ആരിക്കാടി റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് സി.ആർ.ഇസഡ് അനുമതി ലഭിക്കാത്തതിനാൽ മുൻപ് പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി/ ടെൻഡർ റദ്ദാക്കേണ്ടി വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഈ പ്രവൃത്തിക്കായി സി.ആർ.ഇസഡ് അനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആരിക്കാടി റിവർ ട്രെയിനിംഗ് പ്രവൃത്തി ഉടൻ ടെൻഡർ ചെയ്ത് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 20, ചൊവ്വ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].